# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പൊന്നാനി മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSAMPM21/446/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 24/03/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പൊന്നാനി മുനിസിപ്പാലിറ്റി

സർ,

വിഷയം : പൊന്നാനി മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പൊന്നാനി മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ഡയറക്ടർ, നഗരകാര്യ വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
3) റീജിയണൽ ജോയിന്റ് ഡയറക്ടർ, കോഴിക്കോട് (ഉ.പ.സ),
4) സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്,തിരുവനന്തപുരം (ഉ.പ.സ),
5) കാര്യാലയ പകർപ്പ്.

നമ്പർ: KSAMPM21/446/2023 തീയ്യതി: 24/03/2023

## മലപ്പുറം ജില്ലയിലെ പൊന്നാനി മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ പൊന്നാനി മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 04-07-2022 മുതൽ 23-02-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 48 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 07-03-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സതീഷ് മാവേലി പുത്തൻവീട് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 24-02-2023 | 07-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 24-02-2023 | 07-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി | തീയതി (വരെ) |
|---|---|---|---|

| | | (മുതൽ) | |
|---|---|---|---|
| ശ്രീ.ശിവദാസൻ,ആറ്റുപുറത്ത് | ചെയർമാൻ | 01-04-2021 | 31-03-2022 |
| ശ്രീ.എൻ.കെ.ഹരീഷ് | സെക്രട്ടറി | 01-04-2021 | 06-07-2021 |
| ശ്രീ.സുജിത്ത് ഗോപിനാഥ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 07-07-2021 | 11-07-2021 |
| ശ്രീ.മനോജ്കുമാർ | സെക്രട്ടറി | 12-07-2021 | 01-10-2021 |
| ശ്രീ.സുജിത്ത് ഗോപിനാഥ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 02-10-2021 | 06-03-2022 |
| ശ്രീ.അരുൺ.കെ.എസ് | സെക്രട്ടറി | 07-03-2022 | 31-03-2022 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.അശോകൻ.പി.കെ | പട്ടികജാതി വികസന ഓഫീസർ-ഗ്രേഡ്-2 | 01-04-2021 | 31-01-2022 |
| ശ്രീ.റിയാസ്.എ.കെ | പട്ടികജാതി വികസന ഓഫീസർ-ഗ്രേഡ്-2 | 01-02-2022 | 31-03-2022 |
| ഒഴിവ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 20-04-2021 |
| ശ്രീ.വിനിത.ഒ.വി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 21-04-2021 | 05-11-2021 |
| ശ്രീ.നീന.കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10-11-2021 | 31-03-2022 |
| ഒഴിവ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 06-11-2021 | 09-11-2021 |
| ഡോ.സിനി സുകുമാരൻ | വെറ്ററിനറി സർജൻ,വെറ്ററിനറി ഹോസ്പിറ്റൽ | 01-04-2021 | 31-03-2022 |
| ഡോ.ആൻകിരസ് | വെറ്ററിനറി സർജൻ,വെറ്ററിനറി ഡിസ്പെൻസറി | 01-04-2021 | 20-12-2021 |
| | | 19-02-2022 | 31-03-2022 |
| ഡോ.ശിവനാരാ?ണൻ | വെറ്ററിനറി സർജൻ,വെറ്ററിനറി ഡിസ്പെൻസറി | 21-12-2021 | 18-02-2022 |

| | | | |
|---|---|---|---|
| ശ്രീമതി.ജസീന മജീദ് | പ്രൊജക്റ്റ് ഓഫീസർ | 01-04-2021 | 03-01-2022 |
| ശ്രീ.മോഹനൻ പി | പ്രൊജക്റ്റ് ഓഫീസർ | 04-01-2022 | 31-03-2022 |
| ശ്രീ.സ്വാമിനാഥൻ എം | ഹെൽത്ത് ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ.ശ്രീജേഷ്.കെ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |
| ഡോ.ആഷിക് അമൻ പി വി | മെഡിക്കൽ ഓഫീസർ, പി.എച്ച്സി | 01-04-2021 | 31-03-2022 |
| ഡോ.തഹ്സീൻ.കെ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2021 | 31-03-2022 |
| ഡോ.ആർ.വി.പിങ്കി | മെഡിക്കൽ ഓഫീസർ-ആയുർവേദ ഡിസ്പെൻസറി, ഈഴുവത്തിരുത്തി | 01-04-2021 | 31-03-2022 |
| ഡോ.ജയ്നി.പി | മെഡിക്കൽ ഓഫീസർ-ആയുർവേദ ഹോസ്പിറ്റൽ | 01-04-2021 | 31-03-2022 |
| ഡോ.ഷാജ് കുമാർ | സൂപ്രണ്ട് താലൂക്ക് ഹോസ്പിറ്റൽ പൊന്നാനി | 01-04-2021 | 31-03-2022 |
| ശ്രീ.സുജിത്ത് ഗോപിനാഥ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ.മധു.പി | പ്രിൻസിപ്പാൾ | 01-04-2021 | 17-11-2021 |
| ശ്രീ.അഷറഫ്.ഇ | പ്രിൻസിപ്പാൾ | 18-11-2021 | 31-03-2022 |
| ശ്രീ.ശിവപ്രസാദ് | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം | 1-4 |
| 5 | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് അപാകത | 1-4-1 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് പരിശോധന | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | വാർഷിക കണക്ക് പരിശോധന – അപാകതകൾ. | 1-11 |
| 13 | രസീതി കളക്ഷൻ ക്രമ പ്രകാരമല്ല | 1-12 |
| 14 | വരവിനങ്ങളുടെ ഡിമാന്റ്-പിരിവ് അപാകതകൾ | 1-13 |
| 15 | കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്. | 1-14 |
| 16 | തൊഴിൽ നികുതി ഈടാക്കാൻ അവശേഷിക്കുന്നു | 1-15 |
| 17 | വാടക ഈടാക്കാൻ അവശേഷിക്കുന്നു. | 1-16 |
| 18 | വസ്തു നികുതി കളക്ഷനിലെ അപാകത | 1-17 |
| 19 | ലൈസൻസ് കളക്ഷനിലെ അപാകത | 1-18 |
| 20 | പരസ്യനികുതി-കുടിശ്ശിക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-19 |
| 21 | അഡ്വാൻസ് തുക തിരിച്ചടക്കാൻ അവശേഷിക്കുന്നു. | 1-20 |
| 22 | പ്രിൻസിപ്പാൾ നടപ്പാക്കിയ പ്രൊജക്ട്-ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല | 1-21 |
| 23 | സർക്കാർ ഉത്തരവ് പാലിക്കാതെ ARTCO യിൽ നിന്നു സാധനങ്ങൾ വാങ്ങി | 1-22 |
| 24 | സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. | 1-23 |
| 25 | അംഗനവാടി പോഷകാഹാരവിതരണം- രേഖകൾ ഹാജരാക്കിയിട്ടില്ല | 1-24 |
| 26 | അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ- അപാകതകൾ | 1-25 |
| 27 | കുടിവെള്ള വിതരണ പദ്ധതി - അപാകതകൾ | 1-26 |
| 28 | ഹരിതസഹായ സ്ഥാപനത്തിന് തുക അനുവദിക്കൽ - ഫയൽ ഹാജരാക്കിയിട്ടില്ല | 1-27 |

| | | |
|---|---|---|
| 29 | സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നതിലെ അപാകത | 1-28 |
| 30 | ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനു നടപടി സ്വീകരിക്കേണ്ടതാണ് | 1-29 |
| 31 | മത്സ്യത്തൊഴിലാളി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം - അപാകതകൾ | 1-30 |
| 32 | മരുന്നുകൾ/ഉപകരണങ്ങൾ മുഴുവനായും ലഭ്യമായില്ല | 1-31 |
| 33 | പട്ടികജാതി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് - അധികം നൽകിയ തുക തിരിച്ചടവാക്കേണ്ടതാണ്. | 1-32 |
| 34 | ഡ്രൈനേജ് കോൺക്രീറ്റ് അധിക നിരക്ക് നൽകി -44027രൂപയുടെ നഷ്ടം | 1-33 |
| 35 | മരാമത്ത് പ്രവൃത്തികൾ നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാത്ത കരാറുകാരനിൽ നിന്ന് നിയമാനുസൃതം ഈടാക്കേണ്ട പിഴ 233530 രൂപ ഈടാക്കിയില്ല | 1-34 |
| 36 | ഡ്രൈനേജ് ഡിമോളിഷൻ - അധിക നിരക്ക് നൽകിയത് സംബന്ധിച്ച് | 1-35 |
| 37 | മരാമത്ത് പ്രവൃത്തികളുടെ അളവു പുസ്തകങ്ങൾ പരിശോധനക്ക് ഹാജരാക്കിയില്ല- 1468616 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 1-36 |
| 38 | മരമാമത്ത് ഫയലുകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ് | 1-37 |
| 39 | അസിസ്റ്റന്റ് എഞ്ചിനീയർ- കണക്കിൽ പെടാത്ത പണം അക്കൗണ്ടിൽ അവശേഷിക്കുന്നു. | 1-38 |
| 40 | അസിസ്റ്റന്റ് എഞ്ചിനീയർ കാഷ്ബുക്ക് ശരിയായി എഴുതിയിട്ടില്ല. | 1-39 |
| 41 | പൊതു മരാമത്ത് പ്രവൃത്തികൾ - പൊതു അപാകതകൾ | 1-40 |
| 42 | വർക്കിംഗ് ഗ്രൂപ്പ് യോഗം: വിശകലനം | 1-41 |
| 43 | സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണ രജിസ്ട്രേഷനു ശേഷവും വിതരണം നടത്തി | 1-42 |
| 44 | കേരള വാട്ടർ അതോറിട്ടിയിലേക്ക് ഡെപ്പോസിറ്റ് ചെയ്തത്- പൂർത്തീകരണ വിവരവും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കിയില്ല | 1-43 |
| 45 | ലൈബ്രറി സെസ്സ് പിരിവ് തുക വക മാറ്റി ചെലവഴിക്കുന്നു. | 1-44 |
| 46 | കോവിഡ് സെന്ററിലേക്കുള്ള പർച്ചേസ് -സ്റ്റോക്ക് വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. | 1-45 |
| 47 | CFLTC പ്രവർത്തനം അവസാനിച്ചിട്ടും ചെലവുകണക്കുകൾ ക്രമീകരിച്ചില്ല. | 1-46 |
| 48 | ഗാർഹിക കുടിവെള്ള കണക്ഷൻ- അർഹതാ രേഖകൾ ഹാജരാക്കേണ്ടതാണ്. | 1-47 |
| 49 | നഗരസഭയിലെ താൽക്കാലിക നിയമനങ്ങൾക്ക് -സർക്കാർ സാധൂകരണം ലഭ്യമാക്കേണ്ടതാണ്. | 1-48 |
| 50 | വാട്ടർ അതോറിറ്റി ബിൽ;സംയുക്ത പരിശോധനക്ക് ശേഷം തുടർനടപടി സ്വീകരിക്കാത്തത് | 1-49 |

| | | |
|---|---|---|
| 51 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി - അവലോകനം | 1-50 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | ഡ്രൈനേജ് കോൺക്രീറ്റ് അധിക നിരക്ക് നൽകി -44173 രൂപയുടെ നഷ്ടം | 3-1 |
| 2 | ഡ്രൈനേജ് ഡിമോളിഷൻ - അധിക നിരക്ക് നൽകി- 58697/- രൂപ നഷ്ടം | 3-2 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

| 2021-22 ലെ ബജറ്റ് പാസാക്കിയ തിയ്യതി | ബജറ്റ് പുതുക്കിയ തിയ്യതി |
|---|---|
| 10.03.2021 ലെ തീരുമാനം നമ്പർ 1 | 31.03.2022 ലെ തീരുമാനം നമ്പർ 1 |

## 1-2 വാർഷിക ധനകാര്യ പത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തിയതി |
|---|---|---|
| 2021-22 | 31-07-2022 | 30-07-2022 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 65462048.92 |
| വരവ് | 425921441 |
| ആകെ | 491383489 |
| ചെലവ് | 395124092 |
| നീക്കിയിരിപ്പ് | 96259397.92 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 74665600 | 74665600 | 74658715 | 6885 |
| വികസന ഫണ്ട് (SCP) | 0 | 16820333 | 16820333 | 11920294 | 4900039 |
| വികസന ഫണ്ട് (TSP) | 0 | 0 | 0 | 0 | 0 |
| സെൻട്രൽ ഫിനാൻസ് ഗ്രാന്റ് Un- Tied | 0 | 56033022 | 56033022 | 37150794 | 18882228 |
| മെയിന്റനൻസ് ഫണ്ട്- റോഡ് | 0 | 16075000 | 16075000 | 9603174 | 6471826 |
| മെയിന്റനൻസ് ഫണ്ട് -റോഡിതരം | 0 | 32657638 | 32657638 | 19970978 | 12686660 |
| ബി ഫണ്ട് | 0 | 175374600 | 175374600 | 175374600 | 0 |
| സെൻട്രൽ ഫിനാൻസ് ഗ്രാന്റ് Tied | 0 | 91597452 | 91597452 | 53933945 | 37663507 |

## 1-4-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റ് അപാകത

ഗ്രാമപഞ്ചായത്തിലെ 2021-22 സാമ്പത്തിക വർഷത്തെ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് , എ സി ആർ എന്നിവ പരിശോധിച്ചതിൽ ചുവടെ ചേർത്ത ഇനങ്ങളിലെ ചെലവുകൾ പൊരുത്തപ്പെടുന്നില്ല.

| ഗ്രാന്റിനം | ചെലവ്(AFSപ്രകാരം) | ചെലവ്(ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) |
|---|---|---|
| വികസന ഫണ്ട് (ജനറൽ) | 74658715 | 88323990 |
| വികസന ഫണ്ട് (SCP) | 11920294 | 12866961 |
| സെൻട്രൽ ഫിനാൻസ് ഗ്രാന്റ് Un- Tied | 37150794 | 35243131 |
| ബി ഫണ്ട് | 175374600 | 0 |
| സെൻട്രൽ ഫിനാൻസ് ഗ്രാന്റ് Tied | 53933945 | 52959013 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 346 | 340827243 | 256 | 224994985 | 0 | 90 | 73.98 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 1267796 | 10,000,000 | 11267796 | 10017981 | 1249815 |

കുറിപ്പ്: അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ കാഷ് ബുക്ക് പ്രകാരമുള്ള OB, ചെലവ് &Closing Balance എന്നിവ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. (ഖണ്ഡിക 1-11.6 കാണുക)

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമ പദ്ധതികളുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | - | - |
| കർഷകതൊഴിലാളി പെൻഷൻ | 4125800 | 3227 |
| വിധവാ പെൻഷൻ | 56507000 | 44155 |
| വാർദ്ധക്യകാല പെൻഷൻ | 92285500 | 75568 |
| വികലാഗ പെൻഷൻ | 18956400 | 14597 |
| വിവാഹ ധനസഹായം | - | - |
| 50വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 2539900 | 1929 |

## 1-8 ക്യാഷ് പരിശോധന

994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.02.2023 ന് 12:15 Pm സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. പരിശോധനയിൽ .39595/- രൂപയുടെ നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. നിർവഹണ ഉദ്യോഗസ്ഥരായ സെക്രട്ടറി,ഫിഷറീസ് സബ് ഇൻസ്പെക്ടർ,താലൂക്ക് ഹോസ്പിറ്റൽ സൂപ്രണ്ട് എന്നിവർ പ്രോജക്ട് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
2. വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സ് ക്ലോസ് ചെയ്തിട്ടില്ല.
3.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
4.മാസ്റ്റർ ഇൻക്യംപൻസി രജിസ്റ്റർ കാലികമാക്കി എഴുതി സൂക്ഷിക്കുന്നില്ല.
5.കേന്ദ്രീകൃത സ്റ്റോക്ക് രജിസ്റ്റർ,സൂചിക സ്റ്റോക്ക് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല.
6.പ്രൊജക്ട് മോണിറ്ററിംഗ് രേഖകൾ ഇല്ല.

7. കൃഷി ഓഫീസർ, വെറ്ററിനറി സർജ്ജൻ എന്നിവർ ഗുണഭോക്തൃവിഹിതം കളക്ട് ചെയ്യുന്നത് ആധികാരികമായ റസീറ്റുകൾ മുഖേനയല്ല.
വിശദ വിവരങ്ങൾ അതാത് പരാമർശങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 28-09-2020 | 2018-2019 | 30-12-2020 |

| | | | |
|---|---|---|---|
| എ.ജി. ഓഡിറ്റ് | 21-01-2021 | 2017-18&2018-19 | 19-04-2021 |

## 1-11 വാർഷിക കണക്ക് പരിശോധന – അപാകതകൾ.

2021-2022 വർഷത്തെ വാർഷിക കണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1.തൊഴിൽ നികുതി (എംപ്ലോയീസ് & ട്രേഡേഴ്സ്), ബിൽഡിംഗ് പെർമിറ്റ്/റഗുലറൈസേഷൻ, ബസ് സ്റ്റാന്റ് ഫീ, ലൈബ്രറി ഫീ, എന്നീ വരവ് ഇനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകൾ വാർഷിക സംഗ്രഹം തയ്യാറാക്കി സാക്ഷ്യപ്പെടുത്താത്തതിനാൽ വാർഷിക കണക്ക് പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ,ബാലൻസുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2.Loan From HUDCO ഇനത്തിൽ ബാലൻസ് ഷീറ്റ് B-5 പ്രകാരം 2020-2021 സാമ്പത്തിക വർഷത്തിലും 2021-2022 സാമ്പത്തിക വർഷത്തിലും 15,89,25,334 രൂപ അവശേഷിക്കുന്നുണ്ട്. എന്നാൽ ലോൺ രജിസ്റ്റർ പ്രകാരം 2021-2022 സാമ്പത്തിക വർഷത്തിലെ മുൻ ബാലൻസ് 146658667 രൂപയും തൻ വർഷത്തെ ബാലൻസ് 135352000 രൂപയുമാണ്.ലോൺ രജിസ്റ്റർ പ്രകാരം 2021-2022 സാമ്പത്തിക വർഷത്തിലെ റീപേമെന്റ് 11306667 രൂപയാണ്. എന്നാൽ ആയത് വാർഷിക കണക്കിൽ രേഖപ്പെടുത്തുകയോ റീകൺസിലിയേഷൻ തയ്യാറാക്കുകയോ ചെയ്തിട്ടില്ല.

3.ഷെഡ്യൂൾ B-7 പ്രകാരം വിവിധ ഡെപ്പോസിറ്റ് ഇനങ്ങളിലായി 1,33,07,701 രൂപ ബാധ്യതയുണ്ട്. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്റർ ഹാജരാക്കാത്തത് കൊണ്ട് ആയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

4.ബാലൻസ് ഷീറ്റ് B-15 പ്രകാരം Receivables For Property Taxes(arrears),Receivables For Profession Tax-institutions/professionals/traders(current) മൈനസ് ആയിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

5.മുനിസിപ്പാലിറ്റിയുടെ മുഴവൻ ആസ്തികളുടെയും മൂല്യം കണക്കാക്കി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
6.അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ കാഷ് ബുക്ക് പ്രകാരമുള്ള OB, ചെലവ് &Closing Balance വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

| | Opening Balance | ചെലവ് | Closing Balance |
|---|---|---|---|
| Cash Book(Financial Statement) | 10591932 | 9744843 | 865986 |
| AFS | 1267796 | 9564962 | 1249815 |

7.ലഭ്യമാക്കിയ ഡി.സി.ബി പത്രിക പ്രകാരമുള്ള വസ്തു നികുതി കളക്ഷൻ, ബാലൻസ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

| | കളക്ഷൻ | | ബാലൻസ് | |
|---|---|---|---|---|
| | അരിയർ | തന്നാണ്ട് | അരിയർ | തന്നാണ്ട് |
| ഡി.സി.ബി | 9129303 | 13109266 | 0 | 1965559 |
| വാർഷിക കണക്ക് | 8623240 | 13883840 | -4325904 | 1894546 |

8.ഡെപ്പോസിറ്റ് വർക്കിനായി KWA ക്ക് പൈപ്പ് ലൈൻ നീട്ടുന്നതിനായി 1500000 രൂപഅഡ്വാൻസായി നൽകിയിട്ടുണ്ട്. ഈ തുക Advance To Implementing Agencies എന്ന ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല.

9.സ്ഥാപനം നൽകിയതും 3 മാസത്തിലധികമായി പണമാക്കാത്തതുമായ ചെക്കുകൾ മുഴവനായും Liability In Respect Of Stale Cheque എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല. (2007 ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങൾ 45).

10.ഓഡിറ്റ് റിക്കവറി ഇനത്തിൽ (RP-29) 5936 രൂപ വരവുണ്ട്. ഓഡിറ്റ് റിക്കവറി രജിസ്റ്ററിൽ ആയതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല.

11. RP-5 പ്രകാരം Sale Of Scrap ഇനത്തിൽ 31948/- രൂപയും Auction Of Obsolete Asset ഇനത്തില് 126367/- രൂപയും വരവ് വന്നിട്ടുണ്ടെങ്കിലും ഓക്ഷൻ രജിസ്റ്റർ ഹാജരാക്കാത്തത് കൊണ്ട് ആയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല

12. സംരക്ഷണ ഗ്രാന്റ് (റോഡിതരം) ,സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - Un Tied, സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -Tied ലെ ഫണ്ട് വിനിയോഗം സംബന്ധിച്ച വാർഷിക കണക്കിലെ (RP-6) വിവരങ്ങൾ, എ.സി.ആർ എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| | AFS(RP-6) | ACR |
|---|---|---|
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 19927974 | 19970978 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - Un Tied | 53721077 | 37150794 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -Tied | 30789381 | 53933945 |

13.വാർഷിക ധനകാര്യ പത്രികയും സേവന സ്റ്റേറ്റ്മെന്റും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ഇനം | സേവന സ്റ്റേറ്റ്മെന്റ് പ്രകാരമുള്ളതുക | വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ളതുക |
|---|---|---|
| കർഷക തൊഴിലാളി വേതനം | 4917400 | 4125800 |
| വാർദ്ധക്യ കാല പെൻഷൻ | 111282300 | 92285500 |
| വികലാംഗ പെൻഷൻ | 22862400 | 18956400 |
| 50 വയസിന് മുകളിലുള്ള അവിവാഹിതർക്കുള്ള ധന സഹായം | 3059500 | 2539900 |
| വിധവ പെൻഷന് | 68031200 | 56507000 |

14. I-4(b) പ്രകാരം Private Hospital¶medical Institution Registration Fees ഡിമാന്റ് 1800 രൂപയാണ്.എന്നാൽ ആയത് രജിസ്റ്റർ പ്രകാരം 3200 രൂപ ശേഖരിച്ചിട്ടുണ്ട്.

15. RP-1 പ്രകാരം എന്റർടൈൻമെന്റ് ടാക്സ് 47567 രൂപ കളക്ട് ചെയ്തിട്ടുണ്ടെങ്കിലും രജിസ്റ്ററും ഫയലുകളും സമകാലികമാക്കാത്തത് കൊണ്ട് ആയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

16. RP41 പ്രകാരം തൻ വർഷത്തിലെ Miscllaneous Advance 698014 ആണെങ്കിലും അഡ്വാൻസ് രജിസ്റ്റർ പ്രകാരം ആയത് 743014 ആണ്.

17.തൻ വർഷം കളക്ട് ചെയ്ത വാടകയിനത്തിലെ തുക 431400101 എന്ന ഹെഡ്ഡിന് പകരം 431400102 എന്ന ഹെഡ്ഡിൽ ആണ് രേഖപ്പെടുത്തിയിരിക്കുന്നത്.

18.ട്രയൽ ബാലൻസിൽ Implement Literary Program(250401002) തുക 38615, Drinking Water-individual(251200801) തുക 534620 എന്നീ തുകകൾ ക്രെഡിറ്റ് സൈഡിൽ ആണ് വന്നിട്ടുള്ളത്.

19. I-17(a) പ്രകാരം ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിട്ടുള്ളത് 36662541/- ആണെങ്കിലും ലെഡ്ജർ പ്രകാരം 36662561/- രൂപയാണ്. ആയതിന്റെ സ്പ്ളിറ്റ് അപ് ലഭ്യമല്ലാത്തത് കൊണ്ട് വ്യത്യാസം പരിശോധിക്കാൻ സാധിച്ചിട്ടില്ല.മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ്എൻക്വയറി നം.17/04.03.2023 ന് മറുപടി ലഭ്യമായിട്ടില്ല.അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-12 രസീതി കളക്ഷൻ ക്രമ പ്രകാരമല്ല

I-4-b പ്രകാരം റസീപ്റ്റ് ഫ്രം ലൈബ്രറീസ് എന്ന അക്കൗണ്ടിലേക്കുള്ള ഡിമാന്റും RP-4 പ്രകാരം ആയതിലേക്കുള്ള വരവും 3795 രൂപയാണ്. എന്നാൽ ആയതിനുള്ള രജിസ്റ്റർ പ്രകാരം വരവ് 3230 രൂപ മാത്രമാണ്.

കെ.എഫ്.സി വാല്യം 1 ആർട്ടിക്കിൾ 7(1) പ്രകാരം സർക്കാരിന് ലഭിക്കാനുള്ള ഏതെങ്കിലും തുക ലഭിച്ച് കഴിഞ്ഞാലുടൻ ലഭിച്ച തുകക്ക് രസീതി നൽകേണ്ടതും കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങൾ 2011 ചട്ടം 10 പ്രകാരം ഓരോ ധനകാര്യ ഇടപാടും ഒരു വൗച്ചറിൽ രേഖപ്പെടുത്തേണ്ടതുമാണ്.എന്നാൽ ലൈബ്രറിയിലേക്കുള്ള വരവിന് യാതൊരു രസീപ്റ്റും നൽകുന്നില്ല. ലൈബ്രേറിയൻ വരവ് ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തി ആയത് രണ്ടോ മൂന്നോ മാസം കഴിഞ്ഞ് ഒരുമിച്ച് പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കുന്നതായാണ് സാംഖ്യ രസീതികൾ പരിശോധിച്ചപ്പോൾ മനസ്സിലാക്കാൻ സാധിച്ചത്.രസീതികൾ ലഭ്യമല്ലാത്തത് കൊണ്ട് വരവിന്റെ കൃത്യതയും മേൽ കൊടുത്ത വ്യത്യാസത്തിന് നിദാനവും പരിശോധിക്കാൻ സാധിച്ചിട്ടില്ല.അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി നം. 19തിയ്യതി 04.03.2023 ന് നൽകിയ മറുപടി പ്രകാരം മാർച്ച് 2021 ലെ വരി സംഖ്യ ഏപ്രിൽ 2021ൽ അടവാക്കിയത്

കൊണ്ടാണ് അപ്രകാരം സംഭവിച്ചത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.മറുപടിയിൽ പിരിക്കുന്ന തുകക്ക് രസീതി നൽകാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. മേൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-13 വരവിനങ്ങളുടെ ഡിമാന്റ്-പിരിവ് അപാകതകൾ

പൊന്നാനി മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ വരവ് ഭാഗങ്ങൾ പരിശോധിച്ചപ്പോൾ വരവ് വർദ്ധിപ്പിക്കുന്നതിന് മതിയായ നടപടിൾ എടുക്കുന്നില്ല എന്ന് കണ്ടു.വിശദ വിവരം ചുവടെ കൊടുക്കുന്നു.

1.തൊഴിൽ നികുതി,സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ എന്നീ ഇനങ്ങളിൽ മുൻവർഷത്തേക്കാൾ വരവ് കുറവാണ്. (2020-2021 സാമ്പത്തിക വർഷം ജീവനക്കാരിൽ നിന്നുള്ള തൊഴിൽ നികുതി ഈടാക്കിയത് 5457399/- രൂപയാണ്. എന്നാൽ 2021-2022 സാമ്പത്തിക വർഷത്തിൽ ആയത് 5260903/- രൂപ മാത്രമാണ്. സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ പ്രകാരം 2020-2021 സാമ്പത്തിക വർഷം ഈടാക്കിയത് 9100/-രൂപയാണ് എന്നാൽ 2021-2022 സാമ്പത്തിക വർഷത്തിൽ ആയത് 1800/- രൂപ മാത്രമാണ്.)

2. ജീവനക്കാരുടെയും സ്ഥാപനങ്ങളുടേയും തൊഴിൽ നികുതി രജിസ്റ്റർ സ്ഥാപനത്തിൽ സൂക്ഷിക്കുന്നില്ല.

3.ലൈസൻസ് രജിസ്റ്റർ പ്രകാരം 1918 സ്ഥാപനങ്ങൾ ആണ് ലൈസൻസ് എടുത്തിട്ടുള്ളത്.രജിസ്റ്റർ പ്രകാരം ലൈസൻസ് എടുക്കാത്ത സ്ഥാപനങ്ങളുടെ വിവരം ഓഡിറ്റ് എൻക്വയറി നം. 18/04.03.203 പ്രകാരം സ്ഥാപനത്തെ അറിയിച്ചിട്ടുണ്ട്. വിവരങ്ങൾ ലഭ്യമായിട്ടില്ല. ലൈസൻസ് രജിസ്റ്ററിൽ സ്ഥാപനങ്ങളുടെ ബിൽഡിംഗ് നമ്പർ,കെട്ടിടത്തിന്റെ ഉപയോഗം തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല.

4.1918 സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ടെങ്കിലും 1830 സ്ഥാപനങ്ങൾ മാത്രമാണ് സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടുള്ളത്.സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ സൂക്ഷിക്കാത്തത് കൊണ്ട് ലൈസൻസ് ഡിമാന്റ് രജിസ്റ്ററും തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററും പൊരുത്തപ്പെടുത്തി പരിശോധിക്കാൻ സാധിച്ചിട്ടില്ല.

5.ഒരേ ഉപയോഗക്രമത്തിലുള്ള(വാണിജ്യാവശ്യം) ബിൽഡിംഗുകൾക്ക് വ്യത്യസ്ത മാനദണ്ഡ പ്രകാരമാണ് വസ്തു നികുതി ഈടാക്കുന്നത് .വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | ബി.എ.നമ്പർ | കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം | കെട്ടിട നമ്പർ | വിസ്തീർണ്ണം | വസ്തു നികുതി (ച.മീറ്ററിന്) |
|---|---|---|---|---|---|
| 1 | E2-368/16-17 | 269.56 | 17/45A | 17.378 | 90 |
| 2 | E2-368/16-17 | 269.56 | 17/45A1 | 16.278 | 90 |
| 3 | E3-48/20-21 | 252.78 | 296A | 24.46 | 70 |
| 4 | E3-48/20-21 | 252.78 | 296B | 51.11 | 70 |
| 5 | E2-257/16-17 | 886.28 | 39/508A | 96 | 50 |
| 6 | E2-257/16-17 | 886.28 | 39/508B | 20 | 50 |

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 43/07.03.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.മേൽ അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-14 കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

പരിശോധനക്കായി ലഭ്യമാക്കിയ നഗരസഭയുടെ 2021-22 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് B 15 ഷെഡ്യൂൾ പ്രകാരം വിവിധ നികുതി നികുതിയിതര വരവിനങ്ങളിൽ ലഭ്യമാകുവാനുള്ള കുടിശ്ശികയുടെ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | കുടിശ്ശിക |
|---|---|
| Property Tax | 1894546 |
| Rent | 275180 |
| Profession Tax-Institutions/Proffessionals/Traders | 7060310 |
| Advertisement Tax | 82455 |

| | |
|---|---|
| License Fees | 1657356 |
| Other Receivables | 30552395 |

മേൽ കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് ഓഡിറ്റ് എൻക്വയറി29/5.3.23 ന് മറുപടി ലഭ്യമാക്കിയില്ല.

## 1-15 തൊഴിൽ നികുതി ഈടാക്കാൻ അവശേഷിക്കുന്നു

പൊന്നാനി മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട ലിസ്റ്റും റിട്ടേണുകളും പരിശോധിച്ചപ്പോൾ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1.ചുവടെ കൊടുത്ത സ്ഥാപനങ്ങൾ തൊഴിൽ നികുതി റിട്ടണുകൾ സമർപ്പിച്ചിട്ടില്ലാത്തതിനാൽ ഈ ഇനത്തിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുക എത്രയുണ്ടെന്ന് കണക്കാക്കാൻ സാധിച്ചിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം | തൊഴിൽ നികുതി അടവാക്കാത്ത കാലയളവ് |
|---|---|---|
| 1 | ബെൻസി ഫുഡ് & ബീവറേജസ് പൊന്നാനി | I&II |
| 2 | ജലാലിയ ഐസ് പ്ളാന്റ് ,പൊന്നാനി | I&II |
| 3 | സെക്ഷൻ ഓഫീസർ,യൂണിവേഴ്സിറ്റി ഇൻഫോർമേഷൻ സെന്റർ | I&II |
| 4 | മുത്തൂറ്റ് മിനി ഫൈനാൻസിയേഴ്സ്,ബസ്സ്റ്റാന്റ്,പൊന്നാനി | I&II |
| 5 | പ്രിൻസിപ്പാൾ മശൂമിയ ഇംഗ്ളീഷ് സ്കൂൾ,പൊന്നാനി | I&II |
| 6 | ഭാരത് കോർപ്പറേഷൻ,പൊന്നാനി | I&II |
| 7 | പൗർണ്ണമി തീയേറ്റർ,പൊന്നാനി | I&II |
| 8 | സബ്ഡിവിഷൻ ഓഫീസ് ,ബി.എസ്.എൻ.എൽ,പൊന്നാനി | I&II |
| 9 | അക്ബർ ട്രാവൽസ്,പൊന്നാനി | I&II |
| 10 | ഡേവിസൺ തീയേറ്റർ,പൊന്നാനി | I&II |
| 11 | അലങ്കാർ തീയേറ്റർ,പൊന്നാനി | I&II |
| 12 | സിംല മെഡിക്കൽസ് ,പൊന്നാനി | I&II |
| 13 | അസി. പ്രൊജക്ട് ഓഫീസർ,റീജിയണൽ എ.ഐ സെന്റർ,നെയ്തല്ലൂർ | I&II |
| 14 | ഐശ്വര്യ മൂവീസ്,ബിയ്യം | I&II |
| 15 | ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ-ഊർജിത കന്നുകാലി ഉപകേന്ദ്രം | I&II |
| 16 | ശക്തി തീയേറ്റർ,പൊന്നാനി | I&II |
| 17 | എച്ച്.ഡി.എഫ്.സി,പൊന്നാനി(ലൈഫ് ഇൻഷൂറൻസ്) | I&II |
| 18 | പോസ്റ്റ് ഓഫീസ്,കറുകത്തിരുത്തി | I&II |
| 19 | ബീവറേജ് കോർപ്പറേഷൻ,സി.വി ജംഗ്ഷൻ | I&II |
| 20 | പോസ്റ്റ് ഓഫീസ്,കടവനാട് | I&II |

| | | |
|---|---|---|
| 21 | മാവേലി സ്റ്റോർ,ഈശ്വര മംഗലം | I&II |
| 22 | റിലയൻസ് റീട്ടെയിൽ മേബൻ നിധി ലിമിറ്റഡ്,പൊന്നാനി | I&II |
| 23 | എം.ഐ.എ അറബിക് കോളേജ്,പുതുപൊന്നാനി | I&II |
| 24 | എം.ഐ.എ ബി.എഡ് ട്രൈനിംഗ് കോളേജ്,പുതുപൊന്നാനി | I&II |
| 25 | വരദ ബാങ്കേഴ്സ് കുറ്റിക്കാട് | I&II |
| 26 | എങ്ങണ്ടിയൂർ ഗോൾഡ് ട്രേഡിംഗ്.സി.വി.ജംഗ്ഷൻ | I&II |
| 27 | ഇന്ത്യൻ ഗ്യാസ് സി.എ ഏജൻസീസ്,സി.വി.ജംഗ്ഷൻ | I&II |
| 28 | നീതി ലാബ് പൊന്നാനി | I&II |
| 29 | മെഡ്കെയർ ലബോറട്ടറി പൊന്നാനി | I&II |
| 30 | എം.ടി.സി ഫിനാൻസ് കമ്പനി,ചന്തപ്പടി | I&II |
| 31 | കെ.എസ്.ഇ.ബി ഈഴവത്തിരുത്തി | I&II |
| 32 | വനിത സഹകരണ സംഗം പൊന്നാനി | I&II |
| 33 | റോയൽ ഇംഗ്ളീഷ് സ്കൂൾ, നൈതല്ലൂർ | I&II |
| 34 | അഹല്യ ഫിനാൻസ് | I&II |
| 35 | എൻ.ടി.ഫിനാൻസ് ,ചന്തപ്പടി | I&II |
| 36 | എം.കെ ഹോമിയോ ക്ലിനിക് പൊന്നാനി | I&II |
| 37 | അൽഷിഫാ ഹോമിയോ ക്ലിനിക് പൊന്നാനി | I&II |

മുകളിൽ പരാമർശിച്ച 2021-22 വർഷത്തിലെ സ്ഥാപനത്തിലെ മുഴുവൻ ജീവനക്കാരുടെയും പേര്, അർദ്ധ വാർഷിക വരുമാനം (റിട്ടേൺ) ഹാജരാക്കേണ്ടതാണ്. ആയത് പരിശോധിച്ച് ജീവനക്കാരുടെ തൊഴിൽ നികുതിയും സ്ഥാപന തൊഴിൽനികുതിയും ഈടാക്കേണ്ടതുണ്ടെങ്കിൽ ആയത് ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

2.പഞ്ചായത്തിന്റെ സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചപ്പോൾ താഴെ കൊടുത്ത സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല എന്ന് കണ്ടു.

| ക്രമ നമ്പർ | സ്ഥാപനം | തൊഴിൽ നികുതി അടവാക്കാത്ത കാലയളവ് |
|---|---|---|
| 1 | ഇസാഫ് മൈക്രോ ഫിനാൻസ് | I&II |
| 2 | ക്രൗൺ ഐസ് പ്ലാന്റ് പൊന്നാനി | I&II |
| 3 | എച്ച്.ഡി.എഫ്.സി ലിമിറ്റഡ് ,പൊന്നാനി | I&II |
| 4 | ഇ.കെ ഐസ് പ്ലാന്റ് പൊന്നാനി | I&II |
| 5 | ക്രസന്റ് ഐസ് പ്ലാന്റ് പൊന്നാനി | I&II |

മേൽ സ്ഥാപനങ്ങളിലെ 2005 ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 3(2) പ്രകാരം തൊഴിൽ നികുതി അടവാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം/തൊഴിൽ നികുതി ഈടാക്കിയ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.1/25.02.2023 ന് മറുപടി ലഭ്യമായിട്ടില്ല.മേൽ സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-16 വാടക ഈടാക്കാൻ അവശേഷിക്കുന്നു.

രജിസ്റ്റർ പരിശോധിച്ചതിൽ മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന താഴെ സൂചിപ്പിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും വാടക ഈടാക്കാൻ അവശേഷിക്കുന്നു.

| റൂം നം | പേര്, വിലാസം | മാസ വാടക | കുടിശ്ശികയുള്ള വാടക |
|---|---|---|---|
| 22 | കെ സുശീല തൃപ്തി വനിത ഹോട്ടൽ | 1985 | 5955 |
| 23 | കമല മേനോൻ തെയ്യങ്ങാട് | 169 | 507 |
| | ആകെ | | 6462 |

രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ കൊടുത്ത വ്യക്തികൾ ലേലം ലഭിച്ചത് വഴി മുനിസിപ്പാലിറ്റിയിലേക്ക് അടവാക്കേണ്ട തുകയിൽ ബാലൻസ് ഉള്ളതായി കണ്ടു. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ.നം | ലേലം കരസ്ഥമാക്കിയ വ്യക്തി | ലേലത്തിലൂടെ കരസ്ഥമാക്കിയത് | ലേലത്തുക (ടാക്സ് ഉൾപ്പെടെ) | അടവാക്കിയ തുക | അടവാക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|---|
| 1 | ഉമ്മർകുട്ടി കപ്പക്കാരകത്ത് | വണ്ടിപ്പേട്ട ഫീസ് പിരിവ് | 31100 | 5500 | 25600 |
| 2 | ഉമ്മർകുട്ടി കപ്പക്കാരകത്ത് | ഫലവൃക്ഷത്തൈകളിൽ നിന്നുള്ള ആദായം | 22005 | 7500 | 14505 |

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറി നം.20/04.03.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.മേൽ വ്യക്തികളിൽ നിന്നും ഈടാക്കാനുള്ള വാടക ഈടാക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-17 വസ്തു നികുതി കളക്ഷനിലെ അപാകത

പൊന്നാനി മുനിസിപ്പാലിറ്റിയുടെ വസ്തു നികുതിയുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചപ്പോൾ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1.E3/9435/19, R1-19067/21തിയ്യതി02.11.2021 എന്ന ഒക്യുപൻസി നമ്പർ പ്രകാരം അബ്ദുൽ ഖാദർ പണിക്കവീട്ടിൽ എന്ന ഉണഭോക്താവിന് ചുവടെ കൊടുക്കും പ്രകാരം ബിൽഡിംഗിന് നമ്പർ അനുവദിച്ചിട്ടുണ്ട്.

| അനുവദിച്ച കെട്ടിട നമ്പർ | വിസ്തീർണ്ണം ച.മീറ്ററിൽ | വസ്തു നികുതി നിർണ്ണയിച്ചത്(ച.മീറ്ററിന് 50 രൂപ പ്രകാരം) | വസ്തു നികുതി നിർണ്ണയിച്ചത്(10% ദ്വിതീയ ഇളവ് പരിഗണിച്ചതിന്ശേഷം) | വസ്തു നികുതിസേവന ഉപനികുതിക്കും ലൈബ്രറിസെസിനും ശേഷം |
|---|---|---|---|---|
| 156/B | 21.98 | 1099 | 989.10 | 1137 |
| 156/C | 19.82 | 991 | 891.9 | 1026 |

മേൽ ബിൽഡിംഗിന്റെ കംപ്ളീഷൻപ്ലാനും വസ്തു നികുതി ഈടാക്കിയ രേഖകളും (സഞ്ചയ-ഫോം6) പരിശോധിച്ചപ്പോൾ ശ്രദ്ധയിൽ പെട്ട അപാകത ചുവടെ കൊടുക്കുന്നു.

കേരള മുനിസിപ്പാലിറ്റി ആക്ട്(വസ്തു നികുതിയും സേവനഉപനികുതിയും സർചാർജ്ജും) വകുപ്പ് 233(7))ii) പ്രകാരം 5 മീറ്ററോ അതിൽ കൂടുതലോ ഉള്ള വഴി സൗകര്യത്തിൽ നിന്ന് ബിൽഡിംഗിലേക്ക് പ്രവേശന സൗകര്യം ഉണ്ടെങ്കിൽ അടിസ്ഥാന നികുതിയിൽ നിന്ന് 20% വർദ്ധനവ് വരുത്തേണ്ടതുണ്ട്. എന്നാൽ മേൽ പട്ടിക പ്രകാരം അത്തരത്തിലുള്ള വർദ്ധനവ് വരുത്തിയിട്ടില്ല.

2.E3/257/16-17,R1-11090/21തിയ്യതി29.06.2021 എന്ന ഒക്യുപൻസി നമ്പർ പ്രകാരം ഹംസ മുക്രിയത്ത് എന്ന

ഗുണഭോക്താവിന് ബിൽഡിംഗ് നമ്പർ അനുവദിച്ചിട്ടുണ്ട്.ഓവർസിയറുടെ സൈറ്റ് റിപ്പോർട്ട് പ്രകാരം നിലവിലുള്ള ബിൽഡിംഗിന്റെ വിസ്തീർണ്ണം 450.16 ച.മീറ്ററും പുതിയതായി നിർമ്മിച്ച 436.12 ച.മീറ്ററും ചേർന്ന് 886.28 ച.മീറ്റർ ആണ് .ബിൽഡിംഗിന് 39/508A മുതൽ 39/508U വരെയുള്ള നമ്പറുകളാണ് അനുവദിച്ചിട്ടുള്ളത്.വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | അനുവദിച്ച കെട്ടിട നമ്പർ | വിസ്തീർണ്ണം ച.മീറ്ററിൽ/നിർണ്ണയിച്ച നികുതി | അടിസ്ഥാനവസ്തു നികുതി നിർണ്ണയിച്ചത് | വസ്തു നികുതി (ക്രമ പ്രകാരമുള്ളവർദ്ധന ഇളവുകൾക്ക് ശേഷം) | വസ്തു നികുതിസേവന ഉപനികുതിക്കും ലൈബ്രറിസെസിനും ശേഷം |
|---|---|---|---|---|---|
| 1 | 508A | 96/50 | 4800 | 13538 | 15569 |
| 2 | 508B | 20/50 | 1000 | 1800 | 2070 |
| 3 | 508C | 20/50 | 1000 | 1800 | 2070 |
| 4 | 508D | 20/50 | 1000 | 1545 | 1778 |
| 5 | 508E | 11/50 | 550 | 1545 | 1778 |
| 6 | 508F | 11/50 | 550 | 1545 | 1778 |
| 7 | 508G | 14/50 | 700 | 1988 | 2287 |
| 8 | 508H | 9/50 | 450 | 795 | 915 |
| 9 | 508I | 16.64/90 | 1497.60 | 1797 | 2068 |
| 10 | 508J | 16.80/90 | 1512 | 1814 | 2087 |
| 11 | 508K | 21.76/90 | 1958.4 | 2350 | 2705 |
| 12 | 508L | 21.89/90 | 1970 | 2364 | 2718 |
| 13 | 508M | 43.81/90 | 3942.90 | 4732 | 5442 |
| 14 | 508N | 30.75/90 | 2767.50 | 3155 | 3629 |
| 15 | 508O | 26.40/90 | 2376 | 2708 | 3114 |
| 16 | 508P | 25.66/90 | 2309.4 | 2632 | 3027 |
| 17 | 508Q | 48.31/90 | 4347.90 | 4957 | 5701 |
| 18 | 508R | 39.31/90 | 3537.90 | 4034 | 4639 |
| 19 | 508S | 46.71/90 | 4203.9 | 4793 | 5512 |
| 20 | 508T | 42.18/90 | 3796.2 | 4328 | 4977 |
| 21 | 508U | 55.9/90 | 5031 | 5735 | 6596 |
| | ആകെ വിസ്തീർണ്ണം | 637.12 | | | |

മേൽ ബിൽഡിംഗുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1. കംപ്ളീഷൻ പ്ലാൻ പ്രകാരം ബിൽഡിംഗിന്റെ ആകെ വിസ്തീർണ്ണം 886.28 ച.മീറ്റർ ആണ്.എന്നാൽ 637.12 ച.മീറ്ററിനുള്ള നികുതിയേ അടവാക്കുന്നുള്ളൂ.

2. 100 ച.മീറ്ററിന് മുകളിലുള്ള വാണിജ്യ കെട്ടിടത്തിന് 70/- രൂപയാണ് മുനിസിപ്പാലിറ്റി നികുതി നിശ്ചയിച്ചിട്ടുള്ളത്.എന്നാൽ ഈ ഉപയോഗക്രമത്തിൽ ഉൾപ്പെട്ട 508A മുതൽ 508H വരെ നമ്പറിട്ട റൂമുകൾക്ക് 50/- രൂപയാണ് അടിസ്ഥാന നികുതി ആയി നിശ്ചയിച്ചിട്ടുള്ളത്.

3.പാർക്കിംഗിന് അനുവദിച്ചിട്ടുള്ള ബിൽഡിംഗിന്റെ (110.08ച.മീറ്റർ) ഭാഗം ഒഴിച്ച് ബിൽഡിംഗിന്റെ ആകെ വിസ്തീർണ്ണം

776.20 ച.മീറ്റർ ആണ്. ആയതിന് കേരള മുനിസിപ്പാലിറ്റി നിർമ്മാണ ചട്ടങ്ങൾ 2019 ചട്ടം 29ടേബിൾ 10 പ്രകാരം മേൽ ബിൽഡിംഗിന് ഉണ്ടായിരിക്കേണ്ട കാർ പാർക്കിംഗ് സൗകര്യം 9 ആണ്. എന്നാൽ ടി ബിൽഡിംഗിന് കംപ്ളീഷൻ പ്ലാൻ പ്രകാരം 7 കാർ പാർക്കിംഗ് സൗകര്യം മാത്രമാണ് അനുവദിച്ചിട്ടുള്ളത്

4. കേരള മുനിസിപ്പാലിറ്റി നിർമ്മാണ ചട്ടങ്ങൾ 2019 ചട്ടം 29(4)(i) പ്രകാരം തെരുവ് വിട്ടിട്ടുള്ള പാർക്കിംഗ് സ്ഥലത്തേക്ക് എത്തേണ്ട വാഹന വഴിക്ക 3 മീറ്ററിൽ കുറയാത്ത വീതി ഉണ്ടായിരിക്കേണ്ടതാണ്. എന്നാൽ മേൽ ബിൽഡിംഗിന്റെ പാർക്കിംഗ് സ്ഥലത്തേക്ക് 2.71 മീറ്റർ വീതിയാണ് കംപ്ളീഷൻ പ്ലാൻ പ്രകാരം അനുവദിച്ചിട്ടുള്ളത്.
മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എന്ക്വയറി നം 34/06.03.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.മേൽ അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-18 ലൈസൻസ് കളക്ഷനിലെ അപാകത

2021-22ലെ ലൈസൻസ് അപേക്ഷകളും രജിസ്റ്ററും പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങൾ ലൈസൻസിനായി അപേക്ഷകൾ സമർപ്പിച്ചെങ്കിലും ആയതിൻമേൽ നഗരസഭ തുടർനടപടികൾ സ്വീകരിക്കുകയോ ഡി&ഒ ലൈസൻസ് അനുവദിക്കുകയോ ചെയ്തതായി കാണുന്നില്ല.

| ക്രമ നം | വാർഡ് | കെട്ടിട നമ്പർ | ഉപഭോക്താവിന്റെ പേര് | കെട്ടിടത്തിന്റെ ഉപയോഗം |
|---|---|---|---|---|
| 1 | 8 | 371/c | വിജി ജോർജ് | ലോട്ടറി |
| 2 | 8 | 371/B | ദിലീപ് കുമാർ | അലുമിനിയം ഫാബ്രിക്കേഷൻ |
| 3 | 8 | 145 | ഉണ്ണികൃഷ്ണൻ | ഫർണിച്ചർ |
| 4 | 8 | 479 | കോയമോൻ | ഇൻഡക്ഷൻ കുക്കർ സെയിൽസ്&സർവ്വീസ് |
| 5 | 1 | 71A | മുഹമ്മദ് സി.കെ | മത്സ്യ വിൽപന |
| 6 | 1 | 151 | ബഷീർ | പല ചരക്ക് കട |
| 7 | 2 | 98A | ബാപ്പുട്ടി | പല ചരക്ക് കട |
| 8 | 3 | 59 | കെ.ബാലൻ | ആക്രി കച്ചവടം |
| 9 | 1 | 33 | ശിവാനന്ദൻ | ചായക്കട |
| 10 | 25(old) | 151 | മുഹമ്മദ് നൗഷീർ | നട്സ്&ഡ്രൈഫ്രൂട്ട്സ് |
| 11 | 25(old) | 152-156 | ഷംസുദ്ധീൻ | തുണികച്ചവടം |
| 12 | 25(old) | 157 | സുരേന്ദ്രൻ | ഫർണിച്ചർ സാധനങ്ങൾ |
| 13 | 25(old) | 167 | എം.എ ബാവ | സൈക്കിൾ റിപ്പയർ |
| 14 | 25(old) | 178 | പി.വി.സൈനബ മൂസ | ബിസ്കറ്റ് കച്ചവടം |
| 15 | 26 | 35 | എൻ.വി.സൈനുദ്ധീൻ | ഫ്ലോർ മിൽ |
| 16 | 26 | 221 | മുഹമ്മദ് ഇക്ബാൽ | മാർജിൻഫ്രീ സൂപ്പർ മാർക്കറ്റ് |
| 17 | 27(old) | 114A,B,C | അബ്ദുൽ സക്കീർ | ഫാൻസി,സ്റ്റേഷനറി |
| 18 | 26 | 114L,M | സിഹാബ് | റെഡിമെയ്ഡ്സ് |
| 19 | 5 | 364 | അബ്ദുള്ള കുട്ടി.പി | വസ്ത്ര വ്യാപാരം |
| 20 | 41 | 16 | അസൈനാർ | ഹാർഡ് വെയർ |
| 21 | 41 | 588 | അക്ബർ അലി | വെൽഡിംഗ് ഷോപ്പ് |
| 22 | 5 | 391 | അബ്ദുള്ള കുട്ടി.കെ | ലൗലി ലേഡീസ് &കിഡ്സ് |
| 23 | 41 | 327 | ഗഫൂർ | പച്ചക്കറി |
| 24 | 25(old) | 268 | മുഹമ്മദ് | ഇലക്ട്രിക്കൽ സർവ്വീസ് |

1996-ലെ കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭപ്രവർത്തനങ്ങൾക്കും

മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം മുനിസിപ്പാലിറ്റി പ്രദേശത്തിനുള്ളിൽപ്പെട്ട യാതൊരു സ്ഥലവും 1-ാം പട്ടികയിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും ഒന്നോ അതിൽ കൂടുതലോ ആവശ്യങ്ങൾക്ക് പ്രസിഡന്റ് നൽകുന്ന ലൈസൻസ് കൂടാതെയും അതിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകൾക്കനുസൃതമല്ലാതെയും ഉപയോഗിക്കുവാൻ പാടില്ലാത്തതാണ്. നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ചട്ടം 10 പ്രകാരം സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുമ്പുള്ള 30 ദിവസത്തിനകം പട്ടിക II പ്രകാരമുള്ള ഫീസ് അടവാക്കി പുതുക്കേണ്ടതുമാണ്.
കേരള മുനിസിപ്പാലിറ്റി നിയമത്തിനും ബന്ധപ്പെട്ട ചട്ടങ്ങൾക്കും വിരുദ്ധമായി ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കാനിടയായത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 18/04.03.203ന് മറുപടി ലഭ്യമായിട്ടില്ല. ഇക്കാര്യത്തിൽ മറുപടി ലഭ്യമാക്കേണ്ടതും ലൈസൻസ് ഫീസ് ഈടാക്കാൻ അവശേഷിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് ആയത് ഈടാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-19 പരസ്യനികുതി-കുടിശ്ശിക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

പൊന്നാനി നഗരസഭയുടെ 2021-22 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് B 15 Schedule പ്രകാരം Receivable Advertisement Tax Arrears ഇനത്തിൽ 82455 രൂപ കുടിശ്ശിക ഉണ്ട്. മുൻവർഷങ്ങളിലെ വാർഷിക കണക്ക് ബാലൻഷീറ്റ് പരിശോധിച്ചതിൽ (2018-19, 2019-20, 2020-21) പരസ്യനികുതി ഇനത്തിൽ അരിയർ ഹെഡിൽ ഇതേ തുക തന്നെയാണ് അവശേഷിക്കുന്നത്. പരസ്യ നികുതിയുമായി ബന്ധപ്പെട്ട് ചുവടെ ചേർത്ത വിവരങ്ങൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

1) വർഷങ്ങളായി പരസ്യനികുതി ഇനത്തിൽ അവശേഷിക്കുന്ന കുടിശ്ശിക ഈടാക്കുന്നതിന് നഗരസഭ സ്വീകരിച്ച നടപടി വിവരങ്ങൾ.
2) ഏതെല്ലാം വ്യക്തികളിൽ / സ്ഥാപനങ്ങളിൽ നിന്നാണ് കുടിശ്ശിക ലഭ്യമാകുവാനുള്ളത് എന്ന വിവരം.
3) പരസ്യ നികുതിയുമായി ബന്ധപ്പെട്ട ഫയൽ/ ഡിമാന്റ് രജിസ്റ്റർ.
രേഖകൾ ഹാജരാക്കേണ്ടതും കുടിശ്ശിക ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി 30/5.3.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-20 അഡ്വാൻസ് തുക തിരിച്ചടക്കാൻ അവശേഷിക്കുന്നു.

അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ മിസല്ലേനിയസ് അഡ്വാൻസ് എന്ന ഹെഡ്ഡിൽ മുൻകൂർ കൈപ്പറ്റിയ താഴെ കാണുന്ന ഉദ്യോഗസ്ഥർ നാളിതു വരെ ആയത് തിരിച്ചടവാക്കുകയോ ക്രമപ്പെടുത്തുകയോ ചെയ്തിട്ടില്ല. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | ഉദ്യോഗസ്ഥന്റെ പേര് | തസ്തിക | അഡ്വാൻസ് കൈപറ്റിയ തിയ്യതി | അഡ്വാൻസ് തുക |
|---|---|---|---|---|
| 1 | അനിരുദ്ധൻ | ഓവർസിയർ | 14.08.2020 | 5000 |
| 2 | മോഹനൻ | ജെ.എച്ച്.ഐ | 21.05.2020 | 50000 |
| 3 | അശോകൻ | ക്ലർക്ക് | 19.01.2021 | 50000 |
| 4 | അശോകൻ | ക്ലർക്ക് | 27.01.2021 | 50000 |
| 5 | അശോകൻ | ക്ലർക്ക് | 12.04.2021 | 50000 |
| 6 | സുജിത്ത് ഗോപിനാഥ് | അസി.എഞ്ചിനീയർ | 07.05.2021 | 7925 |
| 7 | മനോജ്.വി | ഓവർസിയർ | 17.12.2021 | 50000 |
| 8 | സുഷ | ജെ.എച്ച്.ഐ | 22.01.2022 | 10000 |
| 9 | മനോജ്.വി | പി.ഡബ്ല്യു.ഒ.ഫസ്റ്റ് | 24.01.2022 | 6500 |
| 10 | മനോജ്.വി | പി.ഡബ്ല്യു.ഒ.ഫസ്റ്റ് | 18.02.2022 | 9000 |
| 11 | അനിരുദ്ധൻ | ഓവർസിയർ | 19.02.2022 | 20000 |

| | | | | |
|---|---|---|---|---|
| 12 | അനിരുദ്ധൻ | ഓവർസിയർ | 23.02.2022 | 923 |
| 13 | മനോജ് | ഓവർസിയർ | 09.03.2022 | 45000 |
| 14 | അനിരുദ്ധൻ | ഓവർസിയർ | 21.03.2022 | 45000 |

മേൽ ഉദ്യോഗസ്ഥർക്ക് അവ ഏതാവശ്യത്തിനാണ് അനുവദിച്ചതെന്നും ചെലവഴിച്ചതെന്നും ക്രമീകരിച്ചതായ വിവരവും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ടി തുക തിരിച്ചടവാക്കുകയോ ക്രമപ്പെടുത്തുകയോ ചെയ്തിട്ടുണ്ടെങ്കിൽ വിവരം ഓഡിറ്റിൽ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.4/27.02.2023 ന് നൽകിയ മറുപടി പ്രകാരം മുകളിൽ കൊടുത്ത ഉദ്യോഗസ്ഥർ തുക നിലവിലും ക്രമീകരിക്കാൻ അവശേഷിക്കുന്നതായി അറിയിച്ചു. നിർദിഷ്ട സമയം പരിധിക്കകം ക്രമീകരിക്കാത്ത മേൽ തുക നിയമാനുസൃതമുള്ള പലിശ സഹിതം തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-21 പ്രിൻസിപ്പാൾ നടപ്പാക്കിയ പ്രൊജക്ട്-ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല

നിർവഹണോദ്യോഗസ്ഥൻ- പ്രിൻസിപ്പാൾ

പ്രൊജക്ടിന്റെ പേര്,നം- സർക്കാർ സ്കൂളുകളിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ, 44/22

അടങ്കൽ-55,59,220 രൂപ (MG-NR)

ആകെ ചെലവ്- 15,68,441 രൂപ

BRN No.-21150447001001461798/25.03.2022- 1,41,010 രൂപ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ ജി ഒ (പി) നം.259/2010/ത.സ്വ.ഭ.വ തിയതി 08.11.2010 പ്രകാരം 1,00,000 രൂപക്ക് മുകളിലുള്ള വാങ്ങലുകൾക്ക് ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.എന്നാൽ മുനിസിപ്പാലിറ്റിയുടെ മേൽ പദ്ധതി പ്രകാരം ആകെ ചെലവ് തുകയിൽ 141010 രൂപ കൊച്ചിൻ സർജിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്ന് സാധനങ്ങൾ വാങ്ങിക്കുന്നതിനാണ് ചെലവഴിച്ചിട്ടുള്ളത്. ടെണ്ടർ നടപടികൾ സ്വീകരിക്കാതെ പ്രസ്തുത സ്ഥാപനത്തിൽ നിന്നും നേരിട്ട് വാങ്ങൽ നടത്തുകയാണ് ചെയ്തിട്ടുള്ളത്.

| വാങ്ങിയ സാധനം | എണ്ണം | നികുതി അടക്കമുള്ള വില |
|---|---|---|
| Hand Sanitiser 5ltr | 30 | 19470 |
| Infrared Thermometer | 100 | 121540 |

അപാകതക്ക് വിശദീകരണം ലഭ്യമാക്കാനായി ഓഡിറ്റ് എൻക്വയറി (എൻക്വയറി നം. 10/03.03.2023) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിന് മാർഗ്ഗരേഖപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. അപാകതക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-22 സർക്കാർ ഉത്തരവ് പാലിക്കാതെ ARTCO യിൽ നിന്നു സാധനങ്ങൾ വാങ്ങി

നിർവഹണോദ്യോഗസ്ഥൻ-പ്രിൻസിപ്പാൾ

പ്രൊജക്ടിന്റെ പേര്,നം- സർക്കാർ സ്കൂളുകളിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ, 44/22

അടങ്കൽ-55,59,220 രൂപ (MG-NR)

ആകെ ചെലവ്- 15,68,441 രൂപ

BRN No.-21150447001001462390/23.03.2022- 8,74,597 രൂപ

21150447001001463510/23.03.2022- 5,52,834 രൂപ

കേരള സ്റ്റോർ പർച്ചേസ് മാന്വൽ ഖ 9.23 പ്രകാരം 5 വർഷത്തിൽ കൂടുതൽ പഴക്കമുള്ള സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് അവർ നിർമ്മിക്കുന്ന സാധനങ്ങൾ വാങ്ങണമെങ്കിൽ ടെണ്ടർ നടപടികൾ പാലിക്കേണ്ടതുണ്ട്. മേൽ വ്യവസ്ഥക്ക് ഇളവ് നൽകിക്കൊണ്ട് ഇത്തരം സ്ഥാപനങ്ങളിൽ നിന്ന് ടെണ്ടർ കൂടാതെ വാങ്ങാവുന്ന സാധനങ്ങളും അവയ്ക്ക് നൽകാവുന്ന വിലയും വ്യക്തമാക്കി കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ച മാത്രമേ ടെണ്ടർ കൂടാതെ സാധനങ്ങൾ വാങ്ങാനാവൂ.

2021-22 സാമ്പത്തിക വർഷ കാലയളവിൽ ARTCO യിൽ നിന്ന് ടെണ്ടർ കൂടാതെ വാങ്ങാവുന്ന സാധനങ്ങൾ, വില

എന്നിവ വ്യക്തമാക്കി GO(RT) 1/2021/SPD Dt 05.01.2021, GO(Rt) 27/ 2020 /SPD Dt 31.12.2020 എന്നീ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

മേൽ ഉത്തരവുകളുടെ ഖണ്ഡിക 4 പ്രകാരം "വാങ്ങുന്ന സാധനങ്ങൾ ARTCO നിർമ്മിച്ചതാണ് എന്നും അവ പുറമെ നിന്ന് വാങ്ങിയത് അല്ല " എന്നുമുള്ള ഒരു സാക്ഷ്യപത്രം ARTCO മാനേജിംഗ് ഡയറക്ടറിൽ നിന്ന് പർച്ചേസിംഗ് ഓഫീസർ ലഭ്യമാക്കേണ്ടതാണ് എന്ന് വ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ മേൽ പരാമർശിക്കപ്പെട്ട ഉത്തരവിൽ ഉൾപ്പെടുത്താത്ത സാധനങ്ങൾ വാങ്ങണമെങ്കിൽ സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ അനുസരിച്ച് ടെണ്ടർ / ക്വട്ടേഷൻ നടപടികൾ പാലിക്കണം എന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

2021-22 വർഷത്തിൽ പ്രിൻസിപ്പാൾ നിർവഹണം നടത്തിയ സർക്കാർ സ്കൂളുകളിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ എന്ന പ്രൊജക്ട് പ്രകാരം ഫർണിച്ചർ വാങ്ങിയത് ARTCO യിൽ നിന്നാണ്. പ്രൊജക്ടുകളുടെ നടത്തിപ്പിൽ കണ്ടെത്തിയ അപാകതകൾ താഴെ നൽകുന്നു.

പ്രൊജക്ട് പ്രകാരം വാങ്ങിയ താഴെ പരാമർശിക്കുന്ന ഫർണിച്ചറുകൾ ടെണ്ടർ കൂടാതെ ARTCO യിൽ നിന്ന് വാങ്ങാൻ GO(RT) 1/2021/SPD Dt 05.01.2021, GO(Rt) 27/ 2020 /SPD Dt 31.12.2020 എന്നീ ഉത്തരവുകൾ പ്രകാരം അനുമതി ഉള്ളതായി കാണുന്നില്ല.

| ക്രമ നം | സാധനം | വാങ്ങിയ അളവ്/ ഒന്നിന്റെ വില | നികുതി ഉൾപ്പെടെ ആകെ വില |
|---|---|---|---|
| 1 | STEEL PLAIN DESK WITHRUB WOOD TOP-180*50*75 CM | 60 @4212 | 298209.60 |
| 2 | STEEL BENCH TOP WITH RUB WOOD- 180*30*45 CM | 60 @3068 | 217214.40 |
| 3 | FIBER ARM CHAIR - NILKAMAL | 3 @680 | 2407.20 |
| 4 | LAB TABLE MADE OF 38*38MM 1.2 SWG GI TUBULUR FRAME WITH POWDER COAT FINISH AND 18MM MARINE GRADE PLYWOOD TOP COVERED WITH 1MM LAMINATE 180*110*75 CM | 6 @10800 | 76464 |
| 5 | OFFICE WALL RACK BY USING GOOD QUALITY 18MM 15MM 12MM 9MM PLYWOOD WITH 1MM MICA FINISH AND INSIDE PAINTED FINISH RATE FOR 1M2 . 600*180*40 CM, 900*40*75CM WITH GLASS PLYWOOD SHUTTER | 17.550 @17177 | 355718 |
| | ആകെ | | 950012.8 |

മേൽ പരാമർശിക്കപ്പെട്ട സാധനങ്ങൾ ടെണ്ടർ കൂടാതെ ARTCO യിൽ നിന്ന് വാങ്ങിയതിന് ആധാരമാക്കിയ സർക്കാർ അനുമതി ലഭ്യമെങ്കിൽ ആയതും , മേൽ ഇനങ്ങൾ ARTCO ഉത്പാദിപ്പിക്കുന്നതാണ് എന്ന സാക്ഷ്യപത്രവും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണെന്നും കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11/03.03.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

പദ്ധതി നടപ്പിലാക്കുമ്പോൾ കാലാനുസൃതമായി പുറപ്പെടുവിക്കുന്ന സർക്കാർ ഉത്തരവുകളും നിർദ്ദേശങ്ങളും പൂർണ്ണമായി പാലിക്കേണ്ടതും ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. മറുപടി ലഭ്യമാക്കുന്നതു വരെ ചെലവു തുക 950013/- രൂപ തടസ്സം ചെയ്യുന്നു.

## 1-23 സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

2021-22 വർഷത്തിൽ ഹെഡ്മാസ്റ്റർ നിർവഹണോദ്യോഗസ്ഥനായി താഴെ പറയുന്ന പദ്ധതികൾ വഴി പർച്ചേസ് ചെയ്ത സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

| ക്രമ നമ്പർ | പ്രോജക്ട് | ചെലവു തുക | BRN No/ Dt | റിമാർക്സ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | യു പി ക്ലാസ്സ് റൂം ലൈബ്രറി,41/22 | 179531 | 2115044700100146156/23.03.2022 | ഫർണിച്ചർ വാങ്ങുന്നതിനായി ARTCO ക്ക് തുക നൽകിയിട്ടുണ്ട്. (ഇൻവോയിസ് നം.TSR 856/22.03.2022) |
| 2 | സർക്കാർ സ്കൂളുകളിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ,44/22 | 1568441 | 2115044700100146239/23.03.2022-874597/-<br>2115044700100146351/23.03.2022-552834/- | ഫർണിച്ചർ വാങ്ങുന്നതിനായി ARTCO ക്ക് തുക നൽകിയിട്ടുണ്ട്. (ഇൻവോയിസ് നം.TSR 853/22.03.2022-874597/-, ഇൻവോയിസ് നം.TSR 861/22.03.2022-552834/-) |
| | | | 2115044700100146179/25.03.2022-141010/- | ഇൻഫ്രാറെഡ് തെർമോമീറ്ററും സാനിറ്റൈസറും വാങ്ങുന്നതിന് കൊച്ചിൻ സർജിക്കൽസിന് തുക നൽകിയിട്ടുണ്ട്. (ഇൻവോയിസ് നം.CSG/03039/21-22 /13.10.2021) |

മേൽ സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ വിവരം ലഭ്യമാക്കാനായി ഓഡിറ്റ് എൻക്വയറി (എൻക്വയറി നം 12/3.3.23 ) നൽകിയിരുന്നുവെങ്കിലും സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

## 1-24 അംഗനവാടി പോഷകാഹാരവിതരണം- രേഖകൾ ഹാജരാക്കിയിട്ടില്ല

1.ഭക്ഷണ സാധനത്തിന്റെ ഗുണനിലവാര പരിശോധന നടത്തിയിട്ടില്ല .

സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടറുടെ ഐ.സി.ഡി.എസ് ബി3-312/10 തീയതി 18-12-10 കത്ത് പ്രകാരം രണ്ട് മാസത്തിലൊരിക്കൽ ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബിൽ പരിശോധനയ്ക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂണിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ടുകളുടെ സാമ്പിളുകൾ പരിശോധന നടത്താനും നിർദ്ദേശിച്ചിരുന്നു. മേൽ കത്ത് പ്രകാരം അംഗനവാടികളിലൂടെ പ്രീ സ്കൂൾ കുട്ടികൾ,ഗർഭിണികൾ ,മുലയൂട്ടുന്ന അമ്മമാർ എന്നിവർക്ക് വിതരണം ചെയ്യുന്ന ഭക്ഷണസാധനത്തിന്റെ ഗുണനിലവാര പരിശോധന നടത്തിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

2.ന്യൂട്രിമിക്സ് വിതരണം ചെയ്യുന്ന സ്ഥാപനത്തെ നഗരസഭ ഭരണസമിതി അംഗീകരിച്ചിട്ടില്ല.

ന്യൂട്രിമിക്സ് വിതരണം ചെയ്യുന്ന ജനകീയം ന്യൂട്രിമിക്സ് കുടുംബശ്രീ -ആലംകോട്,ചൈതന്യം അമൃതം ന്യൂട്രിമിക്സ് യൂണിറ്റ്-അയിരൂർ ,മമത ന്യൂട്രിമിക്സ് യൂണിറ്റ്- പിടാവന്നൂർ എന്ന സ്ഥാപനത്തെ നഗരസഭ ഭരണസമിതി അംഗീകരിച്ചിട്ടില്ല. ഈ സ്ഥാപനവുമായി നഗരസഭ കരാർ ചമച്ചിട്ടുമില്ല. ന്യൂട്രിമിക്സ് വിതരണം ചെയ്യുന്നതിനുള്ള സ്ഥാപനത്തെ നിശ്ചയിക്കുന്നത് ഏത് അടിസ്ഥാനത്തിലാണ് എന്നത് വ്യക്തമാക്കേണ്ടതും ഇത്തരത്തിൽ നിശ്ചയിക്കപ്പെട്ട യൂണിറ്റുകൾക്ക് നഗരസഭയുമായി കരാർ ചമക്കുന്നതിന് സർക്കാർ ഇളവുകൾ നൽകിയിട്ടുണ്ടെങ്കിൽ അതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. മേൽ അപാകത കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.44/07.03.2023) മറുപടി ലഭ്യമാക്കിയിട്ടില്ല

## 1-25 അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ- അപാകതകൾ

1.സർക്കാർ ഉത്തരവ് പാലിക്കാതെ ARTCO യിൽ നിന്ന സാധനങ്ങൾ വാങ്ങി

നിർവഹണോദ്യോഗസ്ഥൻ – ഐ സി ഡി എസ് സൂപ്പർവൈസർ

പ്രൊജക്ടിന്റെ പേര്,നം- അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ, 37/22

അടങ്കൽ-10,00,000 രൂപ(MG-NR)

ചെലവ്- 10,00,000 രൂപ.

BRN No.-21150447001301418091/23.03.2022.

കേരള സ്റ്റോർ പർച്ചേസ് മാന്വൽ ഖ. 9.23 പ്രകാരം 5 വർഷത്തിൽ കൂടുതൽ പഴക്കമുള്ള സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് അവർ നിർമ്മിക്കുന്ന സാധനങ്ങൾ വാങ്ങണമെങ്കിൽ ടെണ്ടർ നടപടികൾ പാലിക്കേണ്ടതുണ്ട്. മേൽ വ്യവസ്ഥക്ക് ഇളവ് നൽകിക്കൊണ്ട് ഇത്തരം സ്ഥാപനങ്ങളിൽ നിന്ന് ടെണ്ടർ കൂടാതെ വാങ്ങാവുന്ന സാധനങ്ങളും അവയ്ക്ക് നൽകാവുന്ന വിലയും വ്യക്തമാക്കി കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ച് മാത്രമേ ടെണ്ടർ കൂടാതെ സാധനങ്ങൾ വാങ്ങാനാവൂ.

2021-22 സാമ്പത്തിക വർഷ കാലയളവിൽ ARTCO യിൽ നിന്ന് ടെണ്ടർ കൂടാതെ വാങ്ങാവുന്ന സാധനങ്ങൾ, വില എന്നിവ വ്യക്തമാക്കി GO(RT) 1/2021/SPD Dt 05.01.2021, GO(Rt) 27/ 2020 /SPD Dt 31.12.2020 എന്നീ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

മേൽ ഉത്തരവുകളുടെ ഖണ്ഡിക 4 പ്രകാരം "വാങ്ങുന്ന സാധനങ്ങൾ ARTCO നിർമ്മിച്ചതാണ് എന്നും അവ പുറമെ നിന്ന് വാങ്ങിയത് അല്ല " എന്നുമുള്ള ഒരു സാക്ഷ്യപത്രം ARTCO മാനേജിംഗ് ഡയറക്ടറിൽ നിന്ന് പർച്ചേസിംഗ് ഓഫീസർ ലഭ്യമാക്കേണ്ടതാണ് എന്ന് വ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ മേൽ പരാമർശിക്കപ്പെട്ട ഉത്തരവിൽ ഉൾപ്പെടുത്താത്ത സാധനങ്ങൾ വാങ്ങണമെങ്കിൽ സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ അനുസരിച്ച് ടെണ്ടർ / ക്വട്ടേഷൻ നടപടികൾ പാലിക്കണം എന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

2021-22 വർഷത്തിൽ അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ എന്ന പ്രൊജക്ട് പ്രകാരം ഫർണിച്ചർ വാങ്ങിയത് ARTCO യിൽ നിന്നാണ്. പ്രൊജക്ടുകളുടെ നടത്തിപ്പിൽ കണ്ടെത്തിയ അപാകതകൾ താഴെ നൽകുന്നു.

പ്രൊജക്ട് പ്രകാരം വാങ്ങിയ സാധനങ്ങളിൽ താഴെ പരാമർശിക്കുന്ന സാധനങ്ങൾ ടെണ്ടർ കൂടാതെ ARTCO യിൽ നിന്ന് വാങ്ങാൻ GO(RT) 1/2021/SPD Dt 05.01.2021, GO(Rt) 27/ 2020 /SPD Dt 31.12.2020 എന്നീ ഉത്തരവുകൾപ്രകാരം അംഗീകരിക്കപ്പെട്ട് കാണുന്നില്ല.

| ക്രമ നം | സാധനം | വാങ്ങിയ അളവ്/ ഒന്നിന്റെ വില | നികുതി ഉൾപ്പെടെ ആകെ വില |
|---|---|---|---|
| 1 | Digital Class Room IT Includes 32 Inch Full HD Smart TV With Activity Pendrive.Includes Rhymes, Songs, Stories.Includes Supporting Stand And Fitting | 8 @19500 | 184080 |
| 2 | HALLOW TABLE - COLOURFULL AND ATTRACTIVE TABLE WITH MINIMUM SIZE OF L 135"*W75" *H 50" WITH STRONG 4 LEGS AND FULLY HEIGHT DETACHABLE LEGS AND ANTI SKID RUBBER BUSH ATTACHED | 24 @3790 | 107332.80 |
| 3 | BABY FIBRE/PLASTIC CHAIR- FULLY SINGLE MOULDED SOLID AND EXTRA STRONG,STACKABLE WITH MINIMUM LENGTH 33CM* WIDTH 39CM*HEIGHT 50CM | 165 @398 | 77490.60 |
| 4 | Bisphenol FREE ETHYLENE VINYL ACETATE RUGS . CHILD FRIENDLY ATTRACTIVE LIGHT WEIGHT AND DURABLE | 586 @275 | 190157 |
| 5 | STORAGE STAND .CHILD FRIENDLY ATTRACTIVE LIGHT WEIGHT MULTY COLOUR FULLY DETACHABLE SIMPLY PORTABLE MINIMUM 4 STEP MINIMUM HEIGHT IS 80 CM WIDTH 35 CM AND LENGTH IS 110 CM | 10 @4590 | 54162 |
| 6 | INDOOR TOY Bin. IT IS MADE UP OF HIGH QUALITY METERIAL LIGHT WEIGHT COLOUR FUL CHILD FRIENDLY TOY MODEL. MINIMUM W50CM*H62CM*L25CM AND ABOVE | 10 @1730 | 20414 |
| 7 | Extension Box(CN 34,83) | 1 @690 | 814.20 |

| | | | |
|---|---|---|---|
| 8 | Multi Purpose Teaching And Artboard. IT IS MADE UP OF GOOD QUALITY MATERIAL WITH FINE FINISHING AND IT SHOULD CONTAIN PEN& CHALK HOLDING TRAY,WHITE BOARD,BLACK BOARD, FULLY DETACHABLE, LITE WEIGHT , CHILD FRIENDLY ATTRACTIVE , MULTY COLOUR MINIMUM HEIGHT IS 105 CM WIDTH 60 CM AND LENGTH IS 70 CM | 10 @2990 | 33488 |
| 9 | Ring Game Elephant- Multi Colour 4PC Ring And One Elephant | 10 @890 | 9968 |
| 12 | Mazi Count And Jump Hopscotch .This Is Foldable And Can Be Used Indoor And Out Door. MINIMUM L230CM*H70CM | 10 @760 | 8512 |
| 13 | Adjustable Basket Ball Set, L15 Incch.W 20 Inch,H 54 Inch | 10 @1400 | 15680 |
| | ആകെ | | 702099 |

മേൽ പരാമർശിക്കപ്പെട്ട സാധനങ്ങൾ ടെണ്ടർ കൂടാതെ ARTCO യിൽ നിന്ന് വാങ്ങുന്നതിന് ആധാരമാക്കിയ സർക്കാർ ഉത്തരവ് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. കൂടാതെ മേൽ പരാമർശിക്കപ്പെട്ട സാധനങ്ങൾ ARTCO ഉത്പാദിപ്പിക്കുന്നതാണ് എന്ന സാക്ഷ്യപത്രവും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. രേഖകളുടെ അഭാവത്തിൽ 702099/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

2. അക്രഡിറ്റഡ് ഏജൻസി പ്രവൃത്തി - സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല.

സർക്കാർ ഉത്തരവ് 819/2021/തസ്വഭവ തീ.30.03.2021 പ്രകാരം ഇന്റീരിയർ ഫർണിഷിംഗ് പ്രവൃത്തികൾക്ക് അക്രഡിറ്റഡ് ഏജൻസിയായി അംഗീകരിച്ച സ്ഥാപനമാണ് ആർട്കോ. ആയതിനാൽത്തന്നെ ഇന്റീരിയർ ഫർണിഷിംഗ് പ്രവൃത്തികൾ മാത്രം ARTCO മുഖേന നടപ്പാക്കാവുന്നതാണ്. എന്നാൽ അക്രഡിറ്റഡ് ഏജൻസികളെ അംഗീകരിച്ചുള്ള സർക്കാർ ഉത്തവ് GO(P) 67/21/Fin Dt 28.04.2021 അനുസരിച്ച് അക്രഡിറ്റഡ് ഏജൻസി പ്രവൃത്തികളുടെ ഡിസൈൻ, പ്ലാൻ , ഡിറ്റൈൽഡ് എസ്റ്റിമേറ്റ് തയ്യാറാക്കൽ , സാങ്കേതികാനുമതി നൽകൽ എന്നിവ പ്രസ്തുത അക്രഡിറ്റഡ് ഏജൻസിയുടെ ചുമതലയാണ്. വിശദമായ എസ്റ്റിമേറ്റ് പ്രൈസ് സോഫ്റ്റ്‌വെയറിൽ, CPWD, MORd Data അനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കണം എന്നും, പ്രവൃത്തി നടത്തുന്ന ഏജൻസികൾ PWD മാനുവലിലെ നിബന്ധനകൾ പാലിക്കുകയും ചെയ്യണം എന്നും മേൽ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

ARTCO മുഖേന നടപ്പാക്കിയ മേൽ പദ്ധതി പ്രകാരം അംഗനവാടി ചുമരിൽ ആർട് വർക്ക് പെയിന്റിംഗിനും താഴെ പറയും പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.പ്രവൃത്തിക്ക് വിശദമായ എസ്റ്റിമേറ്റ് ARTCO തയ്യാറാക്കിയിട്ടില്ല. എസ്റ്റിമേറ്റിന് സാങ്കേതികാനുമതിയും നല്കിയിട്ടില്ല. പ്രവൃത്തികൾക്ക് ARTCO നിരക്ക് നിശ്ചയിച്ച മാനദണ്ഡം വ്യക്തമാക്കിയിട്ടില്ല. ആർട്ട്കോ നൽകിയ ബില്ല് അല്ലാതെ പ്രവൃത്തി നടത്തിയതിന്റെ അളവ് എം ബുക്കിൽ രേഖപ്പെടുത്തി ബില്ല് തയ്യാറാക്കിയിട്ടില്ല. നിശ്ചിത ഗുണനിലവാര പ്രകാരം പ്രവൃത്തി നടത്തിയോ എന്നത് നിർവഹണോദ്യോഗസ്ഥനോ മറ്റ് ഏതെങ്കിലും ക്ഷമതയുള്ള ഉദ്യോഗസ്ഥരോ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

| ക്രമ നം | സാധനം | വാങ്ങിയ അളവ്/ ഒന്നിന്റെ വില | നികുതി ഉൾപ്പെടെ ആകെ വില |
|---|---|---|---|
| 1 | Class Room Painting With Art Frontage Art Only | 1 @17600 | 19712 |
| 2 | Anganavadi Painting Work -Sky Blue Colour Classroom Four Wall Art And Outside Front Wall Art | 7 @29800 | 233632 |
| 3 | Class Room Painting With Art Frontage Art Only | 2 @19900 | 44576 |
| | ആകെ | | 297920 |

അപാകതകക്ക് എൻക്വയറി(എൻക്വയറി നം.06/02.03.2023) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-26 കുടിവെള്ള വിതരണ പദ്ധതി - അപാകതകൾ

നിർവഹണോദ്യോഗസ്ഥൻ- ഹെൽത്ത് ഓഫീസർ

പ്രൊജക്ടിന്റെ പേര്,നം- കുടിവെള്ള വിതരണ പദ്ധതി,201/22

അടങ്കൽ-25,50,000(ധനകാര്യ കമ്മീഷൻ അവാർഡ്)

ആകെ ചെലവ്-25,00,000 രൂപ
ബിൽ നം.-237/13.12.2021-1021800/-

303/15.01.2022-955890/-
529/25.2.22- 522310 /-

മേൽ പദ്ധതി പ്രകാരം പൊന്നാനി നഗരസഭാ പരിധിയിൽ കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിനായി ടെണ്ടർ ക്ഷണിച്ചതിൽ ശ്രീ. രാജു പി വി, പണ്ടാരവളപ്പിൽ സമർപ്പിച്ച ടെണ്ടറാണ് അംഗീകരിച്ചിട്ടുള്ളത് (39 Paisa/litr). ടെണ്ടർ നോട്ടീസിൽ കുടിവെള്ളം വിതരണം ചെയ്യാൻ താൽപ്പര്യമുള്ളവർ പാലിക്കേണ്ട നിബന്ധനകളിൽ ക്രമ നം 5 പ്രകാരം വിതരണം ചെയ്യുന്ന കുടിവെള്ളം ലാബുകളിൽ പരിശോധന നടത്തി ശുദ്ധജലമാണെന്ന് ഉറപ്പ് വരുത്തിയതിന് ശേഷമേ വിതരണം ചെയ്യാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ടെണ്ടർ ഫോമിനോടൊപ്പം സമർപ്പിച്ച കുടിവെള്ളത്തിന്റെ ലബോറട്ടറി അനാലിസിസ് റിപ്പോർട്ട് പ്രകാരം വെള്ളത്തിന്റെ Acidic Count 26mg/litr ആണ്. മതിയായ ഗുണനിലവാരം ഉറപ്പുവരുത്താതെയാണ് കുടിവെള്ളം വിതരണം ചെയ്തത്. ഇക്കാര്യത്തിൽ മറുപടി ലഭ്യമാക്കാനായി ഓഡിറ്റ് എൻക്വയറി (എൻക്വയറി നം ) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. മതിയായ ഗുണനിലവാരം ഉറപ്പുവരുത്താതെ കുടിവെള്ളം വിതരണം ചെയ്തതിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-27 ഹരിതസഹായ സ്ഥാപനത്തിന് തുക അനുവദിക്കൽ - ഫയൽ ഹാജരാക്കിയിട്ടില്ല

നിർവഹണോദ്യോഗസ്ഥൻ- ഹെൽത്ത് ഓഫീസർ
പ്രൊജക്ടിന്റെ പേര്,നം- ഹരിതസഹായ സ്ഥാപനത്തിന് തുക അനുവദിക്കൽ- 200/22

അടങ്കൽ-973505(ധനകാര്യ കമ്മീഷൻ അവാർഡ്)

ചെലവ്-744445

സുലേഖ ചെലവ് പത്രിക പ്രകാരം മേൽ പദ്ധതി പ്രകാരം 7,44445 രൂപയുടെ ചെലവ് കാണുന്നു. ആയതിന്റെ വിശദാംശങ്ങൾ പരിശോധിക്കുന്നതിനായി ഫയൽ ഹാജരാക്കാൻ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നുവെങ്കിലും ഫയൽ ഹാജരാക്കിയിട്ടില്ല. ഫയൽ ഹാജരാക്കുന്നതു വരെ ചെലവു തുക 744445/- രൂപ തടസ്സം ചെയ്യുന്നു.

## 1-28 സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നതിലെ അപാകത

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 150 പ്രകാരം അസംസ്കൃത വസ്തുക്കൾ, വില കുറഞ്ഞ സ്റ്റോർ എന്നിവയും, ഓഫീസ് ഫർണിച്ചറിനും, പുസ്തകങ്ങൾ, ഫോറങ്ങൾ, സ്റ്റേഷനറി എന്നിവയും പ്രത്യേകം സ്റ്റോക്ക് അക്കൗണ്ടുകളും, ഗവ.സർക്കുലർ 86/2010/ ഫിൻ തീ.24.09.10 പ്രകാരം കമ്പ്യൂട്ടർ ഹാർഡ്‌വെയർ, സോഫ്റ്റ് വെയർ എന്നിവയും പ്രത്യേക സ്റ്റോക്ക് രജിസ്റ്ററും സൂക്ഷിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഹെൽത്ത് ഓഫീസർ സ്റ്റേഷനറി, ഫോറങ്ങൾ എന്നിവയ്ക്കായി സൂക്ഷിക്കുന്ന രജിസ്റ്ററിൽ തന്നെയാണ് കംപ്യൂട്ടർ ഉൾപ്പെടെ രേഖപ്പെടുത്തുന്നത്. മാത്രമല്ല ഈ രജിസ്റ്ററിൽ തന്നെയാണ് ഓഫീസിലെ മറ്റു ചെലവുകളുടെ വിവരങ്ങളും രേഖപ്പെടുത്തുന്നത്. അപാകത പരിഹരിച്ച് സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-29 ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനു നടപടി സ്വീകരിക്കേണ്ടതാണ്

പ്രധാനമന്ത്രി ആവാസ് യോജന പദ്ധതി പ്രകാരം 7 ഡി പി ആറുകളിലായി കരാറിൽ ഏർപ്പെട്ട ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണത്തിനായി ധനസഹായം അനുവദിക്കപ്പെട്ടിട്ടുണ്ടെങ്കിലും മുഴുവൻ ഗുണഭോക്താക്കളും വീടു പണി പൂർത്തീകരിച്ചിട്ടില്ല. ഓഡിറ്റ് തിയ്യതി വരെയുള്ള കണക്കുകൾ പ്രകാരം 31.3.2022 വരെയായി വിവിധ ഗഡുക്കൾ കൈപ്പറ്റി ഒരു വർഷത്തിൽ അധികമായ താഴെ പറയുന്ന 121 ഗുണഭോക്താക്കൾ വീടുപണി പൂർത്തീകരിക്കാൻ അവശേഷിക്കുന്നുണ്ട്.

| ഒന്നാം ഗഡു കൈപ്പറ്റിയവർ | രണ്ടാം ഗഡു കൈപ്പറ്റിയവർ | മൂന്നാം ഗഡു കൈപ്പറ്റിയവർ |
|---|---|---|
| 25 | 31 | 65 |

മേൽ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം നിയമാനുസൃതം കാലാവധി ദീർഘിപ്പിച്ച് പൂർത്തീകരിക്കുന്നതിനോ, ഭവന നിർമാണം നാളിതു വരെ തുടങ്ങാത്ത/പൂർത്തിയാക്കാൻ സന്നദ്ധരല്ലാത്ത പക്ഷം അത്തരം ഗുണഭോക്താക്കളിൽ നിന്നു കൈപറ്റിയ തുക ഈടാക്കാനോ ഉചിതമായ നടപടി സ്വീകരിക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി 15/4.03.2023)

## 1-30 മത്സ്യത്തൊഴിലാളി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം - അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം, പേര് | 47/22 – മത്സ്യത്തൊഴിലാളി വിഭാഗത്തിൽ പെട്ട ഡിഗ്രി പിജി പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് നല്കൽ |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഫിഷറീസ് സബ് ഇൻസ്പെക്ടർ |
| അടങ്കൽ തുക | ₹33,37,500/- (ധന കാര്യ കമ്മീഷൻ ഗ്രാന്റ് ) |
| ചെലവ് തുക | ₹31,93,650(75x42582)<br>(ബിൽ നം.3/2021-22 തീയ്യതി : 30.03.22) |
| തുക കൈപ്പറ്റിയ സ്ഥാപനം | വിശ്വാസ് കമ്പ്യൂട്ടേഴ്സ് ,കുന്നംകുളം |
| ഇൻവോയ്സ് നം | 1926/27.3.2022 |

പദ്ധതിയുടെ ഓഡിറ്റിനു ഹാജരാക്കിയ ഫയൽ പരിശോധിച്ചതിലെ കണ്ടെത്തിയ അപാകതകൾ:

1. താഴെ കാണുന്ന ഗുണഭോക്താക്കളുടെ പേരിനു നേരെ കാണിച്ച രേഖകൾ അപേക്ഷകൾക്കൊപ്പം ലഭ്യമല്ല

| ക്രമ നം. | വിദ്യാർത്ഥിയുടെ പേര് | വാർഡ് | ലഭ്യമല്ലാത്ത രേഖ |
|---|---|---|---|
| 1. | ശ്രീമതി ഹസ്ന സി<br>ചാവക്കാട്ടുകാരന്റെ ഹൗസ്<br>തൃക്കാവ് | 36 | മത്സ്യത്തൊഴിലാളി ക്ഷേമ നിധി അംഗത്വം |
| 2. | ശ്രീമതി സുഹൈല എംഎ, മുസ്ലിയാർ പറമ്പിൽ | 41 | “ ” |
| 3. | ശ്രീമതി മുഫീദ പി കെ, പരീക്കുട്ടിക്കാനകത്ത് | 37 | “ ” |
| 4. | മുഹമ്മദ് ഫവാസ്, ഉണ്ണിത്തറയിൽ | 39 | അംഗീകൃത കോഴ്സ് സർട്ടിഫിക്കറ്റ് |

2.ഇൻവോയ്സിൽ സ്റ്റോക്ക് എൻട്രി വിവരം സാക്ഷ്യപ്പെടുത്തുകയോ,സ്റ്റോക്ക് റജിസ്റ്റർ ഹാജരാക്കുകയോ ചെയ്തിട്ടില്ല.

3. പദ്ധതികളുമായി ബന്ധപ്പെട്ട വരവു ചെലവുകൾ ഉൾപ്പെടുത്തിയ സ്ഥാപനത്തിന്റെ മെയിൻ കാഷ് ബുക്കിനു പകരം ഓഡിറ്റ് വർഷത്തേക്ക് മാത്രമായി തയാറാക്കിയ ഏതാനും പേജുകൾ മാത്രമുള്ള കാഷ് ബുക്ക് ആണു ഹാജറാക്കിയത്. ആയതിന്റെ കാരണം അറിയിക്കേണ്ടതാണ്.

4. ആനുകൂല്യം കൈപറ്റുന്ന വിദ്യാർഥികളുടെ കോഴ്സ്, വർഷം തുടങ്ങിയ പ്രസക്തമായ വിവരങ്ങൾ തുടർച്ചയായും സ്ഥിരമായും ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചു വരുന്നില്ല. ഹാജറാക്കിയ രജിസ്റ്റർ ഓഡിറ്റ് വർഷത്തേക്ക് മാത്രമായി തയ്യാറാക്കിയതായതിനാൽ മുൻ വർഷങ്ങളിൽ ലാപ് ടോപ്പ് ലഭ്യമായവർക്ക് വീണ്ടും കൊടുത്തില്ല എന്നത് എത്തരത്തിലാണ് മാറി മാറി ചുമതല ഏല്ക്കുന്ന നിർവഹണ ഉദ്യോഗസ്ഥർക്ക് ഉറപ്പ് വരുത്താനാവുക എന്നത് വിശദീകരിക്കപ്പെടേണ്ടതാണ്.

5.പ്രൊജക്റ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

മതിയായ വിശദീകരണം/രേഖകൾ ലഭ്യമാക്കുന്നത് വരെ ക്രമ നം. 1 പ്രകാരമുള്ള 4 ലാപ്ടോപ്പുകളുടെ തുകയായ 1,70,328(4x42582) രൂപ തടസത്തിൽ വെക്കുന്നു. ശേഷിക്കുന്ന അപാകതകൾ എത്തരത്തിലാണു പരിഹരിച്ചതെന്നു റിപ്പോർട്ട് ചെയ്യേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി 35/6.03.2023 നു മറുപടി ലഭ്യമായിട്ടില്ല)

## 1-31 മരുന്നുകൾ/ഉപകരണങ്ങൾ മുഴുവനായും ലഭ്യമായില്ല

2021-22 സാമ്പത്തിക വർഷത്തിൽ താലൂക്ക് ഹോസ്പിറ്റൽ സൂപ്രണ്ട്,പൊന്നാനി നിർവഹണം നടത്തിയ പദ്ധതികളിൽ മരുന്നുകൾ/ഉപകരണങ്ങൾ വാങ്ങുന്നതിനായി താഴെ കാണും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.എന്നാൽ ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പ്രകാരം മുഴുവൻ തുകക്കുള്ള ഇനങ്ങളും നാളിതു വരെയായി ലഭ്യമായിട്ടില്ല. വിശദ വിവരങ്ങൾ.

| ക്രമ നം. | പ്രൊജക്റ്റ് പേര്, നമ്പർ | മരുന്നിനായി നല്കിയ തുക | പ്രഫോർമ ഇൻവോയിസ്/തിയ്യതി | BRനം./തിയ്യതി | ലഭ്യമായത് | ശേഷിക്കുന്നത് |
|---|---|---|---|---|---|---|
| 1 | പരിരക്ഷ പ്രൈമറി (18/22) | 329351<br>Plan Fund | PRF1117/9.7.21 | 2115044700200<br>0843918/27.12.21 | 237236 | 92115 |
| | | 98304<br>Plan Fund | PRF6817/11.3.22 | 2115044700200<br>1368388/18.3.22 | 56926 | 41378 |
| 2 | പരിരക്ഷ സെക്കണ്ടറി (22/22) | 49963 | PRF2955 | 211504470020<br>00638909/11.11.21 | 38277 | 11686 |

| | | | | | | |
|---|---|---|---|---|---|---|
| | | MG(NR) | 27.10.21 | | | |
| 3 | താലൂക്ക് ഹോസ്പിറ്റലിലേക്ക് ഉപകരണങ്ങൾ വാങ്ങൽ (35/22) | 22867 MG(NR) | PRF6894/15.3.22 | 21150447002 001368397/18.3.22 | 21597 | 1270 |
| 4 | സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ 85/22 | 2000000 MG(NR) | PRF5411/3.2.22 | 211504470020 01279544/9.3.22 | 1223246 | 776754 |
| 5 | പൊന്നാനി ഹെൽത്ത് സെന്ററിലേക്ക് മരുന്ന് വാങ്ങൽ 59/22 | 200000 MG(NR) | PRF1585/10.8.21 | 2115044700200 0843914/27.12.21 | 113162 | 86838 |
| 6 | ശാന്തി പെയിൻ ആൻഡ് പാലിയേറ്റീവ് സെന്ററിലേക്ക് മരുന്ന് വാങ്ങൽ 16/22 | 500000 CFC | PRF2557/7.10.21 | 2115044700200 0638901/11.11.21 | 385112 | 114888 |
| | ആകെ | 3200485 | | | 2075556 | 1124929 |

ക്രമ നം. 3 പ്രകാരം 5 വീൽ ചെയറുകൾക്കായി നല്കിയതിൽ ശേഷിക്കുന്ന തുക മറ്റൊരു വീൽ ചെയറിനു തികയാത്ത പക്ഷം 1270 രൂപ തിരികെ ഈടാക്കേണ്ടതും, മുൻ കൂർ നല്കിയതിൽ അവശേഷിക്കുന്ന ഇനങ്ങൾ ലഭ്യമാക്കി സ്റ്റോക്ക് വിവരം സഹിതം റിപ്പോർട്ട് ചെയ്യേണ്ടതുമാണ് .(ഓഡിറ്റ് എൻക്വയറി നമ്പർ 32/6.3.23.)

## 1-32 പട്ടികജാതി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് - അധികം നൽകിയ തുക തിരിച്ചടവാക്കേണ്ടതാണ്.

പ്രൊജ.നമ്പർ 23/22 ഡിഗ്രി,പിജി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ്

നിർവ്വഹണ ഉദ്യോഗസ്ഥൻ- പട്ടിക ജാതി വികസന ഓഫീസർ

അടങ്കൽ- 10,00,000 രൂപ (വികസന ഫണ്ട് എസ്.സി.പി)
ചെലവ്- 9,90,000 രൂപ ( BRN No. 21150447000901009942/19.1.22- 375000,
BRN No. 21150447000901261401/7.3.22- 340000,
BRN No. 21150447000901283250/9.3.22- 275000 ).

സ്കോളർഷിപ്പ് ഗുണഭോക്താക്കളുടെ പട്ടികയിൽ ഉൾപ്പെട്ട ശ്രീ.അമൽ വി.അശോക് എന്ന വിദ്യാർത്ഥിക്ക് 30,000 രൂപ സ്കോളർഷിപ്പ് തുക നൽകിയിട്ടുണ്ട്.
എം.ജി.യൂണിവേഴ്സിറ്റിക്ക് കീഴിൽ ഭാരത് മാതാ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ് ആലുവയിൽ പഞ്ചവൽസര എൽ.എൽ.ബി കോഴ്സിന് പഠിക്കുന്നയാളാണെന്ന പ്രിൻസിപ്പാളിന്റെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്. ഡിഗ്രി ലെവൽ കോഴ്സ് ആണെന്നിരിക്കെ ആയതിന് 20,000 രൂപക്കാണ് ജി.ഒ.(എം.എസ്)നം.22/2018/ത.സ്വ.ഭ.വ തിയ്യതി.14.2.18 പ്രകാരം സബ്സിഡി മാർഗ്ഗരേഖയനുസരിച്ച് ധനസഹായത്തിന് അർഹത. മാർഗ്ഗരേഖയിലെ ഖണ്ഡിക 7.2.5 പ്രകാരം മെഡിക്കൽ ,ബിരുദാനന്തര ബിരുദം,ഗവേഷണ വിദ്യാർത്ഥികൾ എന്നീ കാറ്റഗറിയിൽ ഉൾപ്പെടുന്നവർക്കാണ് 30,000 രൂപക്ക് അർഹതയുള്ളത്. ഓഡിറ്റ് എൻക്വയറി 26/5.3.23 ന് ജോബ് ഓറിയന്റഡ് കോഴ്സ് ആയതിനാലാണ് 30,000 രൂപ നൽകിയതെന്നും അധികം നൽകിയത് തിരികെ ഈടാക്കുമെന്നും അറിയിച്ചു. അധികം നല്കിയ 10,000 രൂപ തിരിച്ചടവാക്കി അറിയിക്കേണ്ടതാണ്.

## 1-33 ഡ്രൈനേജ് കോൺക്രീറ്റ് അധിക നിരക്ക് നൽകി -44027രൂപയുടെ നഷ്ടം

നഗരസഭാ എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച പ്രവൃത്തികളുടെ ഭാഗമായി ഡ്രൈനേജിന് വേണ്ടി മണ്ണ് കിളച്ച് മാറ്റിയ പ്രതലത്തിൽ 1:3:6 സിമന്റ് കോൺക്രീറ്റ് ചെയ്യതിന് മോർഡ് സ്പെസിഫിക്കേഷൻ കോഡ് 11.4.1.1 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. ഈ ഡാറ്റ പ്രകാരമുള്ള പ്രവൃത്തിയിൽ സെന്ററിംഗിനുള്ള നിരക്കും ഉൾപെടുന്നുണ്ട്. ഡ്രൈനേജിനായി മണ്ണ് കിളച്ചെടുത്ത പ്രതലത്തിൽ മുഴവൻ നീളത്തിലും

വീതിയിലുമായി സിമന്റ് കോൺക്രീറ്റ് ചെയ്യുന്നതിന് സെന്ററിംഗ് ആവശ്യമില്ലാത്തതിനാൽ സെന്ററിംഗിനുള്ള നിരക്ക് ഒഴിവാക്കിയാണ് ഈ ഇനത്തിന് നിരക്ക് നൽകേണ്ടിയിരുന്നത്.

ഈയിനത്തിൽ അധിക നിരക്ക് നൽകിയത് കാരണം നഗരസഭയ്ക്ക് 44027 രൂപ നഷ്ടം വന്നിട്ടുണ്ട്.. വിശദാംശങ്ങൾ 3.1 ൽ നൽകിയിട്ടുണ്ട്.

## 1-34 മരാമത്ത് പ്രവൃത്തികൾ നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാത്ത കരാറുകാരനിൽ നിന്ന് നിയമാനുസൃതം ഈടാക്കേണ്ട പിഴ 233530 രൂപ ഈടാക്കിയില്ല

നഗരസഭ എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച മരാമത്ത് പ്രവൃത്തികൾ നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാത്ത കരാറുകാരനിൽ നിന്ന് നിയമാനുസൃതം ഈടാക്കേണ്ട പിഴ ഈടാക്കാതെയാണ് ബിൽ തുക കരാറുകാരന് നൽകിയിട്ടുള്ളത്.

GO(P) 13/2012/PWD/01-02-2012 പ്രകാരമുള്ള കേരള പൊതുമരാമത്ത് മാന്വലിലെ സെക്ഷൻ 2005, 2112 എന്നിവ പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത കാലാവധിക്കകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ കരാറുകാർ AE മുഖേന കരാർ കാലാവധി തീരുന്നതിന് മുമ്പായി, അപേക്ഷിക്കേണ്ടതും നിർവ്വഹണോദ്യോഗസ്ഥൻ ഇക്കാര്യത്തിൽ തീരുമാനമെടുത്ത് പ്രവൃത്തിയുടെ ഒറിജിനൽ സമയത്തിന്റെ 25 % ഗ്രേസ് പിരീഡ് ആയി അനുവദിക്കാവുന്നതുമാണ്. കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ, കരാറുകാർ നിർവ്വഹണോദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും പ്രസ്തുത അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി, PAC യുടെ 1 % പിഴ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25 % വരെ (പരമാവധി 6 മാസം, ഏതാണോ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ച് നൽകാവുന്നതുമാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ, 2 % പിഴ ഈടാക്കണം. എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50 % ൽ അധികരിക്കാവുന്നതല്ല. തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷനൽ ചീഫ് സെക്രട്ടറിയുടെ 18.08.2018 ലെ എ.സി 2/223/15 ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നാലുള്ള പിഴ ആദ്യത്തെ മൂന്ന് മാസക്കാലയളവിന് ഒരു ശതമാനം നിരക്കിലും തുടർന്നുള്ള ഓരോ മൂന്ന് മാസത്തിനും 2% നിരക്കിലും ഈടാക്കണമെന്നാണ് നിർദേശിച്ചിട്ടുള്ളത്.

നഗരസഭ 2021-22 സാമ്പത്തിക വർഷത്തിൽ നിർവ്വഹിച്ച താഴെ പറയുന്ന പ്രവൃത്തിയുടെ കാര്യത്തിൽ കരാറുകാരൻ ദീർഘീകരണത്തിനുള്ള അപേക്ഷ സമർപ്പിച്ചിട്ടില്ല.പ്രവൃത്തി പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കാൻ മേൽ പറഞ്ഞ നടപടികൾ സ്വീകരിക്കുകയോ നിയമാനുസൃതം പിഴ ഈടാക്കുകയോ ചെയ്തിട്ടുമില്ല. മരാമത്ത് പ്രവൃത്തികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

1.SO- 119/22- കടവനാട് GFUPS പെയിന്റിംഗ്, ഇലക്ട്രിഫിക്കേഷൻ , മറ്റു സിവിൽ വർക്കുകൾ

| | |
|---|---|
| പ്രൊജക്ട് നമ്പരും പേരും: | SO- 119/22- കടവനാട് GFUPS പെയിന്റിംഗ്, ഇലക്ട്രിഫിക്കേഷൻ, മറ്റു സിവിൽ വർക്കുകൾ |
| ആകെ അടങ്കൽ തുക<br>2021-22 ലെ അടങ്കൽ/ ഫണ്ടിനം : | 2000000/- സംരക്ഷണ ഗ്രാന്റ് ( റോഡിതരം)<br>1276873/- സംരക്ഷണ ഗ്രാന്റ് ( റോഡിതരം) |
| ചെലവ്: ബിൽ നം.തീയ്യതി. | 823498/- (ബിൽ നം.തീയ്യതി. 04/09.06.2021) |
| കരാർ നം. തീയ്യതി | 147/2018-19 തീയ്യതി- 11.02.2019 |
| (PAC): | 1629767.54 |
| കരാറുകാരൻ | ശ്രീ അബ്ദുല്ലത്തീഫ്, എവറസ്റ്റ് ബിൽഡേഴ്സ് |
| സൈറ്റ് കൈമാറിയ തീയ്യതി | 11.02.2019 |
| കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: | 10.08.2019 ( TS No.85685/2018-19 തീയ്യതി 21.09.2018 പ്രകാരം 6 മാസം) |

| | |
|---|---|
| പൂർത്തീകരിച്ച തീയ്യതി: | 22.07.2020 ( അളവു പുസ്തകം 189/19-20 പേജ് നമ്പർ 47) |
| അളവു പുസ്തകം: | 177/19-20, 189/19-20, 45/20-21 |
| ഈടാക്കേണ്ട പിഴ: | (A) 11.08.2019 മുതൽ 10.11.2019 വരെ 3 മാസം PAC യുടെ 1% പിഴ = 16297/-<br>(B) 11.11.2019 മുതൽ 10.02.2020 വരെ - 3 മാസത്തേക്ക് PAC യുടെ 2% പിഴ = 32594/-<br>( C) 11.02.2020 മുതൽ 10.05.2020 വരെ- 3 മാസത്തേക്ക് PAC യുടെ 2% പിഴ = 32594/-<br>(D)11.05.2020 മുതൽ 22.07.2020 വരെ -73 ദിവസത്തേക്ക് PAC യുടെ 2% പിഴ = 26437/- |
| ആകെ ഈടാക്കേണ്ടത്: | 107922/- |
| ഈടാക്കിയ തുക | 0 |

2. 136/22- വാർഡ് 19-ലെ 74- നമ്പർ അങ്കണവാടി കെട്ടിട നിർമാണം

| | |
|---|---|
| പ്രൊജക്ട് നമ്പരും പേരും: | 136/22- വാർഡ് 19-ലെ അങ്കണവാടി കെട്ടിട നിർമാണം |
| ആകെ അടങ്കൽ തുക | 497380/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) |
| ചെലവ്: ബിൽ നം.തീയ്യതി. | 477363/- ( ബിൽ നം.തീയ്യതി 157/28.10.2021) |
| കരാർ നം. തീയ്യതി | 160/19-20 Dated 05.02.2020 |
| (PAC): | 646342.70 |
| കരാറുകാരൻ | ശ്രീ .ടി.വി. ഷാജേഷ് |
| സൈറ്റ് കൈമാറിയ തീയ്യതി | 05.02.2020 |
| കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി:<br>സർക്കാർ ഉത്തരവ് പ്രകാരം കോവിഡ് കാലയിളവ് 6 മാസം കൂടി അനുവദിക്കുമ്പോൾ പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയ്യതി | 04.07.2020<br>5 മാസം ( TS No.66614/2019-2020 തീയ്യതി 27.09.2019 പ്രകാരം 5മാസം)<br>04.01.2021 ( ആകെ ഇളവ് 11 മാസം) |
| പൂർത്തീകരിച്ച തീയ്യതി: | 08.07.2021<br>( അളവു പുസ്തകം 27/20-21 പേജ് നം.45) |
| അളവു പുസ്തകം: | 27/20-21 |
| ഈടാക്കേണ്ട പിഴ: | 05.01.2021മുതൽ 04.04.2021 വരെ ആദ്യത്തെ 3 മാസം PAC യുടെ 1% പിഴ = 6463/-<br>05.04.2021 മുതൽ 04.07.2021 വരെ 3 മാസത്തേക്ക്<br>PAC യുടെ 2% പിഴ = 12926/-<br>05.07.2021 മുതൽ 08.07.2021 വരെ 4 ദിവസത്തേക്ക് =574<br>(12926x 4/90) |
| ആകെ ഈടാക്കേണ്ടത്: | 19963/- |

| | |
|---|---|
| ഈടാക്കിയ തുക | 0 |

3. SO- 140/22- ഗേൾസ് ഹൈസ്കൂൾ റോഡ് ഡ്രൈനേജ് നിർമാണം

| | |
|---|---|
| പ്രൊജക്ട് നമ്പരും പേരും: | SO- 140/22- ഗേൾസ് ഹൈസ്കൂൾ റോഡ് ഡ്രൈനേജ് നിർമാണം |
| ആകെ അടങ്കൽ തുക | 471000/- ( ധ.കാ.ഗ്രാ) |
| ചെലവ്: ബിൽ നം.തീയ്യതി. | 418727/- (ബിൽ നം.തീയ്യതി. 661/19.03.2022) |
| കരാർ നം. തീയ്യതി | 60/2020-21 തീയ്യതി- 11.09.2020 |
| (PAC): | 420450/- |
| കരാറുകാരൻ | ശ്രീ ടി.വി. ഷാലു ( എസ്റ്റിമേറ്റ് നിരക്ക്) |
| സൈറ്റ് കൈമാറിയ തീയ്യതി | 11.09.2020 |
| കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി:<br>സർക്കാർ ഉത്തരവ് പ്രകാരം കോവിഡ് കാലയിളവ് 6 മാസം കൂടി അനുവദിക്കുമ്പോൾ പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയ്യതി | 10.12.2020 (TS No.3810/2020-21 തീയ്യതി 04.05.2020 പ്രകാരം 3 മാസം)<br>10.06.2021 ( ആകെ ഇളവ് 3+6= 9 മാസം) |
| പൂർത്തീകരിച്ച തീയ്യതി: | 10.02.2022 ( അളവു പുസ്തകം 46//21-22പേജ് നമ്പർ 23) |
| അളവു പുസ്തകം: | 46/21-22 |
| ഈടാക്കേണ്ട പിഴ: | (A) 11.06.2021 മുതൽ 10.09.2021 വരെ ആദ്യത്തെ 3 മാസം PAC യുടെ 1% = 4204/-<br>(B) 11.09.2021 മുതൽ 10.12.2021 വരെ 3 മാസത്തേക്ക് PAC യുടെ 2% = 8408/-<br>(C) 11.12.2021 മുതൽ 10.02.2022 വരെ 62 ദിവസത്തേക്ക് PAC /യുടെ 2% നിരക്കിൽ= 5792/-<br>(8408x 62/90) |
| ആകെ ഈടാക്കേണ്ടത്: | 18404/- |
| ഈടാക്കിയ തുക | 0 |

4.SO129/22- *ഫിഷറീസ് സ്കൂൾ റോഡ് കോൺക്രീറ്റിംഗ് - രണ്ടാംഘട്ടം

| | |
|---|---|
| പ്രൊജക്ട് നമ്പരും പേരും: | SO129/22- ഫിഷറീസ് സ്കൂൾ റോഡ് കോൺക്രീറ്റിംഗ് - രണ്ടാംഘട്ടം |
| പ്രൊജക്ട് അടങ്കൽ തുക<br>2021-22 ലെ അടങ്കൽ തുക | 900000/- (SCP)<br>638744 |

| | |
|---|---|
| ചെലവ്: ബിൽ നം.തീയ്യതി. | 638744/- ( ബിൽ നം.500/17.02.2022) |
| കരാർ നം. തീയ്യതി | 129/2019-2020 Dated 04.12.2019 |
| (PAC): | 638744.21 |
| കരാറുകാരൻ | ശ്രീ .സി.വി അബ്ദുല്ലത്തീഫ് |
| സൈറ്റ് കൈമാറിയ തീയ്യതി | 04.12.2019 |
| കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: | 03.03.2020 ( TS No. 66618/2019-2020 Dated 27.09.2019 പ്രകാരം 3 മാസം |
| പൂർത്തീകരിച്ച തീയ്യതി: | 1.1.2022 ( MB Page No.25 Of Book No. 204/2020-21) |
| അളവു പുസ്തകം: | MB No. 204/20-21 |
| ഈടാക്കേണ്ട പിഴ: | 04.03.2020 മുതൽ 03. 06.2020 വരെ PAC യുടെ 1% പിഴ = 6387/-<br>04.06.2020 മുതൽ 03. 09.2020 വരെ PAC യുടെ 2% പിഴ = 12774/-<br>04.09.2020 മുതൽ 03.12.2020 വരെ- PAC യുടെ 2% പിഴ = 12774/-<br>04.12.2020 മുതൽ 03.03.2021 വരെ PAC യുടെ 2% പിഴ = 12774/-<br>4.03.2021 മുതൽ 03.06.2021 വരെ PAC യുടെ 2% പിഴ = 12774/-<br>04.06.2021 മുതൽ 03.09.2021 വരെ PAC യുടെ 2% പിഴ = 12774/-<br>04.09.2021 മുതൽ 03.12.2021 വരെ PAC യുടെ 2% പിഴ = 12774/-<br>04.12.2021 മുതൽ 01.01.2022 വരെ<br>29 ദിവസത്തേക്ക് =4116/- |
| ഈടാക്കേണ്ടത്: | 87147/- |
| ഈടാക്കിയ തുക | 0 |

ആകെ ഈടാക്കേണ്ട തുക -233436/-

( *കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത കാലാവധിക്കകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ കരാറുകാർ AE മുഖേന കരാർ കാലാവധി തീരുന്നതിന്ന് മുമ്പായി, അപേക്ഷിക്കേണ്ടതും നിർവ്വഹണോദ്യോഗസ്ഥൻ ഇക്കാര്യത്തിൽ തീരുമാനമെടുത്ത് പ്രവൃത്തിയുടെ ഒറിജിനൽ സമയത്തിന്റെ 25 % ഗ്രേസ് പിരീഡ് ആയി അനുവദിക്കാവുന്നതുമാണ്. എന്നാൽ ക്രമനം.4 – ഫിഷറീസ് സ്കൂൾ റോഡ് കോൺക്രീറ്റിംഗ് - രണ്ടാംഘട്ടം എന്ന പ്രവൃത്തി പൂർത്തീകരിക്കേണ്ടത് 03.03.2020 നായിരുന്നു. എന്നാൽ ഈ പ്രവൃത്തി നിശ്ചിത സമയ പരിധിക്കകം പൂർത്തീകരിക്കാതെ കരാറുകാരൻ 21.12.2021 ന് പ്രവൃത്തി പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകാനുള്ള അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അതായത് കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയ്യതിയായ 03.03.2020തീയ്യതി കഴിഞ്ഞ് ഒരു വർഷവും 9മാസവും കഴിഞ്ഞാണ് ദീർഘിപ്പിച്ചു നൽകാനുള്ള അപേക്ഷ നൽകിയതെന്ന് രേഖകൾ പരിശോധിച്ചതിൽ നിന്നും മനസ്സിലാകുന്നു.കരാറുകാരന്റെ അപേക്ഷ നഗരസഭ അംഗീകരിക്കുകയോ കാലാവധി ദീർഘിപ്പിച്ചു നൽകുവാൻ തീരുമാനമെടുക്കുകയോ ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് നൽകിയ മറുപടിയിൽ തുക കരാറുകാരനിൽ നിന്നും ഈടാക്കുന്നതാണെന്ന മറുപടിയാണ് ലഭിച്ചത്)

മരാമത്ത് പ്രവൃത്തികൾ നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാത്ത കരാറുകാരനിൽ നിന്ന് നിയമാനുസൃതം ഈടാക്കേണ്ട പിഴ ഈടാക്കാത്തത് സംബന്ധിച്ച് വിശദീകരണമെന്തെങ്കിലും ലഭ്യമാക്കാനുണ്ടെങ്കിൽ ആയത് ലഭ്യമാക്കാനാവശ്യപ്പെട്ടു കൊണ്ട് നൽകിയ 14/04.03.2023, 31/06.03.2023, 36/06.03.2023, എന്നീ ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾക്ക് നൽകിയ മറുപടിയിൽ മേൽ പറഞ്ഞ തുകകൾ കരാറുകാരിൽ നിന്നും ഈടാക്കി വിവരം അറിയിക്കുന്നതാണെന്ന് മറുപടി നൽകി.

ആയതിനാൽ മേൽ പറഞ്ഞ വിധം നിയമാനുസൃതം ഈടാക്കേണ്ട തുക കരാറുകാരിൽ നിന്നോ അല്ലാത്ത പക്ഷം നിർവഹണോദ്യോഗസ്ഥനായ നഗരസഭാ എഞ്ചിനീയറിൽ നിന്നോ ഈടാക്കി നഗരസഭാ ഫണ്ടിലൊടുക്കേണ്ടതാണ്.

## 1-35 ഡ്രൈനേജ് ഡിമോളിഷൻ - അധിക നിരക്ക് നൽകിയത് സംബന്ധിച്ച്

നഗരസഭാ എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച പ്രവൃത്തികളുടെ ഭാഗമായി നിലവിലുള്ള ഡ്രൈനേജിന്റെ സൈഡ് വാൾ, സ്ലാബ് എന്നിവ പൊളിച്ച് നീക്കിയതിന് തെറ്റായ ഡാറ്റ പ്രകാരമുള്ള നിരക്ക് നൽകിയത് വഴി

58697/- രൂപയുടെ അധിക ചെലവ് ഉണ്ടായി.

ഡ്രൈനേജിന്റെ സൈഡ് വാൾ, സ്ലാബ് എന്നിവ പൊളിച്ച് നീക്കിയതിന് DSR കോഡ് പ്രകാരമുള്ള ഡാറ്റ ഉപയോഗിച്ച് തയ്യാറാക്കിയ ഒബ്സർവ്ഡ് ഡാറ്റ ആണ് ഉപയോഗിച്ചിട്ടുള്ളത്. എന്നാൽ റോഡ്, ഡ്രൈനേജ്, അനുബന്ധ പ്രവൃത്തികളെല്ലാം മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമാണ് നിർവ്വഹിക്കേണ്ടത്. ഡ്രൈനേജിന്റെ സൈഡ് വാൾ, സ്ലാബ് എന്നിവ പൊളിച്ച് നീക്കുന്നതിന് മോർഡ് സ്പെസിഫിക്കേഷനിൽ പ്രത്യേക നിരക്ക് ഉള്ളതുമാണ്. സിമന്റ് കോൺക്രീറ്റിലുള്ള സൈഡ് വാൾ പൊളിച്ച് നീക്കുന്നതിന് മോർഡ് സ്പെസിഫിക്കേഷൻ കോഡ് 2.5.2A പ്രകാരമുള്ള 523.14/ $M^3$ നിരക്കും, റീ ഇൻഫോഴ്സ്ഡ് സിമന്റ് കോൺക്രീറ്റിലുള്ള സ്ലാബ് പൊളിച്ച് നീക്കുന്നതിന് മോർഡ് സ്പെസിഫിക്കേഷൻ കോഡ് 2.5.2 B പ്രകാരമുള്ള 977.03/$m^3$ നിരക്കമാണ് നൽകേണ്ടിയിരുന്നത്. ഈ എസ്റ്റിമേറ്റ് പ്രകാരമുള്ള മറ്റ് ഇനങ്ങളെല്ലാം നിർവ്വഹിച്ചത് മോർഡ് സ്പെസിഫിക്കേഷൻ ഡാറ്റ പ്രകാരമാണ്. മേൽ പറഞ്ഞ വിധം അധിക നിരക്ക് നൽകിയ ഇനത്തിൽ

58697/- പൊതു ഫണ്ടിന് നഷ്ടം വന്നിട്ടുണ്ട് വിശദാംശങ്ങൾ 3-(2) ൽ ചേർത്തിട്ടുണ്ട്.

## 1-36 മരാമത്ത് പ്രവൃത്തികളുടെ അളവു പുസ്തകങ്ങൾ പരിശോധനക്ക് ഹാജരാക്കിയില്ല- 1468616 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2021-22 സാമ്പത്തിക വർഷത്തിൽ നഗരസഭാ എഞ്ചിനീയർ നിർവഹിച്ച താഴെ പറയുന്ന പ്രവൃത്തികളുടെ ഫയലിനൊപ്പം അളവു പുസ്തകങ്ങൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനം | പ്രൊജക്റ്റ് നമ്പറും പേരും | അടങ്കൽ ഫണ്ടിനം | ചെലവു തുക ബിൽ നമ്പർ , തീയ്യതി |
|---|---|---|---|
| 1 | SO 404/22- കളത്തിൽ റോഡുംഡ്രൈനേജും സെക്കന്റ് റീച്ച് നിർമാണം- വാർഡ്-19 | 543886/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 446855/- (763/ 27-03-2022) |
| 2 | SO 302/22- കളത്തിൽ പറമ്പിൽ വിജയരാഘവൻ വീട് മുതൽ വേലായുധൻ നായർ വീട് വരെ റോഡ് കോൺക്രീറ്റിംഗ്- വാർഡ്-06 | 136810/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 117287/- (799/ 31-03-2022) |
| 3 | SO145/22- വിവിധ നടപ്പാതകൾ കോൺക്രീറ്റിംഗ്- വാർഡ് 10 | 536609 വികസന ഫണ്ട് (ജ) | 486954/- (126/ 01-10-2021) |
| 4 | SO176/22- ചെമ്പന്റെ അഷറഫ് വീട് മുതൽ തീപ്പെട്ടിക്കമ്പനി വരെ ഇന്റർലോക്ക് വാർഡ് 51 | 200000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 192620/- (251/ 27-12-2021) |
| 5 | SO143/22- വിവിധ നടപ്പാതകൾ കോൺക്രീറ്റിംഗ്- വാർഡ് 08 | 252504 വികസന ഫണ്ട് (ജ) | 224900/- (72/ 26-08-2021) |
| | | ആകെ | 1468616/ |

മേൽ പറഞ്ഞ പ്രവൃത്തികളുടെ അളവു പുസ്തകങ്ങൾ പരിശോധനക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട്കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്( നമ്പർ 08/02.03.2023) ന് മറുപടി നൽകുകയോ ടി രേഖകൾ ഹാജരാക്കുകയോ ചെയ്തില്ല. ആയതിനാൽ ടി രേഖകൾ ഹാജരാക്കുന്നത് വരെ ഈ പ്രവൃത്തികൾക്ക് വേണ്ടി വിനിയോഗിച്ച 1468616 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-37 മരമാമത്ത് ഫയലുകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്

പൊന്നാനി നഗരസഭ 2021-22 സാമ്പത്തിക വർഷത്തിൽ നഗരസഭാ എഞ്ചിനീയർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളിൽ താഴെ പറയുന്ന പ്രൊജക്ടുകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തി ഫയലുകൾ ലഭ്യാക്കാനാവശ്യപ്പെട്ട് 03/25.02.2023 നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയിരുന്നെങ്കിലും ടി ലിസ്റ്റിലുള്ള ഏതാനും ഫയലുകൾ മാത്രമാണ് പരിശോധനക്ക് ഹാജരാക്കിയത് . താഴെ പറയുന്ന പ്രൊജക്ടുകൾ ഇതുവരെ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ലഭ്യമാക്കേണ്ട ഫയലുകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | | പ്രൊജക്റ്റ് നമ്പർ | അടങ്കൽ ഫണ്ടിനം | ചെലവ് ബിൽ നമ്പർ, തീയ്യതി |
|---|---|---|---|---|
| 1 | 125/22- | ഹരിത നഗർ - ചുള്ളിക്കളം റോഡ് ഇന്റർ ലോക്കിംഗ്- വാർഡ് -36 (SO) | 420000 പൊതു വിഭാഗം ( സാധാരണ വിഹിതം) | 419987/- (131/ 01-10-2021) |
| 2 | 120 /22 | -കക്കോളളിക്കാവ് ഡ്രൈനേജ് റീ-സർഫേസിംഗ്- W-29(SO) | 600000/- പൊതു വിഭാഗം ( സാധാരണ വിഹിതം) | 441988/- (123/ 01-10-2021) |
| 3 | 148/ 22 | -ശ്മശാനം പുഴ- ബണ്ട് റോഡ് റീ-സർഫേസിംഗ്- W-5 (SO) | 458424/- പൊതു വിഭാഗം ( സാധാരണ വിഹിതം) | 458424/- (132/ 01-10-202) |
| 4 | 141/ 22 | കോയസെന്റ് മുഹമ്മദ് കുട്ടി വീട് മുതൽ കനോലി കനാൽ വരെ റോഡ്(SO) | 614392/- പൊതു വിഭാഗം ( സാധാരണ വിഹിതം) | 564740/- (124/ 01-10-2021) |
| 5 | 147/ 22 | ശാദിമഹൽ എതിർവശം നടപ്പാത W-4 (SO) | 623135/- പൊതു വിഭാഗം ( സാധാരണവിഹിതം) | 591602/- (127/ 01-10-2021) |
| 6 | 437/ 22 | - പുതിയ ഓഫീസ് ബിൽഡിംഗ് നവീകരണം - തുക അനുവദിക്കൽ New | 2013541/- (ധനകാര്യകമ്മീഷൻഗ്രാന്റ്) | 2013541/- (507/17.02.2023) |

| | | | | |
|---|---|---|---|---|
| 7 | 384/22 | ആര്യൻ നഗർ റോഡ് ഡ്രൈൻ- കം-ഫുട്പാത്ത് നിർമാണം- W-30 New | 1750009/-<br>(ധനകാര്യകമ്മീഷൻഗ്രാന്റ്) | 1688982<br>815485/-<br>(506/17.02.2023)<br>873497.00<br>( 602/09.03.2023 |
| 8 | 394/22 | - ഐ.പി.എം.എസ്New | 1000000<br>(ധനകാര്യകമ്മീഷൻഗ്രാന്റ്) | 999979/-<br>(626/17.03.2023) |
| 10 | 182/22- | മാപ്പിള സ്കൂൾ റോഡ് ഡ്രൈനേജ് നിർമാണം. W-6 | 450000/-<br>(ധനകാര്യകമ്മീഷൻഗ്രാന്റ്) | 433502/-<br>(ബിൽ നം. 518/21.02.2022) |
| 11 | 139/ 22 | -ചന്തപ്പടി - ശ്മശാനം റോഡ് റി-സർഫേസിംഗ് | 1350000/-MGR | 1202558/-<br>(6/09.06.2021) |
| 12 | 241/ 22 | ഇത്തിക്കാട്ട് റോഡ് മുതൽ ഹരിഹരക്ഷേത്രം റോഡ് W27 | 509415/-<br>(ധനകാര്യകമ്മീഷൻഗ്രാന്റ്) | 509415/-<br>(542/ 03-03-2022) |
| 13 | 144/ 22 | -ചെറുടാവിൽ റോഡ് സൈഡ് കെട്ടി സംരക്ഷിക്കൽ W11 | 490000/-<br>(ധനകാര്യകമ്മീഷൻഗ്രാന്റ്) | 401872/-<br>(144/26.10.2021) |
| 14 | 138/ 22 | വിട്ടുകിട്ടിയ വിവിധ സ്ഥാപനങ്ങളുടെ ഇലക്ട്രിഫിക്കേഷൻ | 300000/-<br>(ധനകാര്യകമ്മീഷൻഗ്രാന്റ്) | 299567/-<br>(151/ 27-10-202) |
| 15 | 175/ 22 | -പറമ്പിൽ ഉമ്മർ വീട് മുതൽ മജീദ് വീട് വരെ ഇന്റർലോക്കിംഗ് W51 | 400000/-<br>(ധനകാര്യകമ്മീഷൻഗ്രാന്റ്) | 303840/-<br>(771/ 27-03-2022) |
| 16 | 382/ 22 | -KSRTC ബസ്സ്റ്റാന്റിന്റെ പിൻവശം റോഡ് നിർമാണവും ഡ്രൈനേജും- വാർഡ്-46 | 3298358/-<br>(ധനകാര്യകമ്മീഷൻഗ്രാന്റ്) | 1207070/-<br>(708/ 23-03-2022) |
| 18 | 377/22- | തെരുവ് വിളക്കുകളുടെ പരിപാലനം. | 2500000/-<br>(ധനകാര്യകമ്മീഷൻഗ്രാന്റ്) | 538250/-<br>(508/ 17-02-2022) |
| 19 | 275/ 22 | -ഇഴുവത്തിരുത്തി PHC കെട്ടിടം അറ്റകുറ്റപ്പണി - തുകയനുവദിക്കൽ | 1500000/-MG (NR) | 888840/-<br>(18/ 29-06-2021) |
| 20 | 436/22 | അംഗൻവാടി കെട്ടിട നിർമാണം- GST തുക അനുവദിക്കൽ | 73919/-<br>(ധനകാര്യകമ്മീഷൻഗ്രാന്റ്) | 73919/-<br>(503/ 17-02-2022) |
| 21 | 361/22- | പുത്തൻകുളം റോഡിൽ നിന്നും മോയന്റകത്ത് ബാദുഷ വീട് വരെ പാത്തവേ പൂർത്തീകരണം. W37 | 120030/-<br>(ധനകാര്യകമ്മീഷൻഗ്രാന്റ്) | 120030/-<br>(208/ 30-11-2021) |
| 22 | 246/22 | - കോളക്കോടൻ കടവ് റോഡ് നിർമാണം- W46 | 150000/-<br>(ധനകാര്യകമ്മീഷൻഗ്രാന്റ്) | 150000/-<br>(245/ 20-12-2021) |
| 23 | 378/ 22 | - വള്ളിക്കാട്ട് റോഡ് റീ- കോൺക്രീറ്റിംഗ്- W-9 | 219501/-MG (R) | 217506/-<br>620/ 14-03-2022 |
| 24 | 356/22 | - വൺവേ റോഡിൽ നിന്നും തെക്ക് മേച്ചേരി റോഡ് വരെ പുനരുദ്ധാരണം- W-28 | 324180/-MG (R) | 309477/-<br>(520/ 23-02-2022) |
| 25 | 189/ 22 | കടവനാട് ആരോഗ്യ കേന്ദ്രം കെട്ടിട നിർമാണം W-26 SO | 2023537/-<br>(ധനകാര്യകമ്മീഷൻഗ്രാന്റ്) | 455632/-<br>(682/ 23-03-2022) |
| 26 | 105/22 | കുന്നംവളപ്പ് - പറപ്പൂർവളപ്പിൽ ഡ്രൈൻ-കം-ഫുട്പാത്ത് നിർമാണം. W11 New | 1400000/-<br>(ധനകാര്യകമ്മീഷൻഗ്രാന്റ്) | 636774/-<br>(623/ 16-03-2022) |
| | | | ആകെ | 14927495/- |

മേൽ പറഞ്ഞ മരാമത്ത് ഫയലുകൾ പരിശോധനക്ക് ഹാജരാക്കുന്നത് വരെ ഈ പ്രവൃത്തികൾ നിർവഹിച്ചതിന്റെ ചെലവു തുക 14927495/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-38 അസിസ്റ്റന്റ് എഞ്ചിനീയർ- കണക്കിൽ പെടാത്ത പണം അക്കൗണ്ടിൽ അവശേഷിക്കുന്നു.

നഗരസഭാ എഞ്ചിനിയറുടെ പേരിൽ SBI പൊന്നാനി ശാഖയിലുള്ള 00000067103971015 നമ്പർ അക്കൗണ്ടിൽ 25.01.2023 ന് ചെലവഴിക്കാതെ 4677212.25 രൂപ അവശേഷിക്കുന്നതായി കണ്ടെത്തി.

നഗരസഭാ എഞ്ചിനിയറുടെ കാഷ്ബുക്ക് എഴുതി കാലികമാക്കാത്തതിനാലും ഭാഗികമായി എഴുതിയ കാഷ്ബുക്കിൽ നീക്കിയിരുപ്പ് വിവരം രേഖപ്പെടുത്താത്തതിനാലും ചെലവഴിക്കാതെ അവശേഷിക്കുന്ന തുക ഏത് ഇനത്തിലുള്ളതാണ് എന്ന് ഓഡിറ്റിന് കണ്ടെത്താൻ സാധിച്ചിട്ടില്ല.

പ്രവൃത്തി ബില്ല് തയ്യാറാക്കി നഗരസഭാ എഞ്ചിനിയർ റിക്വസിഷൻ മുഖേന ആവശ്യപ്പെടുന്ന തുകമാത്രമാണ് ME യുടെ അക്കൗണ്ടിലേക്ക് അനുവദിക്കുന്നത് എന്നതിനാൽ അക്കൗണ്ടിൽ തുക ചെലവഴിക്കാതെ അവശേഷിക്കാൻ പാടില്ല.

ട്രഷറി,ബാങ്ക് അക്കൗണ്ടിൽ ചെലവഴിക്കാതെ പണം അവശേഷിക്കുന്നുണ്ട് എന്നതിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനം അനുവദിച്ച തുക അർഹരായ ആളുകൾക്ക് / വകുപ്പുകൾക്ക് നൽകുന്നതിൽ നഗരസഭാ എഞ്ചിനിയർ വീഴ്ച വരുത്തിയിട്ടുണ്ട് എന്നാണ് വ്യക്തമാകുന്നത്. അക്കൗണ്ടിൽ ചെലവഴിക്കാൻ അവശേഷിക്കുന്ന തുകയുടെ വിശദ വിവരം ലഭ്യമാക്കേണ്ടതും തുക അർഹരായവർക്ക്/ വകുപ്പുകൾക്ക് നൽകേണ്ടതും ഇ-ടെണ്ടർ ഫീ ഇനത്തിൽ ലഭിച്ച തുക നഗരസഭ സഭാ അക്കൗണ്ടിലൊടുക്കേണ്ടതുമാണ്.

## 1-39 അസിസ്റ്റന്റ് എഞ്ചിനീയർ കാഷ്ബുക്ക് ശരിയായി എഴുതിയിട്ടില്ല.

ഒരു ഓഫീസിലെ സാമ്പത്തിക ഇടപാടുകളുടെ അടിസ്ഥാന രേഖയാണ് കാഷ്ബുക്ക്. കേരള ട്രഷറി കോഡ് റൂൾ 92 പ്രകാരം എല്ലാ സർക്കാർ ഓഫീസുകളിലും TR7A മാതൃകയിലുള്ള കാഷ് ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗം സംബന്ധിച്ച GO(P) 177/2006/Fin Dt 12.04.2006 നം. ഉത്തരവിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എല്ലാ നിർവഹണോദ്യോഗസ്ഥരും നിശ്ചിത മാതൃകയിലുള്ള കാഷ്ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് വ്യക്തമായി നിർദ്ദേശിച്ചിട്ടുമുണ്ട്.

നഗരസഭാ എഞ്ചിനിയറുടെ ഓഫീസിന്റെ ചെലവ് രേഖകൾ പരിശോധിച്ചതിൽ ഓഫീസിലെ കാഷ്ബുക്ക് ശരിയായി എഴുതി സൂക്ഷിക്കുന്നില്ല എന്ന് വ്യക്തമായി.

അപാകതകൾ താഴെ നൽകുന്നു.

1. കാഷ്ബുക്ക് കാലികമാക്കി എഴുതി സൂക്ഷിക്കുന്നില്ല.
2. കാഷ്ബുക്ക് ദിനേന, പ്രതിമാസ ക്ലോസിംഗ് നടത്തിയിട്ടില്ല.
3. പരിശോധനക്ക് ഹാജരാക്കിയ കാഷ്ബുക്കിൽ വരവ് ചെലവുകളുടെ രസീത്/ ബിൽ, വൗച്ചർ നമ്പർ എന്നിവ രേഖപ്പെടുത്തിയിട്ടില്ല.
4. 2021-22 വർഷത്തെ മുഴുവൻ വരവ് ചെലവുകളും കാഷ്ബുക്കിൽ എഴുതിയിട്ടില്ല.
5. കാഷ്ബുക്ക് രേഖപ്പെടുത്തലുകൾ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.
6. നഗരസഭാ എഞ്ചിനിയറുടെ പേരിലുള്ള ട്രഷറി , ബാങ്ക് അക്കൗണ്ടിലെ വരവ്, ചെലവ്, നീക്കിയിരുപ്പ് വിവരങ്ങൾ കാഷ്ബുക്കിൽ ചേർത്തിട്ടില്ല.

അപാകതകൾ പരിഹരിച്ച് കാഷ്ബുക്ക് ശരിയായി എഴുതി സൂക്ഷിക്കേണ്ടതാണ്.

## 1-40 പൊതു മരാമത്ത് പ്രവൃത്തികൾ - പൊതു അപാകതകൾ

നഗരസഭാ എഞ്ചിനിയർ 2021-22 ൽ നടപ്പാക്കിയ പ്രൊജക്ടുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധയിപ്പെട്ടു.

I) പ്രവൃത്തികൾ നടത്തിപ്പ്

2021-22 വർഷത്തിൽ നഗരസഭാ എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 237 പ്രൊജക്ടുകളാണ് തയ്യാറാക്കിയത്. ഇതിൽ 156 പ്രൊജക്ടുകളിലായി ആകെ 73607372 രൂപയാണ് ചെലവഴിച്ചത്.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 231 | ആകെ അടങ്കൽ | 149928314 |
| നടപ്പിലാക്കിയത് | 156 | ചെലവ് | 73607372 |
| ശതമാനം | 65.8 | ചെലവ് ശതമാനം | 50.6 |

II-റോഡ് കണക്ടിവിറ്റി മാപ്പും പ്ലാ നും തയ്യാറാക്കിയിട്ടില്ല .

പദ്ധതിയുടെ ഭാഗമായി റോഡ് കണക്ടിവിറ്റി മാപ്പ്, റോഡ് കണക്ടിവിറ്റി പ്ലാൻ എന്നിവ തയ്യാറാക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിർദേശിച്ചതാണ്. എന്നാൽ ഈ രേഖകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

III- ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല .

നഗരസഭയുടെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാൻ പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്.നഗരസഭയുടെ നിയന്ത്രണത്തിലുള്ള ആസ്തികളുടെ സമഗ്ര വികസനമാണ് ഇതു കൊണ്ട് ഉദ്ദേശിക്കുന്നത്.

പദ്ധതി പരിശോധിച്ചതിൽ സർക്കാർ നിർദ്ദേശിക്കും പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല എന്ന് വ്യക്തമായി.

IV) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല .

ആസ്തികളുടെ വിവരം രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്ററിൽ കാലാകാലങ്ങളിലുള്ള വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല. മിക്ക ആസ്തികളുടെ അപൂർണ്ണമായ വിവരങ്ങൾ ആണ് രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്.

V) രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനിയറുടെ 19.01.2017 ലെ ഇ7/11350/2015/CE/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിലെ എഞ്ചിനിയറിംഗ് ഓഫീസുകളിൽ വിവധ രജിസ്റ്ററുകൾ സൂക്ഷിക്കാൻ നിർദേശിച്ചിട്ടുണ്ട്. എന്നാൽനഗരസഭ എഞ്ചിനിയറിംഗ് ഓഫീസിൽ ഇവ പൂർണ്ണമായി എഴുതി സൂക്ഷിക്കുന്നില്ല.

പ്രൊജക്ട് രജിസ്റ്റർ, ടെണ്ടർ ഫോറം ഇഷ്യു രജിസ്റ്റർ, സെക്യൂരിറ്റി രജിസ്റ്റർ, ഉടങ്ങിയ രജിസ്റ്ററുകൾ പരിശോധനക്ക് ഹാജറാക്കിയിട്ടില്ല. ഹാജറാക്കിയ വിവിധ രജിസ്റ്ററുകളുടെ സൂക്ഷിപ്പിൽ അപാകതകൾ കണ്ടു.

1) ടെണ്ടർ രജിസ്റ്റർ

ടെണ്ടർ സംബന്ധിച്ച പൂർണ്ണമായി വിവരങ്ങൾ എഴുതാതെയും , അസിസ്റ്റന്റ് എഞ്ചിനിയർ സാക്ഷ്യപ്പെടുത്താതെയുമാണ് ടെണ്ടർ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടുള്ളത്.

2) സെക്യൂരിറ്റി രജിസ്റ്റർ

സെക്യൂരിറ്റി രജിസ്റ്റർ പരിശോധനക്ക് ഹാജറാക്കിയില്ല. പ്രവ്യത്തി പൂർത്തീകരിച്ച തിയ്യതി, ഡിഫക്റ്റ് ലയബിലിറ്റി കാലയളവ്, സെക്യൂരിറ്റി തിരിച്ച് നൽകേണ്ട തിയ്യതി എന്നിങ്ങനെ ആവശ്യമായ എല്ലാ വിവരങ്ങളും ചേർത്ത് രജിസ്റ്റർ എഴുതേണ്ടതാണ്.

VI)പ്രവ്യത്തി പൂർത്തീകരണ സമയം കരാറിൽ വ്യക്തമാക്കുന്നില്ല .

ടെണ്ടർ ഷെഡ്യൂളിൽ പരാമർശിച്ച അംഗീകരിച്ച പ്രവ്യത്തിപൂർത്തീകരണ കാലയളവ് എത്ര എന്നും പ്രവ്യത്തി വൈകിയാൽ ഏത് നിരക്കിൽ പിഴ ഈടാക്കും എന്നതും കരാറുകാരുമായുള്ള ഉടമ്പടിയിൽ വ്യക്തമാക്കേണ്ടതാണ്. എന്നാൽ നിലവിൽ കരാറിൽ പ്രവ്യത്തി പൂർത്തീകരണ കാലയളവ് എത്രയാണ് എന്ന് വ്യക്തമാക്കുന്നില്ല.

തുടർ വർഷങ്ങളിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-41 വർക്കിംഗ് ഗ്രൂപ്പ് യോഗം: വിശകലനം

പദ്ധതി ആസൂത്രണത്തിനും ഓരോ വിഷയ മേഖലയ്ക്കും വേണ്ടി രൂപീകരിക്കുന്ന ജനപ്രതിനിധികളും ഉദ്യോഗസ്ഥരും സന്നദ്ധപ്രവർത്തകരും ഗുണഭോക്താക്കളും അടങ്ങുന്ന വിദഗ്ധ സമിതിയാണ് വർക്കിംഗ് ഗ്രൂപ്പ്. മുൻ വർഷ പ്രൊജക്ടുകളുടെ നിർവ്വഹണം വിലയിരുത്തി റിപ്പോർട്ട് തയ്യാറാക്കുക, സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിനാവശ്യമായ സ്ഥിതി വിവരക്കണക്കുകൾ ശേഖരിക്കുക , സ്റ്റാറ്റസ് റിപ്പോർട്ടുകൾ പരിഷ്കരിക്കുക, ഓരോ പ്രൊജക്ടിന്റെയും അടങ്കൽ നിശ്ചയിക്കുക എന്നിവ മുതൽ ഡാറ്റ എൻട്രിക്ക് ശേഷം പ്രൊജക്ട് പ്രിന്റ് ഔട്ട് പരിശോധിക്കുന്നതു വരെയുള്ള പ്രധാന ചുമതലകൾ വർക്കിംഗ് ഗ്രൂപ്പിൽ നിക്ഷിപ്തമാണ്. പ്രോജക്ടുകളുടെ ആവശ്യകത, അനുയോജ്യത, സാധുത, പ്രായോഗികത, എന്നീ തലങ്ങൾ സൂക്ഷ്മ വിശകലനം നടത്തുകയും ആസൂത്രണ നിർവഹണ മോണിറ്ററിങ്ങ് തലങ്ങളിൽ ഫലപ്രദമായി ഇടപെടുകയും ചെയ്യാൻ ബാധ്യസ്ഥരാണ് വർക്കിംഗ് ഗ്രൂപ്പ്. സർക്കാർ ഉത്തരവ് ജി ഒ (എംഎസ്) 11/18/തസ്വഭവ തി. 29.01.2018, ജി ഒ (എം എസ് ) നം. 10/2017/ത.സ്വ.ഭ.വ തി. 09.01.2017 എന്നിവ പ്രകാരം ഓരോ പ്രോജക്ടുകളും നടപ്പിലാക്കിയ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി മാറണം. പ്രോജെക്ടുകളുടെ നിർവഹണം ആദ്യാവസാനം വരെ വിഭാവനം ചെയ്ത തരത്തിൽ തന്നെയാണോ നടക്കുന്നതെന്ന് വിവിധ ഘട്ടങ്ങളിൽ പരിശോധന നടത്തി വിലയിരുത്തുകയും പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പിക്കുകയും ചെയ്യേണ്ടത് മോണിറ്ററിംഗ് സമിതിയുടെ ചുമതലയാണ്. വർക്കിംഗ് ഗ്രൂപ്പുകളുടെ മിനുട്ട്സ് പരിശോധിച്ചതിൽ ഇത്തരം നടപടി ക്രമങ്ങൾ കൃത്യമായി പാലിച്ചിട്ടില്ലെന്ന മനസിലാകുന്നു. വർക്കിംഗ് ഗ്രൂപ്പ് യോഗ നടപടികളിൽ പങ്കെടുക്കുന്നവരുടെ പ്രാതിനിധ്യം കുറവാണ്.മിനുറ്റ്സ് കോ- ഓർഡിനേറ്റർ സാക്ഷ്യപ്പെടുത്തുന്നില്ല. ആദ്യ പൊതുയോഗത്തിൽത്തന്നെ മുൻ വർഷ പദ്ധതികൾ വിലയിരുത്തുകയും നടപ്പു വർഷ പദ്ധതികളുടെ മുൻഗണനാക്രമം വിശദീകരിക്കുകയും ചെയ്യേണ്ടതാണ്. കൂടാതെ വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്ന് ആവശ്യമായ വിവരങ്ങൾ ശേഖരിച്ച് കരട് പ്രോജെക്ട് നിർദേശങ്ങൾ

തയ്യാറാക്കി സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് ആവശ്യമായ ഉപദേശങ്ങൾ നൽകുകയും ചെയ്യേണ്ടതാണ്. മുൻ വർഷ പ്രോജെക്റ്റ് നടത്തിപ്പ് സംബന്ധിച്ച സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയാണ്. എന്നാൽ വർക്കിംഗ് ഗ്രൂപ്പുകൾ എല്ലാം തന്നെ രണ്ടു തവണ യോഗം ചേർന്നതൊഴിച്ചാൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം പേരിന് മാത്രമാണ്. തൻവർഷത്തെ പ്രോജക്റ്റുകൾ മുറപ്രകാരം മോണിറ്ററിംഗ് നടത്തിയിട്ടില്ല. 2021-22 സാമ്പത്തിക വർഷത്തിൽ ഗ്രൂപ്പുകൾ ഒരു തവണ പോലും യോഗം ചേർന്നിട്ടില്ല. അവസാനമായി ചേർന്ന 2021 ഫെബ്രുവരിയിലെ യോഗങ്ങളുടെ വിശകലനം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | വർക്കിംഗ് ഗ്രൂപ്പ് | തിയതി | പങ്കെടുത്തവർ | തീരുമാനങ്ങൾ | റിമാർക്സ് |
|---|---|---|---|---|---|
| 1. | ആരോഗ്യം | 3.2.21<br>23.2.21 | 11<br>12 | 35<br>9 | ക്ലോസ് ചെയ്തിട്ടില്ല |
| 2. | പാർപ്പിടം | 3.2.21<br>23.2.21 | 4<br>9 | 8<br>6 | ക്ലോസ് ചെയ്തിട്ടില്ല |
| 3. | പൊതുമരാമത്ത്,ഊർജം | 3.2.21<br>23.2.21 | 10<br>13 | 0<br>6 | ക്ലോസ് ചെയ്തിട്ടില്ല |
| 4. | കുടിവെള്ളം | 3.2.21<br>23.2.21 | 4<br>11 | 0<br>0 | ക്ലോസ് ചെയ്തിട്ടില്ല |
| 5. | പൊതു ഭരണം ധനകാര്യം | 3.2.21<br>23.2.21 | 7<br>7 | 9<br>7 | ക്ലോസ് ചെയ്തിട്ടില്ല |
| 6. | നഗരാസൂത്രണം | 3.2.21<br>23.2.21 | 4<br>10 | 13<br>2 | ക്ലോസ് ചെയ്തിട്ടില്ല |
| 7. | ശുചിത്വം,മാലിന്യ സംസ്കരണം | 3.2.21<br>23.2.21 | 9<br>13 | 17<br>13 | ക്ലോസ് ചെയ്തിട്ടില്ല |
| 8. | മത്സ്യ ബന്ധനം | 3.2.21<br>23.2.21 | 15<br>25 | 11<br>5 | ക്ലോസ് ചെയ്തിട്ടില്ല |
| 9. | ജൈവ വൈവിധ്യ പരിപാലനം ,പരിസ്ഥിതി സംരക്ഷണം,ദുരന്ത നിവാരണം, | 3.2.21<br>23.2.21 | 6<br>8 | 2<br>0 | ക്ലോസ് ചെയ്തിട്ടില്ല |
| 10. | സാമൂഹ്യ നീതി | 3.2.21<br>23.2.21 | 8<br>13 | 34<br>0 | ക്ലോസ് ചെയ്തിട്ടില്ല |
| 11. | വനിതാ വികസനം | 3.2.21<br>23.2.21 | 7<br>13 | 18<br>7 | ക്ലോസ് ചെയ്തിട്ടില്ല |
| 12. | പട്ടിക ജാതി പട്ടിക വർഗ വികസനം | 3.2.21<br>23.2.21 | 8<br>23 | 19<br>0 | ക്ലോസ് ചെയ്തിട്ടില്ല |
| 13. | വിദ്യാഭ്യാസം, കായികം,യുവജനക്ഷേമം | 3.2.21<br>23.2.21 | 7<br>15 | 22<br>30 | |
| 14. | മൃഗസംരക്ഷണവും ക്ഷീരവികസനവും | 3.2.21<br>23.2.21 | 4<br>9 | 0<br>7 | ക്ലോസ് ചെയ്തിട്ടില്ല |
| 15. | ദാരിദ്ര്യ ലഘൂകകരണം | 3.2.21<br>23.2.21 | 9<br>11 | 7<br>7 | ക്ലോസ് ചെയ്തിട്ടില്ല |
| 16. | പ്രാദേശിക സാമ്പത്തിക വികസനം | 3.2.21<br>23.2.21 | 11<br>15 | 0<br>7 | ക്ലോസ് ചെയ്തിട്ടില്ല |

അപാകതകൾ പരിഹരിക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-42 സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണ രജിസ്ട്രേഷനു ശേഷവും വിതരണം നടത്തി

മുനിസിപ്പാലിറ്റിയിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റുന്ന ചുവടെ ചേർത്ത വ്യക്തികൾക്ക് അവരുടെ മരണ ശേഷവും പെൻഷൻ അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | പെൻഷൻ ഇനം & ഐ.ഡി | മരണം നടന്ന തിയ്യതി | മരണ രജിസ്ട്രേഷൻ നം& തിയ്യതി | അനർഹമായി നൽകിയ തുക | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | ബാവ പി എ, പാടാരിയകത്ത് (ആധാർ നം. 779965253264) | വാർദ്ധക്യകാല പെൻഷൻ 102100206037 | 26.12.2020 | 94/2021 23.02.2021 | 36500 (1500*3, 1600*20) | November/2022 വരെയുള്ള പെൻഷൻ തുക ബാങ്കിൽ നിക്ഷേപിച്ചിട്ടുണ്ട്. സ്റ്റാറ്റസ് - ആക്ടീവ് |
| 2 | മറിയു, പത്തങ്ങാട്ടിൽ (ആധാർ നം. 574399966627) | വാർദ്ധക്യകാല പെൻഷൻ 102100205778 | 30.01.2021 | 93/2021 23.02.2021 | 30200 (1500*2, 1600*17) | August/2022 വരെയുള്ള പെൻഷൻ തുക ബാങ്കിൽ നിക്ഷേപിച്ചിട്ടുണ്ട്. സ്റ്റാറ്റസ് - ആക്ടീവ് |
| 3 | അവുണ്ണി കടപ്രത്തകത്ത് (ആധാർ നം. 501753560032) | അഗ്രികൾച്ചർ പെൻഷൻ 2220178880 | 16.12.2020 | 41/2021 22.01.2021 | 36500 (1500*3, 1600*20) | November/2022 വരെയുള്ള പെൻഷൻ തുക ബാങ്കിൽ നിക്ഷേപിച്ചിട്ടുണ്ട്. സ്റ്റാറ്റസ് - ആക്ടീവ് |
| 4 | ഹംസ , പെരിങ്ങോടൻ (ആധാർ നം. 692161405030) | വാർദ്ധക്യകാല പെൻഷൻ 102100205067 | 22.04.2021 | 199/2021 06.05.2021 | 11400 (600*19) | November/2022 വരെയുള്ള പെൻഷൻ തുക ബാങ്കിൽ നിക്ഷേപിച്ചിട്ടുണ്ട്. സ്റ്റാറ്റസ് - ആക്ടീവ് |
| 5 | അറുമുഖൻ, കോട്ടാമൽ(ആധാർ നം. 905067814881) | വാർദ്ധക്യകാല പെൻഷൻ102100200872 | 10.04.2021 | 195/2021 06.05.2021 | 30400 (1600*19) | November/2022 വരെയുള്ള പെൻഷൻ തുക ബാങ്കിൽ നിക്ഷേപിച്ചിട്ടുണ്ട്. സ്റ്റാറ്റസ് - ആക്ടീവ് |
| 6 | കുഞ്ഞിമരക്കാർ, കറുത്ത കുഞ്ഞാലിന്റെ ഹൗസ് (ആധാർ നം. 404143616024) | വാർദ്ധക്യകാല പെൻഷൻ102100205399 | 20.02.2021 | 134/2021 15.03.2021 | 33500 (1500*1, 1600*20) | November/2022 വരെയുള്ള പെൻഷൻ തുക ബാങ്കിൽ നിക്ഷേപിച്ചിട്ടുണ്ട്. സ്റ്റാറ്റസ് - ആക്ടീവ് |

| | | | | | | |
|---|---|---|---|---|---|---|
| 7 | ഫാത്തിമ, വാഴത്തോപ്പിൽ (ആധാർ നം. 228747745408) | വാർദ്ധക്യകാല പെൻഷൻ102100205686 | 01.03.2021 | 126/2021 08.03.2021 | 32000 (1600*20) | November/2022 വരെയുള്ള പെൻഷൻ തുക ബാങ്കിൽ നിക്ഷേപിച്ചിട്ടുണ്ട്. സ്റ്റാറ്റസ് - ആക്ടീവ് |
| 8 | മൊയ്തീൻകുട്ടി , പറമ്പിൽ (ആധാർ നം. 395765306881) | വാർദ്ധക്യകാല പെൻഷൻ102100202470 | 30.07.2021 | പെരുമ്പടപ്പ് ഗ്രാ. പ ൽ രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. | 25600 (1600*16) | November/2022 വരെയുള്ള പെൻഷൻ തുക ബാങ്കിൽ നിക്ഷേപിച്ചിട്ടുണ്ട്. സ്റ്റാറ്റസ് - ആക്ടീവ് |

ഇതു സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2/25.02.2023) മേൽ ചേർത്തിരിക്കുന്നവരുടെ പെൻഷൻ നിർത്തിവയ്ക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആധാർ നമ്പർ ലഭ്യമായതും നഗരസഭയിൽ മരണം രജിസ്റ്റർ ചെയ്തവരുമായ ഗുണഭോക്താക്കളുടെ കാര്യത്തിൽ നൽകിയ തുകകളുടെ വിവരം മാത്രമാണ് പരിശോധിക്കാനായത്. മുഴുവൻ ഗുണഭോക്താക്കളുടെ കാര്യത്തിലും പരിശോധന നടത്തി അപാകതകൾ കണ്ടെത്തി പരിഹരിക്കേണ്ടതാണ്. വിശദമായ അന്വേഷണം നടത്തി അനർഹമായി നൽകിയ തുക തിരിച്ചു പിടിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-43 കേരള വാട്ടർ അതോറിട്ടിയിലേക്ക് ഡെപ്പോസിറ്റ് ചെയ്തത്- പൂർത്തീകരണ വിവരവും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കിയില്ല

പ്രൊജക്ട് നമ്പർ -429/22 പൈപ്പ് ലൈൻ എക്സ്റ്റൻഷൻ
നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി
അടങ്കൽ - 15,00,000 രൂപ(സി.എഫ്.സി)
ചെലവ്- 15,00,000 രൂപ. ( PFMS CO32260192872/23.3.22- 5,60,000 രൂപ)
( PFMS CO32290357480/30.3.22- 9,40,000 രൂപ)
പ്രൊജക്ടിൽ വകയിരുത്തിയ 15 ലക്ഷം രൂപ കേരള വാട്ടർ അതോറിട്ടി എടപ്പാളിന് നൽകിയിട്ടുണ്ട്.ഈ ഡെപ്പോസിറ്റ് പ്രവൃത്തിയുടെഫയലിൽ 5,60,000 രൂപയുടെ എസ്റ്റിമേറ്റ് മാത്രമാണ് ഉള്ളത്. പ്രവൃത്തി നടത്തുന്നതിനായി KWA യുമായി ഏർപ്പെട്ട കരാർ, പ്രവൃത്തിയുടെ പൂർത്തീകരണ രേഖകൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. പൂർത്തീകരണരേഖകൾ ഹാജരാക്കുന്നതു വരെ 15,00,000 രൂപ തടസ്സത്തിൽ വെക്കുന്നു.

ഓഡിറ്റ് എൻക്വയറിക്ക് (25/5.3.23) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-44 ലൈബ്രറി സെസ്സ് പിരിവ് തുക വക മാറ്റി ചെലവഴിക്കുന്നു.

2021-22 സാമ്പത്തിക വർഷം ലൈബ്രറി സെസ്സ് ഇനത്തിൽ 10,30,791 രൂപ നഗരസഭ പിരിച്ചെടുത്തിട്ടുണ്ട്. എന്നാൽ മുൻവർഷങ്ങളിൽ പിരിച്ച തുകയാണ് അടവാക്കിയിട്ടുള്ളത്.
നഗരസഭ 2021-22 വർഷം ലൈബ്രറി സെസ് അടവാക്കിയത് താഴെ പറയും പ്രകാരമാണ്.
വൗച്ചർനമ്പർ 22100562/5.8.21- 6,35,922 രൂപ (2019-20 വർഷത്തെ ഒന്നാം അർദ്ധ വർഷം അടവാക്കാനുള്ള തുക)
വൗച്ചർനമ്പർ 22101022/8.10.21- 6,35,922 രൂപ
(2019-20 വർഷത്തെ രണ്ടാം അർദ്ധ വർഷം അടവാക്കാനുള്ള തുക)
വൗച്ചർനമ്പർ 22101850/21.322- 8,70,261 രൂപ
(2020-21 ൽ പിരിച്ചെടുത്ത സെസ്സ് അടവാക്കാനുള്ള തുക)

സർക്കുലർ നം.17263/L3/തസ്വഭവ തി.29.12.2000 പ്രകാരം ഓരോ അർദ്ധ വർഷവും കഴിഞ്ഞ് 30 ദിവസത്തിനകം ലൈബ്രറി സെസ് അടവാക്കേണ്ടതാണ്. The Kerala Decentralisation Of Power Act (Act 16 Of 2000) സെക്ഷൻ 358(3) പ്രകാരം ഈടാക്കിയ തുക 3 മാസത്തിനുള്ളിൽ ഒടുക്കിയില്ലെങ്കിൽ 2% പിഴ ഒടുക്കേണ്ടതും സെക്രട്ടറി/ചെയർപേഴ്സണും അത്തരത്തിലുള്ള വൈകലിന് ബാധ്യസ്ഥരായിരിക്കുന്നതുമാണ്.

മുഴുവൻ തുകയും അടവാക്കാനുള്ള തനത് ഫണ്ട് ബാലൻസ് ഇല്ലെന്നും ജനറൽ പർപ്പസ് ഫണ്ട് ലഭിക്കുന്ന മുറക്ക് അടവാക്കാവുന്നതാണെന്നും നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതു പ്രകാരമാണ് ഭാഗികമായി

അടവാക്കിയിട്ടുള്ളത്. വസ്തു നികുതിയോടൊപ്പം പിരിച്ചെടുക്കുന്ന ലൈബ്രറി സെസ് തുക മറ്റ് സ്ഥാപനങ്ങളിലേക്ക് അടവാക്കാനുള്ള ബാധ്യതാ തുകയാണെന്നിരിക്കെ ആയത് തനത് ഫണ്ടായി കണക്കാക്കി ചെലവഴിച്ചത് ക്രമ പ്രകാരമുള്ള നടപടിയല്ല. ലൈബ്രറി സെസ്സ് ഇനത്തിൽ പിരിച്ചെടുക്കുന്ന തുക മറ്റാവശ്യങ്ങൾക്കായി വകമാറ്റി ചെലവഴിക്കാതെ യഥാസമയം അടവാക്കാൻ ശ്രദ്ധിക്കേണ്ടതും അടവാക്കിയതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് രേഖാമൂലം ( 21/5.3.23) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-45 കോവിഡ് സെന്ററിലേക്കുള്ള പർച്ചേസ് -സ്റ്റോക്ക് വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

ഫയൽ ഇ1-7580/21

വൗച്ചർ- 22100424/2.7.21 – 22000 രൂപ.
നിർവ്വഹണം- സെക്രട്ടറി

തനത് ഫണ്ടിൽ നിന്നും 22,000 രൂപ ചെവഴിച്ച് കോവിഡ് ട്രീറ്റ്മെന്റ് സെന്ററിലെ ഉപയോഗത്തിനായി പൊന്നാനി മേപ്പറമ്പത്ത് ട്രേഡേഴ്സ് എന്ന സ്ഥാപനത്തിൽ നിന്നും താഴെ പറയും പ്രകാരം സാധനങ്ങൾ വാങ്ങിയിട്ടുണ്ട്.

ഇൻവോയ്സ് MT/B1/00755/17.5.21 – 22000 രൂപ.

ഗോദ്റെജ് റെഫ്രിജറേറ്റർ 1- 12700
ഇംപെക്സ് വാഷിംഗ് മെഷീൻ 1- 8500
വീട്രോൺ സ്റ്റെബിലൈസർ 1- 800

ആകെ- 22000 രൂപ.
വാങ്ങിയ സാധനങ്ങളുടെ സ്റ്റോക്ക് വിവരം, സെന്റർ പ്രവർത്തനം അവസാനിപ്പിച്ച ശേഷം മേൽ സാധനങ്ങൾ എന്തു ചെയ്തുവെന്നതിന്റെ വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(28/5.3.23) മറുപടി ലഭ്യമാക്കിയില്ല. സ്റ്റോക്ക് വിശദാംശങ്ങൾ ഹാജരാക്കും വരെ 22000 രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

## 1-46 CFLTC പ്രവർത്തനം അവസാനിച്ചിട്ടും ചെലവുകണക്കുകൾ ക്രമീകരിച്ചില്ല.

ഫയൽഇ-1/7580/21
ഇ-1/10093/20
ഇ-1/10098/21
നഗരസഭ പൊന്നാനി എം.ഇ.എസ് കോളേജ് ലേഡീസ് ഹോസ്റ്റലിലും കൊല്ലൻപടിയിലുള്ള ഓഡിറ്റോറിയത്തിലും കോവിഡ് CFLTC ഏർപ്പെടുത്തിയിരുന്നു. ആയതിന്റെ ചെലവുകൾ നടത്തുന്നതിനായി നോഡൽ ഓഫീസറായ മുനിസിപ്പൽ എഞ്ചിനീയറുടെയും ചെയർമാന്റെയും പേരിൽ കേരള ഗ്രാമീൺ ബാങ്കിൽ 40142101061877 നമ്പറായി അക്കൗണ്ട് ആരംഭിച്ചിരുന്നു.
ഫയൽ പരിശോധിച്ചതിൽ താഴെ പറയും പ്രകാരം അപാകതകൾ കാണുന്നു.
1.CFLTC ചെലവുകൾക്കായി സംയുക്ത അക്കൗണ്ട് ആരംഭിച്ചിട്ടുണ്ടെങ്കിലും അക്കൗണ്ട് വഴിയും നഗരസഭ തനത് ഫണ്ടിൽ നിന്ന് നേരിട്ടും ചെലവുകൾ നടത്തിയതായി കാണുന്നു.ഇക്കാരണത്താൽ സി.എഫ്.എൽ.ടി.സി നടത്തിപ്പിനായി നഗരസഭ ചെലവഴിച്ച തുക സംബന്ധിച്ച ക്രോഡീകരിച്ച കണക്കുകൾ ലഭ്യമല്ല.
2.സി.എഫ്.എൽ.ടി.സി വരവു ചെലവുകൾ രേഖപ്പെടുത്തുന്നതിന് ഒരു രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തിയിട്ടില്ല.
3.രജിസ്റ്റർ പ്രകാരം സംഭാവനകൾ ലഭിച്ചതായി കാണുന്നു.ലഭിച്ച സംഭാവനകളുടെ കൃത്യമായ വിവരം പാസ് ബുക്കുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.
4.M/S ന്യൂ ഡേ സൊല്യൂഷൻസ് വളാഞ്ചേരി എന്ന സ്ഥാപനത്തിൽ നിന്നും നഗരസഭയുടെ CFLTC യിലേക്ക് വൗച്ചർ 22100422/207021 ചെക്ക് നം. 05169/2.7.21- 7,44,208 രൂപയിൽ ഉൾപ്പടുത്തി വാങ്ങിയ(ഇൻവോയ്സ് നം-8/28.4.21 ) Patient Monitor 2@85000 + GST ,ECG Machine 1@ 55000 + GST എന്നിവയുൾപ്പെടെയുള്ള സാധനസാമഗ്രികൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകളൊന്നും പരിശോധനക്ക് ലഭ്യമായിട്ടില്ല. 5.വിവിധ സന്ദർഭങ്ങളിലായി നടത്തിയ വാങ്ങലുകളുടെ ക്വട്ടേഷൻ /ടെണ്ടർ രേഖകൾ ഫയലിൽ ലഭ്യമല്ല.

6.തുടരുപയോഗത്തിന് യോഗ്യമായ സാധനങ്ങൾ- ഇ.സി.ജി മെഷീൻ, പേഷ്യന്റ് മോണിറ്റർ, പൾസ് ഓക്സി മീറ്റർ ഉൾപ്പെടെ- സി.എഫ്.എൽ.ടി.സി അവസാനിപ്പിച്ച ശേഷം എന്തു ചെയ്തുവെന്ന രേഖകളില്ല.
7.6.10.21 ന് സി.എഫ്.എൽ.ടി.സി പ്രവർത്തനം അവസാനിപ്പിച്ചിട്ടും വരവു ചെലവ് കണക്കുകൾ കാലികമാക്കുകയോ കണക്കുകൾ നഗരസഭ മുമ്പാകെ നൽകുകയോ ചെയ്തതായി ഫയലിൽ കാണുന്നില്ല. അപാകതകൾക്ക് രേഖകൾ സഹിതം

മറുപടി ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (28/5.3.2023, 37/6.3.2023) മറുപടി ലഭ്യമാക്കിയില്ല.
ഇക്കാര്യത്തിൽ വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-47 ഗാർഹിക കുടിവെള്ള കണക്ഷൻ- അർഹതാ രേഖകൾ ഹാജരാക്കേണ്ടതാണ്.

സെക്രട്ടറി നടപ്പാക്കിയ 381/22 ഗാർഹിക കുടിവെള്ള കണക്ഷൻ നൽകൽ പ്രൊജക്ട് പ്രകാരം 2021-22 വർഷം 102 ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് PFMS മുഖേന 5000 രൂപ വീതം സബ്സിഡി നൽകിയിട്ടുണ്ട്.

അടങ്കൽ -6,00,000 രൂപ. (ധ.കാ.ക ഗ്രാന്റ്)
ചെലവ്- 5,10,000 രൂപ
1/26.3.22- 3,05,000 രൂപ
2/30.3.22- 1,10,000 രൂപ
3/30.3.22- 95,000 രൂപ

ജി.ഒ (എം.എസ്) നം.22/2018 ത.സ്വ.ഭ.വ തിയ്യതി 14.02.18 മാർഗ്ഗരേഖയിലെ ഖണ്ഡിക 6.6.2 അനുസരിച്ച് കേരള വാട്ടർ അതോറിട്ടിയിൽ/ജലനിധിയിൽ നിന്ന് കൈമാറിക്കിട്ടിയ കുടിവെള്ള പദ്ധതിയിലെ പൈപ്പ് ലൈനിൽ നിന്നായിരിക്കണം കണക്ഷൻ എടുക്കേണ്ടത്.കണക്ഷൻ എടുത്ത സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറക്ക് ഓരോരുത്തർക്കും സബ്സിഡി തുക നൽകാവുന്നതാണ്.
സെക്രട്ടറി നടപ്പിലാക്കിയ പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റ്, മാർഗ്ഗരേഖപ്രകാരമുള്ള അർഹത തെളിയിക്കുന്നതിന് കണക്ഷൻ എടുത്തതായ സർട്ടിഫിക്കറ്റ് എന്നിവ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. രേഖകൾ ഹാജരാക്കുന്നതു വരെ പ്രൊജക്ട് പ്രകാരം ചെലവ് ചെലവഴിച്ച 5,10,000 രൂപ തടസ്സം ചെയ്യുന്നു.
ഓഡിറ്റ് എൻക്വയറി 38/07.3.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല

## 1-48 നഗരസഭയിലെ താൽക്കാലിക നിയമനങ്ങൾക്ക് -സർക്കാർ സാധൂകരണം ലഭ്യമാക്കേണ്ടതാണ്.

പൊന്നാനി നഗരസഭയിലെ ജനറൽ വിഭാഗം,എഞ്ചിനീയറിംഗ്, കണ്ടിജന്റ് വിഭാഗം എന്നിവയിലെ അംഗീകാരമുള്ള തസ്തികകളുടെ എണ്ണം, ഒഴിഞ്ഞ് കിടക്കുന്ന തസ്തികകളുടെ എണ്ണം, താൽക്കാലികമായി നിയമനം നൽകിയവർ, താൽക്കാലിക നിയമന രീതി എന്നിവയുടെ വിശദാംശങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നമ്പർ. 39/6.3.23,40/7.3.23 എന്നിവ നൽകിയതിന് വിശദാംശങ്ങൾ ലഭ്യമാക്കി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ലഭ്യമായ മറുപടിയും ഫയലുകളിൽ നിന്നും ലഭ്യമായ വിവരങ്ങളും പ്രകാരം ജനറൽ വിഭാഗത്തിൽ വിവിധ തസ്തികകളിലായി 8 സൂപ്പർ ന്യൂമററി തസ്തികകൾ അടക്കം 47 അംഗീകാരമുള്ള പോസ്റ്റുകളാണ് ഉള്ളത്. ആയതിൽ ഓഡിറ്റ് നടക്കുന്ന സമയത്ത് 41 സ്ഥിരം ജീവനക്കാരും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 2 പേരും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയല്ലാതെ 10 പേർ താൽക്കാലിക അടിസ്ഥാനത്തിൽ കൗൺസിൽ തീരുമാന പ്രകാരം നിയമിച്ച് ജോലിചെയ്യുന്നതായും 4 തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നതായും ഉണ്ട്.
എഞ്ചിനീയറിംഗ് വിഭാഗത്തിൽ ഒരു എഞ്ചിനീയർ, 4 ഓവർസിയർമാർ എന്നിങ്ങനെ 5 തസ്തികകളാണ് ഉള്ളത്.

താൽക്കാലിക നിയമനം സംബന്ധിച്ച വിവരം താഴെ പറയും പ്രകാരമാണ്.

1.സാങ്ഷന്റ് തസ്തികയിൽ ഉള്ള JHI Gr.II തസ്തികയിൽ ഉള്ള 4 ഒഴിവുകളിൽ 2 പേരെ (JHI ഗ്രേഡ് II )എംപ്ലോയ്മെന്റ് വഴിയും ഒരാളെ ദിവസ വേതന അടിസ്ഥാനത്തിലും നിയമിച്ചിട്ടുണ്ട്. ഒരു തസ്തിക ഒഴിഞ്ഞു കിടക്കുന്നു.

2.സാങ്ഷന്റ് തസ്തികയായ ക്ലർക്ക് തസ്തികയിൽ ഉള്ള 2 ഒഴിവുകളിലേക്കും ത.സ്വ.ഭ.വകുപ്പിന്റെ 12.2.2017 ലെ അനുമതിയുത്തരവ് പ്രകാരവും ത.സ്വ.ഭ. (ഇ.എം) വകുപ്പിന്റെ 18.2.2022 ലെ ജി.ഒ(ആർ.ടി) 352/22 നമ്പർ ഉത്തരവ് പ്രകാരവും ഓരോരുത്തരെയും ആകെ 4 പേരെ ദിവസ വേതന അടിസ്ഥാനത്തിലും നിയമിച്ചിട്ടുണ്ട്.

3. ഡ്രൈവർ തസ്തികയിൽ 3 പേരെ ദിവസ വേതന അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്.

4. ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരായി 2 പേരെ താൽക്കാലികമായി നിയമിച്ചിട്ടുണ്ട്.
5. ഒഴിവുള്ള 2 ഓവർസിയർമാരുടെ തസ്തികകളിൽ 4 പേരെ കൗൺസിൽ താൽക്കാലിക അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്.

കൗൺസിൽ നേരിട്ടാണ് താൽക്കാലിക നിയമനം നടത്തിയിട്ടുള്ളത്. നഗരസഭക്ക് അനുവദിച്ച മേൽ അംഗീകാരമുള്ള തസ്തികകൾ (Sanctioned)ക്ക് പുറമെ 3 ഡ്രൈവർമാർ, 2 ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർ എന്നിവർ നഗരസഭയിൽ താൽക്കാലികമായി ജോലി ചെയ്യുന്നുണ്ട്. ഇവരെയും കൗൺസിൽ നേരിട്ട് നിയമിച്ചതാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും നിയമപ്രകാരം ലിസ്റ്റ് ആവശ്യപ്പെടാതെയാണ് മേൽ താൽക്കാലിക നിയമനങ്ങൾ നടത്തിയിട്ടുള്ളത്.

താൽക്കാലിക നിയമനം സംബന്ധിച്ച ഫയൽ ജി1-2757/21 പരിശോധിച്ചതിൽ താഴെ പറയും പ്രകാരം നിയമനങ്ങൾ

നടത്തിയിട്ടുള്ളതായി കാണുന്നു.

ക്ലർക്ക് തസ്തികയിലേക്കും ഡ്രൈവർ തസ്തികയിലേക്കും താൽക്കാലിക നിയമനത്തിനായി ആവശ്യപ്പെട്ടതനുസരിച്ച് ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ നൽകിയ പട്ടികയിൽ നിന്നും (2.2.21 ലെ 19-2021/11 സി 2 നമ്പർ കത്ത് പ്രകാരം എൽ.ഡി ക്ലർക്ക്മാരുടെ 17 എണ്ണം, 29.1.210ലെ 19-2021/12 സി2 നമ്പർകത്ത് പ്രകാരം ഡ്രൈവർമാരുടെ 27 എണ്ണം പേരുടെ) ഇന്റർവ്യൂ നടത്തി താൽക്കാലിക നിയമനം നടത്താതെ കൗൺസിൽ തീരുമാനപ്രകാരം ദിവസവേതനാടിസ്ഥാനത്തിൽ 3 ക്ലർക്കുമാരെ നേരിട്ട് നിയമിച്ചിട്ടുണ്ട്.

താൽക്കാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നടത്തണമെന്നിരിക്കെ അംഗീകാരമുള്ള തസ്തികകളിൽ പോലും നഗരസഭ അപ്രകാരം ചെയ്തിട്ടില്ലായെന്നത് ഗുരുതരമായ വീഴ്ചയാണ്. നഗരസഭയുടെ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്ക് കൂടുതൽ തസ്തികകൾ ആവശ്യമാണെങ്കിൽ ആയത് സർക്കാരിൽ നിന്നും നേടിയെടുക്കുന്നതിന് നടപടികൾ സ്വീകരിക്കുകയാണ് ചെയ്യേണ്ടത്.

അതുവരെ നഗരസഭയിലെ താൽക്കാലിക നിയമനങ്ങൾ ക്രമ പ്രകാരമല്ല.
താൽക്കാലിക നിയമനം സംബന്ധിച്ച് 2021-22 ൽ നഗരസഭ കൗൺസിൽ താഴെ പറയും പ്രകാരം തീരുമാനങ്ങൾ എടുത്തതായി കാണുന്നു.

1).6.5.21 ലെ 2/1 നമ്പർ തീരുമാനം.
അഞ്ച് ഓവർസിയർമാരെ താൽക്കാലികമായി നിയമിക്കുന്നതിന് തീരുമാനിച്ചു.തീരുമാനത്തിന് സർക്കാർ അനുമതി തേടുന്നതിനും അനുമതി ലഭിക്കുമെന്ന പ്രതീക്ഷയിൽ നിയമന നടപടികൾ നടത്തുന്നതിനും തീരുമാനിച്ചു.
സർക്കാറിന്റെ മുൻകൂർ അനുമതി ഇല്ലാതെ അനുവദിക്കപ്പെടാത്ത തസ്തികകളിൽ ദിവസ വേതനാടിസ്ഥാനത്തിൽ നിയമനം പാടില്ല എന്ന വ്യവസ്ഥയുള്ളതിനാൽ തീരുമാനം പുന:പരിശോധിക്കണമെന്ന് സെക്രട്ടറി കൗൺസിലിനോട് ആവശ്യപ്പെട്ടു. തീരുമാനം പുന:പരിശോധിക്കാൻ തയ്യാറാകാത്തതിനാൽ തീരുമാനത്തോട് സെക്രട്ടറി വിയോജനം രേഖപ്പെടുത്തി.

2).6.7.21 ലെ 5/1 നമ്പർ തീരുമാനം.
6.5.21 ലെ രണ്ടാം നമ്പർ കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇന്റർവ്യൂ നടത്തി തയ്യാറാക്കിയ ലിസ്റ്റിൽ നിന്നും 5 പേരെ 179 ദിവസത്തേക്ക് നിയമിക്കാൻ തീരുമാനിച്ചു.

3). 3.2.22 ലെ 20/1 നമ്പർ തീരുമാനം
താൽക്കാലിക നിയമനം നൽകിയ 5 ഓവർസിയർമാരുടെ കാലാവധി 31.12.21 ഒന്നിന് അവസാനിച്ചിട്ടുള്ളതും 4 പേർ താൽക്കാലിക ഓവർസിയർമാരായി തുടരുന്നതുമാണ്.ഒരാൾ 17.12.21 ന് റിസൈൻ ചെയ്യുകയും ചെയ്തു.1.1.22 മുതൽ ഒരു വർഷത്തേക്ക് കരാർ കാലാവധി ദീർഘിപ്പിക്കുന്നതിനും റിസൈൻ ചെയ്തയാളുടെ ഒഴിവിലേക്ക് ഒരാളെ നിയമിക്കുന്നതിനും തീരുമാനിച്ചു.
3.1.22 ന് ക്ലർക്ക് തസ്തികയിൽ നിയമനത്തിന് ജോലിയിൽ പ്രവേശിപ്പിക്കണമെന്ന് ഇന്റർവ്യൂ നടത്തി തയ്യാറാക്കിയ ലിസ്റ്റിൽ പെട്ടയാളുടെ അപേക്ഷയിൽ നിയമനം നൽകുന്നതിന് കൗൺസിലിന്റെ അംഗീകാരമില്ല എന്ന് ജി-1 സെക്ഷൻ സൂപ്രണ്ട് രേഖപ്പെടുത്തിയിട്ടുണ്ട്.തീരുമാനം സംബന്ധിച്ച വിവരം ഫയലിൽ ലഭ്യമല്ല.മാത്രവുമല്ല താൽക്കാലിക നിയമനം നൽകിയവരുടെ അപേക്ഷ,യോഗ്യത സംബന്ധിച്ച വിശദാംശങ്ങൾ എന്നിവയും ഫയലിൽ ഇല്ല.

എല്ലാ താൽക്കാലിക നിയമനങ്ങളും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ലിസ്റ്റ് ആവശ്യപ്പെട്ട് ഇന്റർവ്യൂ നടത്തി ആയതിൽ നിന്നും യോഗ്യരായ ഉദ്യോഗാർത്ഥികളെ നഗരസഭക്ക് തെരഞ്ഞെടുക്കാവുന്നതാണ്. അംഗീകാരമില്ലാത്ത തസ്തികകളിൽ താൽക്കാലികമായി ജോലി ചെയ്യുന്നവർ ഒരു വർഷവും അതിൽ കൂടുതലുമായി തുടർച്ചയായി സേവനം ചെയ്യുന്നവരാണ്. ഇത്തരത്തിൽ സർക്കാർ അംഗീകാരം നൽകാത്ത തസ്തികകളിൽ താൽക്കാലിക നിയമനം നടത്തുന്ന രീതി ക്രമ പ്രകാരമല്ല. അംഗീകാരമുള്ള (Sanctioned) തസ്തികകളിലോ അല്ലായെങ്കിൽ നഗരസഭകളുടെ സുഗമമായ പ്രവർത്തനത്തിനായി സർക്കാർ അതാത് സമയങ്ങളിൽ നിശ്ചിത കാലയളവുകളിലേക്കായി അനുവദിക്കപ്പെട്ടിട്ടുള്ള തസ്തികകളിലും മാത്രമേ താൽക്കാലിക നിയമനം നടത്താൻ നഗരസഭക്ക് അനുവാദമുള്ളുവെന്നിരിക്കെ മേൽ പ്രകാരം നടത്തിയ താൽക്കാലിക നിയമനങ്ങൾക്ക് സർക്കാരിൽ നിന്നും സാധൂകരണം വാങ്ങേണ്ടതാണ്. താല്കാലിക നിയമനകാര്യത്തിൽ സർക്കാർ ഉത്തരവുകളും നിർദ്ദേശങ്ങളും കർശനമായി പാലിക്കേണ്ടതാണ്. ഓഡിറ്റ് പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.
അന്വേഷണക്കുറിപ്പുകൾക്കുള്ള മറുപടിയിൽ 23.32 ച.കി.മീ വിസ്തൃതിയുള്ളതും 51 വാർഡുകളും ഒരു ലക്ഷത്തിൽ അധികം ജനസംഖ്യയുമുള്ള ഒന്നാം ഗ്രേഡ് നഗരസഭയായിരുന്നിട്ടും ജീവനക്കാരുടെ എണ്ണം ആനുപാതികമായി വർദ്ധിപ്പിക്കാത്തതിനാൽ നഗരസഭയുടെ പ്രവർത്തനം സുഗമമായി നടത്തുന്നതിനാണ് കൗൺസിൽ തീരുമാന പ്രകാരമാണ് താൽക്കാലിക നിയമനങ്ങൾ നടത്തുന്നത് എന്നാണ് അറിയിച്ചത്.
താൽക്കാലിക നിയമനങ്ങൾ നടത്തുന്നതിന് സർക്കാറിന്റെ സാധൂകരണം ലഭ്യമാക്കേണ്ടതും അനുവദിക്കപ്പെട്ട തസ്തികകളിലേക്കുള്ള നിയമനങ്ങൾക്ക് സർക്കാർ നിർദ്ദേശങ്ങളനുസരിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം

ക്രമപ്പെടുത്തേണ്ടതുമാണെന്ന് ഓഡിറ്റ് നിർദ്ദേശിക്കുന്നു.

## 1-49 വാട്ടർ അതോറിറ്റി ബിൽ;സംയുക്ത പരിശോധനക്ക് ശേഷം തുടർനടപടി സ്വീകരിക്കാത്തത്

പൊന്നാനി മുനിസിപ്പാലിറ്റി 2021-22 വർഷം പൊതു വാട്ടർ ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ എല്ലാ മാസവും 7,78,132 രൂപ വീതം വാട്ടർ അതോറിറ്റിക്ക് അടവാക്കുന്നുണ്ട്. 1128 പൊതു ടാപ്പുകൾക്കായാണ് ഇത്രയും തുക അടവാക്കുന്നത്. വാട്ടർ അതോറിറ്റിയുമായി ചേർന്ന് 13.9.2021 മുതൽ സംയുക്ത പരിശോധന നടത്തിയതിന്റെ ഫലമായി 361 ടാപ്പുകൾ റദ്ദ് ചെയ്യാനുള്ളതായി കണ്ടെത്തിയിട്ടുണ്ട്. 23 ടാപ്പുകൾ ക്രമീകരിക്കാനുള്ളതായി കണക്കാക്കുകയും ചെയ്തു. വാട്ടർ അതോറിറ്റി മുനിസിപ്പാലിറ്റിക്ക് ഓരോ മാസവും നൽകുന്ന നോട്ടീസിൽ ഭീമമായ തുക കുടിശ്ശികയും ഫൈനും ഡിമാന്റ് ചെയ്യുന്നുണ്ട്. 2022 മാർച്ച് മാസത്തെ ഡിമാന്റ് വിവരങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| 03/2022 വരെയുള്ള ആകെ കുടിശ്ശിക | 17,13,49,173 രൂപ |
| 03/2022 ലെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി (OTS) പ്രകാരം അടവാക്കേണ്ട തുക | 7,34,54,948രൂപ |
| OTS പ്രകാരം 03/2022 ൽ അടച്ച തുക(2 ഗഡു) | 2,10,59,914രൂപ |
| OTS പ്രകാരം ഇനി അടക്കാനുള്ള തുക | 5,23,95,034രൂപ |
| OTS പ്രകാരം ഇളവനുവദിച്ച് ഒഴിവാക്കുന്ന തുക | 9,78,94,225രൂപ |

വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം മുനിസിപ്പാലിറ്റി എല്ലാ മാസവും തൻമാസ ഡിമാന്റ് തുക മാത്രം അടവാക്കുകയും പ്രൊജക്ട് 438/22 പ്രകാരം 2,10,599,14 രൂപ കുടിശ്ശികയിത്തിൽ ധനകാര്യ കമ്മീഷൻ ഗ്രാന്റ് തുകയിൽ നിന്നും അടവാക്കുകയും ചെയ്തിട്ടുണ്ട്.

BRN 21150447000301478861/26.3.22 -15353812 രൂപ

BRN 21150447000301478882/26.3.22 -5706102 രൂപ.

സംയുക്ത പരിശോധനക്ക് ശേഷം 361 ടാപ്പുകൾ റദ്ദാക്കുന്നതിന് വാട്ടർ അതോറിറ്റിക്ക് കത്ത് നൽകുകയും അതിന് മറുപടിയായി ഡിസ്മാന്റിൽ ചെയ്യുന്നതിനായി 6,00,000 രൂപ അടവാക്കാൻ വാട്ടർ അതോറിറ്റി അറിയിക്കുകയും ചെയ്തു. ഇക്കാര്യത്തിൽ വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് തീരുമാനം കൈക്കൊള്ളാത്തതിനാൽ തുടർന്നും നിലവിലില്ലാത്ത 361 ടാപ്പുകൾക്കും പ്രതിമാസം ശരാശരി 2,49,030 രൂപ വീതം അടവാക്കിക്കൊണ്ടിരിക്കുന്നു.

നാളിതു വരെ എത്ര രൂപ വാട്ടർ അതോറിറ്റിക്ക് കുടിശ്ശികയിനത്തിൽ നേരിട്ടും മുൻകാലങ്ങളിൽ സോഴ്സ് ഡിഡക്ഷനായും നൽകി എന്നത് സംബന്ധിച്ച ക്രോഡീകരിച്ച വിവരങ്ങളൊന്നും നഗരസഭ സൂക്ഷിക്കുന്നില്ല. ഡിമാന്റ് സംബന്ധിച്ച് ശരിയായ തീരുമാനത്തിലെത്തി തീർപ്പ് കൽപ്പിക്കാതിരുന്നാൽ ഭീമമായ തുക മുനിസിപ്പാലിറ്റി പിഴയിനത്തിലും ഉപയോഗിക്കാത്ത ടാപ്പുകളുടെ ചാർജ്ജിനത്തിലും വാട്ടർ അതോറിറ്റിക്ക് നൽകേണ്ടി വരുന്ന സാഹചര്യം ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ഈ വിഷയം സംബന്ധിച്ച് മുനിസിപ്പാലിറ്റി സ്വീകരിച്ച എന്തെങ്കിലും നടപടി വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ 41/7.3.23 ന ഉചിതമായ തുടർ നടപടി സ്വീകരിക്കുന്നതാണെന്ന് നഗര സഭാ സെക്രട്ടറി മറുപടി നല്കിയിട്ടുണ്ട്. സ്വീകരിച്ച നടപടി വിവരങ്ങൾ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-50 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി - അവലോകനം

നഗരപ്രദേശങ്ങളിലെ കുടുംബങ്ങൾക്ക് 100 ദിവസം തൊഴിൽ ഉറപ്പാക്കുകയും അതിലൂടെ കുടുംബങ്ങളുടെ ജീവിത സുരക്ഷ ഉറപ്പാക്കുകയുമെന്നതാണ് 2010 മുതൽ സംസ്ഥാനത്ത് നടപ്പാക്കപ്പെട്ട് വരുന്ന അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ (*Ayyankali Urban Employment* Guarantee Scheme (AUEGS) ലക്ഷ്യം.

പൊന്നാനി നഗരസഭയുടെ 2021-22 വർഷത്തെ ആക്ഷൻ പ്ലാൻ പ്രകാരം താഴെ പറയുന്ന പ്രവൃത്തികളാണ് നിർവഹിക്കപ്പെട്ടിട്ടുള്ളത്

| ക്രമനം | പ്രവൃത്തിയുടെ പേര് | ചെലവഴിച്ച |
|---|---|---|

| | | തുക |
|---|---|---|
| 1 | കമ്പോസ്റ്റ് പിറ്റ് നിർമാണം | 2351720 |
| 2 | PMAYഭവനങ്ങളുടെ വാനം വെട്ടുന്നതിനും അടിസ്ഥാനം നിർമിക്കുന്നതിനും | 1769926 |
| 3 | ജൈവ പച്ചകൃഷി കൃഷിയിടമൊരുക്കൽ | 412624/- |
| 4 | തോടുകളുടെ പുനരുദ്ധാരണം | 1558440 |
| 5 | മാലിന്യശേഖരണ പ്രവർത്തനങ്ങൾ | 527874/ |
| 6 | വാർഡിലെ വിവിധ കാനകൾശുചീകരണം | 1533873 |
| 7 | വീടുകളിൽ മണ്ണ്- ജല സംരക്ഷണം | 1282272 |
| 8 | ക്ഷീര കർഷകർക്കുള്ള തൊഴിൽ നൽകൽ | 145500 |
| 9 | പച്ചത്തുരുത്ത് നിർമാണം | 53280 |
| 10 | സ്കൂൾ പരിസരം ശുചീകരണം | 11544 |

തൻ വർഷം 10 ഇനം പ്രവൃത്തികളാണ് നടപ്പാക്കിയത്. ആകെ 31812 മനുഷ്യ ദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 4370 കുടുംബങ്ങൾ രജിസ്റ്റർ ചെയ്തെങ്കിലും 45 പേർക്ക് മാത്രമാണ് 100 തൊഴിൽ ദിനങ്ങൾ ലഭിച്ചിട്ടുള്ളത്.നഗരദാരിദ്ര്യ ലഘൂകരണം എന്ന ലക്ഷ്യം കൈവരിയ്ക്കുന്നതിനായി ലഭ്യമാകുന്ന ഫണ്ടുകൾ ശരിയാം വിധം വിനിയോഗിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട ക്യാഷ് ബുക്ക് , മസ്റ്റർ റോൾ വിതരണ രജിസ്റ്റർ എന്നിവ കാലികമാക്കിയിട്ടില്ല. ആയതിനാൽ ഇത് സംബന്ധിച്ച കണക്കുകളുടെ കൃത്യത വാർഷികക്കണക്കുകളുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാനായിട്ടില്ല. ( വിശദാംശങ്ങൾക്ക് ഖണ്ഡിക 1-11.6 കാണുക) സർക്കാർ നിർദ്ദേശ പ്രകാരം അതത് സമയത്ത് പ്രസക്തമായ, മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ, മുതലായ വൈവിദ്ധ്യമാർന്നതും നഗരസഭയുടെ സാഹചര്യത്തിന് അനുയോജ്യവുമായ പ്രോജക്ടുകൾ യഥാസമയം ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഡ്രൈനേജ് കോൺക്രീറ്റ് അധിക നിരക്ക് നൽകി -44173 രൂപയുടെ നഷ്ടം

നഗരസഭാ എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച പ്രവൃത്തികളുടെ ഭാഗമായി ഡ്രൈനേജിന് വേണ്ടി മണ്ണ് കിളച്ച് മാറ്റിയ പ്രതലത്തിൽ 1:3:6 സിമന്റ് കോൺക്രീറ്റ് ചെയ്തതിന് മോർഡ് സ്പെസിഫിക്കേഷൻ കോഡ് 11.4.1.1 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. ഈ ഡാറ്റ പ്രകാരമുള്ള പ്രവൃത്തിയിൽ സെന്ററിംഗിനുള്ള നിരക്കും ഉൾപ്പെടുന്നുണ്ട്. ഡ്രൈനേജിനായി മണ്ണ് കിളച്ചെടുത്ത പ്രതലത്തിൽ മുഴുവൻ നീളത്തിലും വീതിയിലുമായി സിമന്റ് കോൺക്രീറ്റ് ചെയ്യുന്നതിന് സെന്ററിംഗ് ആവശ്യമില്ലാത്തതിനാൽ സെന്ററിംഗിനുള്ള നിരക്ക് ഒഴിവാക്കിയാണ് ഈ ഇനത്തിന് നിരക്ക് നൽകേണ്ടിയിരുന്നത്.

ചുവടെ കാണും പ്രകാരംനൽകിയ അധിക തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്ന് ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ഇനം അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം 12% GST അടക്കം |
|---|---|---|---|---|
| 1.പ്രവൃത്തിയു ടെ നമ്പർ, പേര് 197/22-ബിയും ALPS ഡ്രൈനേജ്- കം. റോഡ് നിർമാണം- സെക്കന്റ് റീച്ച് തുക – 767103/- ( ധ.കാ.ഗ്രാ) ചെലവ്- 766945/- ബിൽ - 663/19.03.2022 | സിമന്റ് കോൺക്രീറ്റ് 7.91 $M^3$ | 60677.61 @7671/$m^3$ എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 10 % അധികം MB പേജ് നം. 16 എസ്റ്റിമേറ്റ് നിരക്ക്- 6974.53 | 58351.28/- @7376.90/$m^3$ 10% അധികം. നൽകാവുന്ന നിരക്ക് 6706.27/m3 | 2605 (2326.33 +279) |

| | | | | |
|---|---|---|---|---|
| കരാർ 124/2021-22 Dated 03.02.2022<br>കോൺട്രാക്ടർ ശ്രീ എ.മുഹമ്മദ് ഇക്ബാൽ<br>അളവ് പുസ്തകം 73/21-22<br>കോസ്റ്റ് ഇൻഡക്സ് 31.06% | | | | |
| 2. SO-327/22<br>66കോളനി പിൻവശം ഡ്രൈനേജ് പുനർനിർമാണം<br>അടങ്കൽ- 1300000/-<br>( ധ.കാ.ഗ്രാ)<br>ചെലവു തുക 1276206/-<br>ബിൽ നം. 327/21.03.22<br>കരാർ 25/2021-22 Dated 08.10.2021<br>കോൺട്രാക്ടർ ശ്രീ കെ.വി ഫിറോസ്<br>അളവ് പുസ്തകം 59/21-22<br>കോസ്റ്റ് ഇൻഡക്സ് 31.06% | 23.33 $M^3$<br>(MB പേജ് നം.5) | 162715.78<br>@6974.53/$m^3$<br>(എസ്റ്റിമേറ്റ് നിരക്ക്)<br>(MB പേജ് നം.39)<br>എസ്റ്റിമേറ്റ് പ്രകാരം നിരക്ക്<br>@6974.53/$m^3$ | 156457.28<br>@6706.27/$m^3$ | 7010<br>6258.5+751.02 |
| 3.SO113/22 -മക്കരപ്പറമ്പ് ഡ്രൈനേജ് നിർമാണം<br>അടങ്കൽ-<br>1318786/- ( ധ.കാ.ഗ്രാ)<br>ചെലവു തുക- 1306798/-<br>ബിൽ നം. 664/19.03.22<br>കരാർ 120/2021-22Dated 02/02/2022<br>കോൺട്രാക്ടർ ശ്രീ അബൂബക്കർ<br>അളവ് പുസ്തകം 66/21022 & 67/21-22<br>കോസ്റ്റ് ഇൻഡക്സ് 31.06% | 14m3<br>(MB പേജ് നം.8 Of 66/21-22) | 97643.42<br>(MB പേജ് നം.3 Of 67/21-22)<br>@6974.53 | 93887.78<br>@6706.27/$m^3$ | 4206/-<br>3755.64 + 450.67 |
| 4.SO 115/22- കല്ലിക്കട Sc കോളനി ഡ്രൈനേജ് നിർമാണം<br>ഐ- 17<br>അടങ്കൽ- 425000/-<br>- ( ധ.കാ.ഗ്രാ)<br>ചെലവ്-413363/-<br>ബിൽ നം. 534/28.02.2022<br>കരാർ 40/2021-22 Dated 12.10.21 | 8.77m3<br>(MB പേജ് നം. 4 Of 19 | 61166.63<br>@6974.53<br>(MB പേജ് നം.26 Of Book No.19 | 58813.99<br>@6706.27/$m^3$ | 2635/-<br>2352.64+ 282.32 |

| | | | | | | |
|---|---|---|---|---|---|---|
| | കോൺട്രാക്റ്റർ ശ്രീ<br>അബൂബക്കർ<br>(Estimate Rate)<br>അളവ് പുസ്തകം 19/21-22 & 40/21-22<br>കോസ്റ്റ് ഇൻഡക്സ് 31.06% | | | | | |
| | 5.SO 409/22<br>തോട്ടത്താഴം റോഡും ഡ്രൈയിൻ നിർമാണം.<br>അടങ്കൽ- 1087106/-<br>- ( ധ.കാ.ഗ്രാ)<br>ചെലവ്-1077224/-<br>ബിൽ നം. 726/24.03.2022<br>കരാർ 134/2021-22 Dated 13.02.2022<br>കോൺട്രാക്റ്റർ ശ്രീ<br>ഷാലു. ടി.വി<br>(9% Above Estimate Rate)<br>അളവ് പുസ്തകം 63/21-22<br>കോസ്റ്റ് ഇൻഡക്സ് 31.06% | 14.01 M3 | 106507.38<br>@7602.24<br>(എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 9% അധികം)<br>എസ്റ്റിമേറ്റ് നിരക്ക് 6974.53/m3 | 102410.72<br>@7309.83<br>നൽകാവുന്ന നിരക്കായ 6706.27 ന്റെ 9% അധികം | 4588/-<br>4096.66+491.60 | |
| | SO406/22വണ്ടിപ്പേട്ട പ്ലാസ -റോഡ്- ഡ്രൈൻ-കം ഫുട്പാത്ത് നിർമാണം<br>അടങ്കൽ-500000/-<br>( ധ.കാ.ഗ്രാ)<br>ചെലവ്- 500000/-<br>ബിൽ നം.747/26.03.2022<br>കരാർ- 132/2021 Dated<br>13.02.2022<br>കരാറുകാരൻ<br>ശ്രീ .പി.ടി അബ്ദുൽ സത്താർ<br>9% Above Estimate Rate)<br>കോസ്റ്റ് ഇൻഡക്സ് 31.06%<br>അളവു പുസ്തകം-91/21-22 | 6.17m3 | 46905.82<br>@7602.24<br>(എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 9% അധികം)<br>എസ്റ്റിമേറ്റ് നിരക്ക് 6974.53/m3 | 45101.65<br>@7309.83<br>നൽകാവുന്ന നിരക്കായ 6706.27 ന്റെ 9% അധികം | 2021/-<br>(1804.17+216.5) | |
| | 373/22- കടപ്പുറം- മുല്ല റോഡ് ഡ്രൈനേജ് പുനരുദ്ധാരണം<br>അടങ്കൽ-500000/-<br>( ധ.കാ.ഗ്രാ)<br>ചെലവ്- 424966/-<br>ബിൽ നം. 803/31.03.22 | 5.60m3 | 39057.37<br>@6974.53<br>എസ്റ്റിമേറ്റ് നിരക്ക് | 37555.11<br>@6706.27/$m^3$ | 1683/-<br>1502.26 +180.27 | |

| | | | | |
|---|---|---|---|---|
| കരാർ- 27/2021-22 Dated 08.10.2021<br>കരാറുകാരൻ<br>ശ്രീ ഫിറോസ് കെ.വി.<br>അളവ്വ പുസ്തകം-110/21-22<br>കോസ്റ്റ് ഇൻഡക്സ് 31.06% | | | | |
| SO219/22- മേഘല ഡ്രൻ നിർമാണം<br>അടങ്കൽ-900000/-<br>( ധ.കാ.ഗ്രാ)<br>ചെലവ്- 778407/-<br>ബിൽ നം. 727/24.03.2022<br>കരാർ- 44/2021-22 Dated 13.10.2021<br>കരാറുകാരൻ<br>ശ്രീ പ്രവീൺ<br>അളവ്വ പുസ്തകം-79/21-22<br>കോസ്റ്റ് ഇൻഡക്സ് 31.06% | 6.171m3 | 40728.6<br>@6600/m3<br>എസ്റ്റിമേറ്റ് നിരക്കിന്റെ 5.37% Below<br>അളവ്വ പുസ്തകം പേജ്.നം. 23<br>എസ്റ്റിമേറ്റ് നിരക്ക്<br>6974.53/m3 | 39162.03/-<br>@6346.14/m3<br>നൽകാവുന്ന നിരക്കായ 6706.27/m3 ന്റെ നിരക്കിന്റെ 5.37% Below | 1755/-<br>(1566.57+187.99) |
| So114/22കളത്തിൽ റോഡ് ഡ്രൈനേജ് നിർമാണം.<br>അടങ്കൽ-1499000/<br>( ധ.കാ.ഗ്രാ)<br>ചെലവ്- 1277098/-<br>ബിൽ നം. 744/26.03.2022<br>കരാർ- 49/2021-22 Dated-13.10-2021<br>കരാറുകാരൻ<br>ശ്രീ പ്രവീൺ. എസ്.<br>അളവ്വ പുസ്തകം-90/21-22<br>കോസ്റ്റ് ഇൻഡക്സ് 31.06% | 14.98m3 | 89880/-<br>@6000/m3<br>13.97% Below<br>അളവ്വ പുസ്തകം പേജ്.നം. 32 &33<br>എസ്ര്റിമേറ്റ് നിരക്ക്<br>6974.53/m3 | 86425.61/-<br>@5769.4/m3<br>നൽകാവുന്ന നിരക്കായ 6706.27/m3 ന്റെ<br>13.97% Below | 3869<br>3454.39+414.53 |
| So110/22-ബിയ്യം- എകരം റോഡ് ഡ്രൈനേജ് നിർമാണം<br>അടങ്കൽ-690000/<br>( ധ.കാ.ഗ്രാ)<br>ചെലവ്- 685112/-<br>ബിൽ നം. 757/26.03.2022<br>കരാർ- 23/2021-22 Dated-08.10-2021<br>കരാറുകാരൻ<br>ശ്രീ എ. മുഹമ്മദ് ഇക്ബാൽ<br>അളവ്വ പുസ്തകം-96/21-22 | 15.687m3 | 94122/-<br>@6000/m3<br>13.97% Below<br>അളവ്വ പുസ്തകം പേജ്.നം. 21<br>എസ്ര്റിമേറ്റ് നിരക്ക്<br>6974.53/m3 | 90504.58<br>@5769.4/m3<br>നൽകാവുന്ന നിരക്കായ 6706.27/m3 ന്റെ<br>13.97% Below | 4052/-<br>(3617.42+ 434.09) |

| | | | | |
|---|---|---|---|---|
| കോസ്റ്റ് ഇൻഡക്സ് 31.06% | | | | |
| So.104/22 മിനി സ്റ്റേഡിയം ഡ്രൈൻ-കം-ഫുട്പാത്ത് നിർമാണം<br>അടങ്കൽ-900000/-<br>( ധ.കാ.ഗ്രാ)<br>ചെലവ്- 766755/-<br>ബിൽ നം. 658/19.03.2022<br>കരാർ- 39/2021-22 Dated- 12.10-2021<br>കരാറുകാരൻ<br>ശ്രീ സുജീഷ്. എം.<br>അളവു പുസ്തകം-54 &64/21-22<br>കോസ്റ്റ് ഇൻഡക്സ് 31.06% | 8.77m3 | 52786.81<br>@6019.02<br>എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 13.7% ടെണ്ടർ കുറവ്<br>അളവു പുസ്തകം 54 പേജ്.നം. 41<br>എസ്ര്റിമേറ്റ് നിരക്ക്<br>6974.53/m3 | 50756.46<br>@5787.5<br>നൽകാവുന്ന നിരക്ക് ആയ 6706.27/m3 ന്റെ<br>13.7% Below | 2274/-<br>(2030.35 + 243.64) |
| പ്രവൃത്തിയുടെ നമ്പർ, പേര്<br>430/22-<br>പെരിഞ്ചേരിപ്പാടം ഡ്രൈനേജ്- വാർഡ്4<br>തുക – 544898/-<br>( ധ.കാ.ഗ്രാ)<br>ചെലവ്- 544898/-<br>ബിൽ - 761/27.03.2022<br>കരാർ 135/2021-22 Dated 13.02.2022<br>കോൺട്രാക്ടർ ശ്രീ ടി.വി. ഷാലു<br>അളവ് പുസ്തകം 53/21-22<br>കോസ്റ്റ് ഇൻഡക്സ് 31.06% | സിമന്റ് കോൺക്രീറ്റ് 10.67 $M^3$ | 81860.03<br>@7671.98<br>എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 10 % അധികം<br>MB പേജ് നം. 14<br>എസ്റ്റിമേറ്റ് നിരക്ക്- 6974.53 | 77995.89<br>@7309.83/$m^3$<br>(നൽകാവുന്നനിരക്കായ 6706.27/m3 ന്റെ 09% അധികം.)<br>കരാറുകാരൻ 9% അധിക നിരക്കിന് പ്രവൃത്തി ഏറ്റെടുക്കാൻ സന്നദ്ധത അറിയിച്ച് കത്ത് നൽകിയിട്ടുണ്ടെങ്കിലും ടിയാന് 10% ടെണ്ടർ അധിക നിരക്ക് ഈയിനത്തിൽ നൽകിയിട്ടുണ്ട്.<br>നൽകാവുന്ന നിരക്ക് 6706.27/m3 | 4328/-<br>(3864.14+463.70) |
| പ്രവൃത്തിയുടെ നമ്പർ, SO290/22- ചെങ്കോട്ട പടിഞ്ഞാറ് ഭാഗം മുതൽ മുനമ്പം ജാറം റോഡ് റീ-ടാറിംഗ് ഡ്രൈൻ വാർഡ് 41<br>തുക – 1300000/- MG NR<br>ചെലവ്-<br>ബിൽ -<br>കരാർ 88/2021-22 Dated 18.12.2022<br>കോൺട്രാക്ടർ ശ്രീ കെ.വി . ഫിറോസ്<br>അളവ് പുസ്തകം 70/21-22<br>കോസ്റ്റ് ഇൻഡക്സ് 31.06% | സിമന്റ് കോൺക്രീറ്റ് 10.09 $M^3$ | 69669.23<br>@6904.78/$m^3$<br>എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 1 % കുറവ്<br>Mbനമ്പർ 70/21-22 പേജ് നം. 55<br>എസ്റ്റിമേറ്റ് നിരക്ക്- 6974.53 | 66989.53<br>@6639.20//$m^3$<br>(നൽകാവുന്നനിരക്കായ 6706.27/m3 ന്റെ 1% കുറവ്.).<br>നൽകാവുന്ന നിരക്ക് 6706.27/m3 | 3001/-<br>(2679.70+321.56) |
| അധികം നൽകിയ തുക | | | | 44027/- |

മേൽ പറഞ്ഞപ്രകാരം അധിക നിരക്ക് നൽകിയത് സംബന്ധിച്ച് നൽകിയ, 05/01.03.2023, 09/03.03.2023 നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾക്ക് 02.03.2023, 06.03.2023 എന്നീ തീയ്യതികളിൽ ലഭ്യമാക്കിയ മറുപടിയിൽ , ഭൂമിശാസ്ത്രപരമായ ചില പ്രത്യേകതകൾ ഉള്ള മണ്ണാണ് പൊന്നാനിയിലേതെന്നും ആയത് ഇടിഞ്ഞു വീഴുമെന്നതിനാൽ ഡ്രൈനേജിന്റെ യഥാർഥ വീതിയിൽ കിളച്ച് Bed Concrete ചെയ്യുക സാധ്യമല്ലെന്നും 1.3 മീറ്ററോ അതിലധികമോ കിളച്ച് ഷട്ടറിംഗ് ചെയ്താണ് ആവശ്യമായ അളവിൽ കോൺക്രീറ്റ് ചെയ്യുന്നതെന്നും വ്യക്തമാക്കിയിട്ടുണ്ട്. മൺപണിയുടെ അളവ് രേഖപ്പെടുത്തുമ്പോൾ എസ്റ്റിമേറ്റിലുള്ള അളവു മാത്രമേ രേഖപ്പെടുത്താറുള്ളൂ എന്നും മറുപടിയിൽ തുടർന്ന് പറഞ്ഞിട്ടുണ്ട്.

എന്നാൽ മണ്ണിന്റെ പ്രത്യേക സ്വഭാവം അധിക നിരക്ക് നൽകേണ്ട സാഹചര്യം എന്നിവയുൾപ്പെടെ മറുപടിയിൽ പറയുന്ന വസ്തുതകളൊന്നും തന്നെ എസ്റ്റിമേറ്റിലോ എസ്റ്റിമേറ്റ് റിപ്പോർട്ടിലോ പ്രൊജക്ടിലോ രേഖപ്പെടുത്തിയിട്ടില്ല. അധിക നിരക്ക് നൽകിയത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടിയായി മാത്രമാണ് ഇക്കാര്യം പറഞ്ഞിട്ടുള്ളത് . ആധികാരികമായ രേഖകളുടെ പിൻബലമില്ലാത്തതിനാൽ ഈ മറുപടി സ്വീകരിക്കാൻ നിർവാഹമില്ല.

ആയതിനാൽ ഡ്രൈനേജ് ബെഡ് കോൺക്രീറ്റ് ഇനത്തിൽ അധികം നൽകിയ 44027 രൂപ നിർവഹണോദ്യോഗസ്ഥനായ നഗരസഭാ എഞ്ചിനീയറിൽ നിന്നും അളവുകൾ പരിശോധിച്ച അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കണം.

## 3-2 ഡ്രൈനേജ് ഡിമോളിഷൻ - അധിക നിരക്ക് നൽകി- 58697/- രൂപ നഷ്ടം

നഗരസഭാ എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച പ്രവൃത്തികളുടെ ഭാഗമായി നിലവിലുള്ള ഡ്രൈനേജിന്റെ സൈഡ് വാൾ, സ്ലാബ് എന്നിവ പൊളിച്ച് നീക്കിയതിന് തെറ്റായ ഡാറ്റ പ്രകാരമുള്ള നിരക്ക് നൽകിയത് വഴി 58697/- രൂപയുടെ അധിക ചെലവ് ഉണ്ടായി.

ഡ്രൈനേജിന്റെ സൈഡ് വാൾ, സ്ലാബ് എന്നിവ പൊളിച്ച് നീക്കിയതിന് DSR കോഡ് പ്രകാരമുള്ള ഡാറ്റ ഉപയോഗിച്ച് തയ്യാറാക്കിയ ഒബ്സർവ്ഡ് ഡാറ്റ ആണ് ഉപയോഗിച്ചിട്ടുള്ളത്. എന്നാൽ റോഡ്, ഡ്രൈനേജ്, അനുബന്ധ പ്രവൃത്തികളെല്ലാം മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമാണ് നിർവ്വഹിക്കേണ്ടത്. ഡ്രൈനേജിന്റെ സൈഡ് വാൾ, സ്ലാബ് എന്നിവ പൊളിച്ച് നീക്കുന്നതിന് മോർഡ് സ്പെസിഫിക്കേഷനിൽ പ്രത്യേക നിരക്ക് ഉള്ളതുമാണ്. സിമന്റ് കോൺക്രീറ്റിലുള്ള സൈഡ് വാൾ പൊളിച്ച് നീക്കുന്നതിന് മോർഡ് സ്പെസിഫിക്കേഷൻ കോഡ് 2.5.2A പ്രകാരമുള്ള 523.14/ $M^3$ നിരക്കും, റീ ഇൻഫോഴ്സ്ഡ് സിമന്റ് കോൺക്രീറ്റിലുള്ള സ്ലാബ് പൊളിച്ച് നീക്കുന്നതിന് മോർഡ് സ്പെസിഫിക്കേഷൻ കോഡ് 2.5.2 B പ്രകാരമുള്ള 977.03/$m^3$ നിരക്കുമാണ് നൽകേണ്ടിയിരുന്നത്. ഈ എസ്റ്റിമേറ്റ് പ്രകാരമുള്ള മറ്റ് ഇനങ്ങളെല്ലാം നിർവ്വഹിച്ചത് മോർഡ് സ്പെസിഫിക്കേഷൻ ഡാറ്റ പ്രകാരമാണ്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | ഇനം അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം 12% GST അടക്കം |
|---|---|---|---|---|---|
| 1 | S0266/22- കുട്ടാട് റോഡ് ഡ്രൈനേജ് നിർമാണം<br>അടങ്കൽ- 684837/-<br>(ധ.കാ.ഗ്രാ)<br>ചെലവ്- 573463<br>659/19.03.2022<br>കരാർ 22/08.10.2021<br>കോൺട്രാക്ടർ ശ്രീ മുഹമ്മദ് ഇക്ബാൽ<br>അളവ് പുസ്തകം | ഇനം 7 07 ഡിമോളിഷിങ് സിമന്റ് കോൺക്രീറ്റ്<br>2.95m3 | 4015.75/-<br>@1361.27<br>(എസ്റ്റിമേറ്റ് നിരക്ക് 1361.27/m3)<br>(അളവ് പുസ്തകം 60/21-22 പേജ്.35 | 1543.26/-<br>@ 523.14/ $M^3$ എസ്റ്റിമേറ്റ് പ്രകാരം നിരക്ക് 523.14/ $M^3$ | 2769/-<br>(2472+ 296.64) |

| | | | | | |
|---|---|---|---|---|---|
| | 60/21-22 | | | | |
| | ഇൻഡക്സ് 31.06% | - | - | - | |
| 2 | 373/21-22<br>കടപ്പുറം- മുല്ല റോഡ് ഡ്രൈനേജ് പുനരുദ്ധാരണം<br>അടങ്കൽ- 500000<br>(ധ.കാ.ഗ്രാ)<br>ചെലവ്- 424966/-<br>ബിൽ 803/31.3.2022<br>എസ്റ്റിമേറ്റ് നിരക്ക്<br>കരാർ 27/ 21-22 Dated 08.10.21<br>കോൺട്രാക്ടർ ശ്രീ കെ.വി ഫിറോസ്<br>അളവ് പുസ്തകം110/21-22<br>കോസ്റ്റ് ഇൻഡക്സ്- 31.06% | ഡിമോളിഷിങ് സിമന്റ് കോൺക്രീറ്റ് 8.04.m3 | 10944.61<br>@1361.27/m3<br>എസ്റ്റിമേറ്റ് നിരക്ക്<br>1361.27/m3<br>(അളവു പുസ്തകം110/21-22 പേജ് നം27) | 4206.05<br>@ 523.14/ M3<br>(അനുവദിക്കാവുന്ന നിരക്ക് 523.14/ M3 ) | 7548/-<br>(6739 +808.68) |
| | ഇൻഡക്സ് 31.06% | | | | |
| 3 | 66 കോളനി പിൻവശം ഡ്രൈനേജ് പുനർ നിർമാണം<br>അടങ്കൽ- 1300000/-<br>(ധ.കാ.ഗ്രാ)<br>ചെലവ്-1276206<br>ബിൽ. 671/21.03.22<br>കരാർ 25/21-22 Dated.08.10.21<br>കോൺട്രാക്ടർ ശ്രീ ഫിറോസ്. കെ.വി.<br>അളവ് പുസ്തകം 59/21-22 | ഇനം.1<br>ഡിമോളിഷിങ് റി- ഇൻഫോഴ്സ്ഡ് സിമന്റ് കോൺക്രീറ്റ് Slab 31.20 | 42471.62/-<br>@1361.27<br>(MB No.59/21-22 പേജ്.നം.38)<br>എസ്റ്റിമേറ്റ് നിരക്ക്<br>@1361.27 | 30483.34/-<br>@977.03 /$M^3$<br>അനുവദിക്കാവുന്ന നിരക്ക്<br>977.03 /M3 | 13428<br>(11988+ 1438.56) |

| | | | | | |
|---|---|---|---|---|---|
| | കോസ്റ്റ് ഇൻഡക്സ് 31.06% | | | | |
| 4 | SO409/22<br>തോട്ടത്താഴം റോഡ് ഡ്രൈനേജ് നിർമാണം<br>അടങ്കൽ-1087106/-<br>ചെലവ്-1077224 ബിൽ നം. 726/24.03.2022 കരാറുകാരൻ- ശ്രീ ഷാലു ടി.വി കരാർ-134/2021-22 Dated-13.02.2022<br>കോസ്റ്റ് ഇൻഡക്സ് 31.06%<br>അളവുപുസ്തകം നം63/21-22 | ഇനം.1 ഡിമോളിഷിങ് സിമന്റ് കോൺക്രീറ്റ് 27.46m3 | 40744.6<br>@1483.78/m3<br>(9% ടെണ്ടർ അധികം)<br>എസ്റ്റിമേറ്റ് നിരക്ക്<br>(1361.27/m3) അളവുപുസ്തകം നം63/21-22 പേജ്.നം. 48 | 15658.24/-<br>@570.22/m3<br>(നൽകാവുന്ന നിരക്കിനേക്കാൾ 9% അധികം<br>(നൽകാവുന്ന നിരക്ക്-523.14/m3) | 28096/-<br>(25086 +3010.32) |
| 5 | SO 406/22<br>വണ്ടിപ്പേട്ട പ്ലാസ റോഡ് ഡ്രൈൻ-കം ഫുട്പാത്ത്<br>അടങ്കൽ-500000/-<br>( ധ.കാ. ഗ്രാ)<br>74726.03.2023<br>കരാറുകാരൻ- ശ്രീ. പി.ടി അബ്ദുൽ സത്താർ<br>കരാർ-1322021-22 Dtd.13.02.2022<br>അളവ് പുസ്തകം 91/21-22<br>ഇൻഡക്സ് 31.06% | ഡിമോളിഷൻ ഓഫ് സിമെന്റ് കോൺക്രീറ്റ് 6.70m3 | 9941.35<br>6.70m3 @1483.78<br>എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 9% അധികം<br>(എസ്റ്റിമേറ്റ് നിരക്ക് 1361.27/എം3) | 3820.47<br>@ 570.22/ M3<br>(നൽകാവുന്ന നിരക്കിനേക്കാൾ 9%അധികം )<br>(നൽകാവുന്ന നിരക്ക് 523.14/ M3) | 6856/-<br>(6121+ 734.52 |
| ആകെ നഷ്ടം | | | | | 58697/- |

ഡ്രൈനേജ് പൊളിച്ചുമാറ്റുന്നതിന് അധികം നിരക്ക് നൽകിയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നമ്പർ 0702.03.2023 ) മറുപടി സമർപ്പിച്ചില്ല. ആയതിനാൽ ഈയിനത്തിൽ നഷ്ടം വന്ന 58697/- രൂപ നിർവഹണോദ്യോഗസ്ഥനായ നഗരസഭാ എഞ്ചിനീയറിൽ നിന്നും, അളവു പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കണം

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കറ്റ് കണക്കുകൾ പരിശോധിച്ച തിയ്യതി | സർട്ടിഫിക്കറ്റ് നമ്പറും തിയ്യതിയും |
|---|---|---|
| 2021-22 | 2021-22 വർഷത്തെ ഓഡിറ്റ് വേളയിൽ വാർഷിക ധനകാര്യപത്രിക പരിശോധിച്ചു. | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി |

### 4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരം

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ /ബിൽ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| KWA | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | PFMS CO32260192872/ 23.3.22-5,60,000 PFMS CO32290357480/ 30.3.22- 9,40,000 | 15,00,000 | 0 | ലഭ്യമല്ല | 15,00,000 |

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

### 4-5 വായ്പ /വായ്പ തിരിച്ചടവ്

ഇല്ല

### 4-6 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 47980509 |
| തൻവർഷം നിക്ഷേപിച്ച തുക | 16996098 |
| ആകെ | 64976607 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 64976607 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം. |
|---|---|---|
| സ്വയം വർധിനി നിക്ഷേപം | 8949169 | 020102020210466 |
| | 8949169 | 020102020210465 |
| | 8949169 | 020102020210468 |
| | 7408192 | 020102020210463 |
| | 7428396 | 020102020210464 |
| | 8141236 | 020102020210467 |
| | 3562362 | 020102020211026 |
| | 11088914 | 020102020210892 |
| Clean Kerala Company Share | 500000 | വിവരങ്ങൾ ലഭ്യമല്ല |
| | 64976607 | |

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതി നമ്പർ /തിയ്യതി |
|---|---|---|---|---|
| 2010-2011<br>2011-2012 | | 144/- | ചീഫ് മെഡിക്കൽ ഓഫീസർ ഗവ.ആയുർവ്വേദ ആശുപത്രി,പൊന്നാനി | 121050101571<br>Dtd 21.06.2021 |
| 2018-19 | 3-9 | 5792/- | ശ്രീ ഷാനവാസ്<br>അസിസ്റ്റന്റ് എഞ്ചിനിയർ | 121051100254<br>Dtd 18.01.2022 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

നഗരസഭയിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 37(1),43,47<br>49,62,65,79,<br>74,84,82 | 2001-02 | - | മൈത്രി ഭവന നിർമാണം വിനിയോഗ വിവരമില്ല | നടപടികൾ തുടരുന്നു |
| 1998-99 | 3-9,3-24, | 2006-07 | -- | ലഘു അവലോ കനങ്ങൾ | നടപടികൾ തുടരുന്നു |
| 1998-99 | 3-7,3-9 | 2006-07 | | 3-7മൈത്രി ഭവന നിർമാണം വിനിയോഗ വിവരമില്ല.<br>3-9- പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി സബ്സിഡി നല്കി. | |
| 1999-2000 | 3-53, 3-71,<br>3-28, 3-69, 3-34,<br>3-43, 3-56, 3-54,<br>3-55 | 2006-07 | - | 3-53- യു.പി.എ. ഫണ്ടിലേക്ക് പദ്ധതി വിഹിതം വകമാറ്റി<br>3-71- വിവിധ പദ്ധതികൾക്കായി വകയിരുത്തിയ തുക സ്ഥിര നിക്ഷേപമാ ക്കി.<br>3-28, 3-69 മൊബിലൈസേഷൻ അഡ്വാൻസ് തിരിച്ചു പിടിച്ചില്ല.<br>3-34-പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി സബ്സിഡി നല്കി.<br>3-43-രാസവളത്തിന് മാത്രമായി പദ്ധതി.<br>3-54-K.U.D.F.Cയ്ക്ക് വായ്പ തിരിച്ചടവ് പദ്ധതി വിഹിതം വിനിയോഗിച്ചു.<br>3-55-N.S.D.P ഭവന പദ്ധതി വായ്പ തിരിച്ചടവ് വിവരം ലഭ്യമല്ല.<br>3-56-S.J.S.R.Y. ഫണ്ടിൽ നിന്ന് സ്കൂട്ടർ അഡ്വാൻസ് | നടപടികൾ തുടരുന്നു |
| 2000-01 | - | - 2012-13 | | രേഖകൾ ഹാജരാക്കിയില്ല, 1558598 രൂപ<br><br>പരസ്യ നികുതി<br>ലഘു അവലോകനം | നടപടികൾ തുടരുന്നു |
| 2008-09<br>2009-10<br>2010-11<br>2011-12 | 3-5<br>3-25 | 2013-14 | | ലഘു അവലോകനം<br>(Procurement Manual) | നടപടികൾ തുടരുന്നു |
| 2012-13 | 3-2<br>3-1 | 2014-15 | - | 3-2 – നിഷ്ക്രിയാസ്തികൾ അവലോകനം<br><br>3-1 – മണൽ വാരൽ | നടപടികൾ തുടരുന്നു |

| | | | | അവലോകനം | |
|---|---|---|---|---|---|

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം

എ) ചാർജ് നടപടികൾ വഴി തുക ഈടാക്കിയ /ഈടാക്കുവാൻ അവശേഷിക്കുന്ന തുക

ഇല്ല

ബി )സർചാർജ് നടപടി വഴി ഈടാക്കുവാൻ അവശേഷിക്കുന്ന തുക

സർചാർജ് നടപടികളുടെ വിവരം

| ക്ര നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നംപർ | ഉത്തരവാദിയായ വ്യക്തി | സർചാർജ് സർട്ടിഫിക്കറ്റ് | | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| | | | | നംപർ/തീയതി | തുക | |
| 1 | 2000-01 | 2-32(1),2-36(1),2(37) | ശ്രീ.പി.ജി.ഗോപി, സെക്രട്ടറി | LF 7205/spl Cell/sc5/08dt 16.7.09/20.7.09 | 39258 | ഈടാക്കിയിട്ടില്ല (ഒ.പി.എൽ.എഫ്.54/2011 ജില്ലാ കോടതി-കേരള ഹൈക്കോടതിയിൽ അപ്പീൽ നടപടികൾ സ്വീകരിക്കുന്നു.) |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ)സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 425921441 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 395124092 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം ഓഡിറ്റിൽ/അംഗീകരിക്കാത്ത തുക | 102724 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 20484996/- |

ബി)നഗരസഭ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ്ജ് | സർചാർജ്ജ് | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപേരും |
|---|---|---|---|
| 3-1 | | 44027 | ശ്രീ.സുജിത്ത് ഗോപിനാഥ്,അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | | 58697 | ശ്രീ.സുജിത്ത് ഗോപിനാഥ്,അസിസ്റ്റന്റ് എഞ്ചിനീയർ |
| | ആകെ | 102724 | |

സി)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപേരും |
|---|---|---|
| 1-22 | 950013/- | ശ്രീ.അഷറഫ്.ഇ ,പ്രിൻസിപ്പാൾ |
| 1-25 | 702099/- | ശ്രീ.അഷറഫ്.ഇ ,പ്രിൻസിപ്പാൾ |
| 1-27 | 744445/- | ശ്രീ.സ്വാമിനാഥൻ എം ,ഹെൽത്ത് ഓഫീസർ |
| 1-30 | 170328 | ശ്രീ.ശ്രീജേഷ്.കെ ,ഫിഷറീസ് സബ് ഇൻസ്പെക്ടർ |
| 1-36 | 1468616 | ശ്രീ.സുജിത്ത് ഗോപിനാഥ്,അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-37 | 14927495/- | ശ്രീ.സുജിത്ത് ഗോപിനാഥ്, അസിസ്റ്റന്റ് എഞ്ചിനീയർ |

| | | |
|---|---|---|
| 1-43 | 1500000 | ശ്രീ.അരുൺ.കെ.എസ്,സെക്രട്ടറി |
| 1-45 | 22000 | ശ്രീ.എൻ.കെ.ഹരീഷ്,സെക്രട്ടറി |
| ആകെ | 20484996/- | |

ഡി)കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടം

ഇല്ല

ഇ) നഷ്ടംനിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

എഫ് )റിപ്പോർട്ടിൽ പ്രദിപാദിച്ചിരിക്കുന്നനഷ്ടത്തിന് /തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സുജിത്ത്ഗോപിനാഥ് അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ,വടക്കാഞ്ചേരി നഗരസഭ | ശ്രുശാന്തി,ഹരിനഗർ,പൂങ്കുന്നം തൃശ്ശൂർ-2,പിൻ: 680002 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 87-88,88-89 | എൽ.എഫ്.എം5//97 തിയ്യതി 26-3-99 | 8 |
| 89-90,90-91 | എൽ.എഫ്.എം6/1601/99 തിയ്യതി 05-9-00 | 1 |
| 1997-98 (ചെലവ്) | എൽ.എഫ്.എം.25/1918/(17)/05-12-2014 | 77 |
| 1997-98 വരവ് | എൽ.എഫ്.എം.25/1918/(18)/05-12-2014 | 11 |
| 1998-99 | എൽ.എഫ്.എം.25/1918/(19)/05-12-2014 | 36 |
| 1999-2000 | എൽ.എഫ്.എം.4/646/05/16-06-2006 | 60 |
| 2000-01 (ചെലവ്) | എൽ.എഫ്.എം.4/1123/05/15-03-2006 | 49 |
| 2001-02 (ചെലവ്) | എൽ.എഫ്.എം.18/2142/07/07/06/2008 | 17 |
| 2002-03 (ചെലവ്) | എൽ.എഫ്.എം.18/2143/07/07/06/2008 | 18 |
| 2003-04(ചെലവ്) | എൽ.എഫ്.എം.18/2151/07/29-08-08 | 12 |
| 2004-05 (ചെലവ്) | എൽ.എഫ്.എം.18/2152/07/21-05-08 | 17 |
| 2005-2006(ചെലവ്) | എൽ.എഫ്.എം21/2165/09 തിയ്യതി 5-3-12 | 11 |
| 2006-07 | എൽ.എഫ്.എം21/2166/09 തിയ്യതി 5-3-12 | 16 |
| 2007-08 | എൽ.എഫ്.എം21/2167/09 തിയ്യതി 6-3-12 | 41 |
| 2008-09,2009-10 2010-11 | എൽ.എഫ്.എം21/37/13 തിയ്യതി 30-3-13/7-6-13 | 39 |
| 2011-12 | എൽ.എഫ്.എം21/424/2014 തിയ്യതി 8-5-14/2-6-14 | 30 |
| 2012-13 | എൽ.എഫ്.എം25/3390/2014 തിയ്യതി 4.2.2015 | 17 |
| 2013-14,2014-15 | കെ.എസ്.എ-എം.പി.എം.21/2104/2016 | 31 |

| | | |
|---|---|---|
| 2015-16 | നം.കെ.എസ്.എ.എം.പി.എം.21/248/2017 തീയതി 10/02/2017 | 41 |
| 2016-17 | നം.കെ.എസ്.എ.എം.പി.എം.21/2452/2017 തീയതി 30/11/2017 | 30 |
| 2017-18 | കെ.എസ്.എ.എം.പി.എം.21/2867/2018 തിയ്യതി.29-01-2019 | 67 |
| 2018-19 | കെ.എസ്.എ.എം.പി.എം.21/1494/2020 തിയ്യതി.21.10.2021 | 29 |
| 2019-20 | കെ.എസ്.എ.എം.പി.എം.21/1706/2022 തിയ്യതി 7/11/2022 | 18 |
| 2020-21 | കെ.എസ്.എ.എം.പി.എം.21/1707/2022 തിയ്യതി 8/11/2022 | 43 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം

എം.എ.3/2023

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ പൊന്നാനി മുനിസിപ്പാലിറ്റിയുടെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ പൊന്നാനി മുനിസിപ്പാലിറ്റിയുടെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്